ദേവഗീത

പാലാഴിക്കരയിൽ, സ്വയംവരരസം പൂണ്ടന്നു നീ നില്ക്കവേ
ബാലേ, നിന്നെ ലഭിച്ചിടാഞ്ഞു ഗിരിജാനാഥൻ കടിച്ചൂ വിഷം
ഖലിൽ പൂർവ്വകഥാപ്രസംഗമിതിനാലന്യാംവൃഥത്തായ്, കര-
ല രാധികതൻ കുചങ്ങൾ തഴുകം ദേവൻ തുണച്ചീടണം!

ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

ദേവഗീത

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ദേവഗീത

[ശ്രീജയദേവകൃതമായ ഗീതഗോവിന്ദത്തിന്റെ
സ്വതന്ത്രപരിഭാഷ]

പരിഭാഷകൻ:

ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.

ഇടപ്പള്ളി.

പ്രസാധകന്മാർ:

മംഗളോദയം ലിമിററഡ്,

തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

First Impression
in Vrischigom 1121
(1000 Copies)

All rights
Strictly reserved and kept by
MRS. SREE DEVI CHANGAMPUZHA
"SREE DEVI MANDIRAM"
EDAPPALLY
(N. TRAVANCORE)

Price
RUPEES TWO

Printed at
THE MANGALODAYAM PRESS
TRICHUR

Digitized By Kerala Sahitya Akademi

മുഖവുര

സാഹിതീസേവകന്മാരിൽ സംസ്കൃതാനഭിജ്ഞനായ ഒരാളെ, കവി എന്നതു പോകട്ടെ, സാഹിത്യകാരൻ എന്നുപോലും വിളിക്കാമോ എന്നു കേരളം സംശയിച്ചുകൊണ്ടിരുന്ന ഒരു കാലം ഉണ്ടായിരുന്നു. അടുത്ത കാലത്തു് ആ മനോഭാവത്തിനു വലിയ മാററം വന്നിട്ടുണ്ടു്. സംസ്കൃതത്തിൻെറ പടിവാതില്ക്കൽപ്പോലും കാൽകുത്തിയിട്ടില്ലാത്ത പല നല്ല സാഹിത്യകാരന്മാരേയും സൃഷ്ടിക്കുവാൻ പാവപ്പെട്ട മലയാളത്തിനു സാധിച്ചു. അതു് അത്ര നിസ്സാരമാക്കി തള്ളിക്കളയാവുന്ന ഒരു സംഗതിയാണെന്നു പറഞ്ഞുകൂടാ. അവരുടെ സാഹിത്യസംരംഭങ്ങൾ കാവ്യമീമാംസാതത്വങ്ങളുടേയും വ്യാകരണനിയമങ്ങളുടേയും അസൂയനിറഞ്ഞ തുറിച്ചുനോട്ടങ്ങളെ അവഗണിച്ചുകൊണ്ടു കമനീയമായ കലോത്സവത്തിനു് അഭിമാനപൂർവ്വം രംഗമൊരുക്കി. പാണ്ഡിത്യഗർവ്വം പല്ലിറുമ്മിയിട്ടും അതു വകവെയ്ക്കാതെ കേരളീയസഹൃദയത്വം അഭിനവവും ചിരപ്രാർത്ഥിതവുമായ ഒരാസ്വാദനാവേശത്തിനധീനമായി അവരുടെ കലാകേളികളെ സഹർഷം സ്വാഗതംചെയ്തു. അവതാരകനും അനുവാചകനും തമ്മിലുള്ള ഈ അഭിരുചിപ്പൊരുത്തം നൂതനമായ പല കലാസൃഷ്ടികൾക്കും കേരളത്തിൽ വഴിതെളിയിക്കയുണ്ടായി.

ഇങ്ങനെയെല്ലാമാണെങ്കിലും സംസ്കൃതം തൊട്ടുതേച്ചിട്ടില്ലാത്ത ഒരു മനുഷ്യൻ ആ മഹാഭാഷയിലെ അദ്വിതീയമെന്നു ഘോഷിക്കപ്പെടുന്ന ഒരു കാവ്യഗ്രന്ഥം, വിവർത്തനം ചെയ്യാനൊരുമ്പെട്ടാൽ, ആത്മവിശ്വാസത്തിൻെറ പേരിൽ അയാൾ എത്രതന്നെ വാദിച്ചാലും ശരി, സംസ്കൃതപക്ഷപാതികൾ ഇന്നും അയാളെ വെറുതേ വിടുമോ എന്നു സംശയ

Digitized By Kerala Sahitya Akademi

മാണ്. ചില സ്ഥാപിതതാൽപര്യങ്ങളുടെ സേവയ്ക്കുവേണ്ടി ആത്മവഞ്ചന ചെയ്യാതെ, ഉള്ളിൽത്തോന്നുന്ന അഭിപ്രായം ഉച്ചത്തിൽ വിളിച്ചുപറയുന്നതുപോലും 'ധിക്കാര'മായി വ്യാഖ്യാനിക്കുകയും, അതിൻെറ നേരേ കലിയെടുത്തു ചീറുകയും ചെയ്യുന്ന ഒരന്തരിക്ഷത്തിൽ ഇത്തരത്തിലുള്ള ഒരു സാഹസം ക്ഷമിക്കപ്പെടുമെന്നു വിശ്വസിക്കുവാൻ വിഷമം തോന്നുന്നു. ഏതായാലും, 'പലതും സഹിച്ചുപോരുന്ന' ഇന്നത്തെ മലയാളം ഇതുമാത്രം സഹിക്കാതെ ഞാൻ ശിക്ഷാർഹനാണെന്നു വിധികല്പിക്കുകയാണെങ്കിൽ, മനഃപൂർവ്വം ചെയ്യുന്ന ഈ അപരാധത്തിന് എന്തു ശിക്ഷയും സഹർഷം സ്വീകരിക്കുവാൻ ഞാൻ സന്നദ്ധനാണെന്നു തുറന്നു പറഞ്ഞുകൊള്ളട്ടെ.

ആദ്യമായി ഈ വിവർത്തനത്തിന് എന്നെ പ്രേരിപ്പിച്ച ചില കാര്യങ്ങളെക്കുറിച്ച് എനിക്കല്പം ചിലതു സൂചിപ്പിക്കുവാനുണ്ട്. 1120_ധനുമാസത്തിലാണ് 'ഗീതഗോവിന്ദം' മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്യണമെന്ന് എനിക്കു തോന്നിയതു്. സംഭോഗശൃംഗാരം അതിൻെറ പരമോച്ചനിലയെ പ്രാപിച്ചിട്ടുള്ള കാവ്യങ്ങളിൽ പ്രഥമഗണനീയമാണ് ഈ കൃതി. ഇതിലെ അംഗിയായ രസം കലയുടെ ചെത്തിമിനുക്കലും നിറം പൂശലുമൊന്നും കൂടാതെ അസംസ്കൃതരൂപത്തിൽത്തന്നെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതാണ് വെൺമണിക്കൃതികൾ. ചിരകാലമായി കേരളത്തിൽ നിലനിന്നുപോന്ന ആ ശൃംഗാരാധിഷ്ഠിതമായ—വെറും വൈഷയികമായ—കാവ്യാത്മകപാരമ്പര്യം വെണ്മണിയിൽ അവസാനിച്ചു എന്നും, ഏറെക്കാലംകൂടി അടിച്ചമർക്കപ്പെട്ട ആ അവഹേളനാർഹമായ ദുർവ്വാസന വീണ്ടും തലയുയർത്തിയതു് എന്നിൽക്കൂടിയാണെന്നും ഒരഭിപ്രായം പൊതുവെ പരന്നിട്ടുണ്ട്. അതിനെ ആധാരമാക്കിയുള്ള പരസ്യമായ ആക്ഷേപങ്ങൾ ഒട്ടേറെ ഞാൻ അഭിമുഖീകരിച്ചിട്ടുമുണ്ട്. വെണ്മണിയെത്തുടന്നു, 'മങ്കത്തയ്യിനെ മഞ്ജുവാക്കുകൾ പറഞ്ഞൊട്ടൊട്ടുടപ്പി

ച്ചു'' ആ 'തങ്കപ്പട്ടറവുക്കതൻ റാടുവിലായ് കൈയൊന്നു'വെ ശ്ശൂലും 'തങ്കൽത്തീപ്പൊരി വീണപോലെ തരസാ തട്ടിപ്പിട' ഞ്ഞേതൽക്കലും, 'മാരൻവിട്ട ശരംകണക്കതിജവാൽ' പാഞ്ഞെ ത്തലും, 'നേരം ചെററുകവിഞ്ഞതെററിനു'' 'പൊൻകാപ്പ ണിക്കൈകളാൽ സൈ്വരം കെട്ടിവരിഞ്ഞു'നിത്തലും, 'വികസദ്രോമാഞ്ചമാം നെഞ്ചിലാ നീരന്ധ്രോച്ചകുചങ്ങളാൽ ചിരതരം'മട്ടിക്കലും, അതിൻെറ മാദകലഹരിയിൽ മുഴുകിച്ചേരലും, 'ചെറുനാരങ്ങയെ സ്വച്ഛമാംകരതാരാൽ മട്ടിച്ചു'കൊണ്ടു 'സാകൂതസ്മിതനായി' 'ഉൽക്കമ്പത്താലാകുല'മായ മാറത്തു 'തെളിനോട്ട'മാഴ്ത്തലും,മററുംഇന്നു ജീവിച്ചിരിക്കുന്ന പല മഹാകവികളിലും യുവകവികളിലുംക്കൂടി കടന്നു വന്നു ഇങ്ങേ അററത്തെ കരുത്തററകണ്ണിയായ എന്നിലും സ്ഥാനം പിടിച്ചിട്ടുണ്ടെന്നല്ലാതെ സദാചാരസൌധങ്ങളുടെ അടിത്തറ പൊളിക്കുന്ന ആഗ്നേയപിണ്ഡങ്ങളൊന്നും ഞാൻ വഷിച്ചിട്ടുള്ളതായി എനിക്കറിവില്ല. ഇതിനെസ്സംബന്ധിച്ച മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഞാനും മറെറാരു സഹൃദയനും തമ്മിൽ ഉണ്ടായ വാദകോലാഹലങ്ങളാണു 'ഗീതഗോവിന്ദം' വിവത്തനം ചെയ്യുന്നതിൽ എനിക്കു പ്രേരകമായിത്തീന്നതു്

ഇന്നത്തെ ചില റിയലിസ്റ്റ്സാഹിത്യകാരന്മാർ 'വ്യഭിചാര'ത്തെ വിഷയമാക്കി കഥകളും നോവലുകളും മററും എഴുതുന്നതിൽ യാഥാസ്ഥിതിക നിരൂപകന്മാർ കണക്കിലേറെ അരിശംകൊള്ളുന്നതായിക്കാണാം. ഉപജീവനത്തിനു മറെറാരു മാഗ്ഗവുമില്ലാതെ, ഉദരത്തിൻെറ ആഹ്വാനത്തിൽ മനസ്സാക്ഷിയുടെ ധാമ്മികചോദനത്തെ അവഗണിച്ചുകൊണ്ടു സ്വശരീരത്തെ വില്ക്കുവാൻ ദയനീയമാംവിധം നിബ്ബന്ധിതയായിത്തീരുന്ന ഒരു പാവപ്പെട്ട വേശ്യയുടെ ചിത്രീകരണം അക്കൂട്ടരെ ക്ഷോഭിപ്പിക്കുന്നു. എന്നാൽ ഭത്തൃമതികളായ ഗോപസ്ത്രീകൾ ശ്രീകൃഷ്ണൻെറ അംഗലാവണ്യത്തിലും കലാസിദ്ധിയിലും ഭ്രമിച്ച സ്വകാന്തന്മാരെ കൈവെടിഞ്ഞു കാമാ

Digitized By Kerala Sahitya Akademi

വേശത്താൽ വ്യഭിചാരസന്നദ്ധകളായിവന്ന മദനോത്സവം കൊണ്ടാടുന്നതായി ചിത്രീകരിക്കപ്പെടുമ്പോൾ ഭക്തിപാരവശ്യത്താൽ അവർ കൈകൂപ്പുകയും ചെയ്യുന്നു. ഈ വിരുദ്ധ സ്വഭാവം എനിക്കു പലപ്പോഴും വിചിത്രമായിത്തോന്നാറുണ്ട്. അക്കൂട്ടരുടെ സമാധാനം ആ നായികമാർ ഗോപസ്ത്രീകളല്ല ജീവാത്മാക്കളാണെന്നാണ്; അവരെ വഴിപിഴപ്പിച്ചു സ്വേച്ഛാവൃത്തി നിർവ്വിഘ്നം നിർവ്വഹിക്കുന്ന നായകൻ ശ്രീകൃഷ്ണനല്ല, പരമാത്മാവാണെന്നാണ്. എല്ലാം ഒരു പരമവേദാന്തത്തിന്റെ സുന്ദരചിഹ്നങ്ങൾ മാത്രമാണത്രേ. ആയിരിക്കാം; അല്ലെന്നു് എനിക്കു വാദമില്ല. പക്ഷേ ജീവാത്മാവും പരമാത്മാവും തമ്മിൽ ആഘോഷിക്കപ്പെടുന്ന സുരതോത്സവവും, വേശ്യയും വിടനും തമ്മിൽ ചെയ്യുന്ന ലൈംഗികകർമ്മവും—ആരാതേ, അവ രണ്ടും യഥാർത്ഥത്തിൽ ഒന്നുതന്നെയല്ലേ എന്നാണു് എന്റെ ചോദ്യം. ഒന്നു യഥേഷ്ടം വർണ്ണിക്കപ്പെടാമെന്നും മറ്റൊന്നു നിശ്ശങ്കം പരിത്യജിക്കപ്പെടണമെന്നും പറയുന്നതിന്റെ മൗലികമായ തത്വം ഇന്നും എനിക്കു മനസ്സിലാകുന്നില്ല. ഒരു സഹൃദയൻ എന്റെ ഈ സംശയം പത്രദ്വാരാ ഒരിക്കൽ ദൂരീകരിക്കാൻ ശ്രമിച്ചു. അദ്ദേഹം പറയുന്നതു് ആദ്യം ഞാൻ പ്രസ്താവിച്ചിട്ടുള്ള സംഗതികൾ പുരാണങ്ങളാണു്, അവയ്ക്കു പുരാണത്തിന്റെ 'മറ'യുണ്ടു് എന്നെല്ലാമാണു്. ഈ പ്രസ്താവത്തിൽ യുക്തിയുടെ ഒരംശംപോലും ഞാൻ കാണുന്നില്ല. ഒരാൾ നഗ്നനായി തെരുവീഥിയിൽക്കൂടി നടന്നുപോകുന്നതെന്തെന്നു ചോദിക്കുമ്പോൾ, ആ നഗ്നതയ്ക്കു് അന്തരിക്ഷത്തിന്റെ 'മറ'യുണ്ടു് എന്നു പറയുന്നതുപോലെ മാത്രമേ ആ സമാധാനം തൃപ്തികരമാകുന്നുള്ളൂ.

മേൽപ്രസ്താവിച്ച രീതിയിൽ പുരാണത്തിന്റെ 'മറ'യുള്ള ആയിരം പൂരപ്രബന്ധങ്ങൾ നമുക്കുണ്ടു്. അവയെല്ലാം നമുക്കു തത്വഭണ്ഡാഗാരങ്ങളാണു്. അവയെ നാം വാനോളം വാഴ്ത്തി സ്തുതിക്കുന്നു. ഭർത്തൃപുത്രനെ മൃഗമാക്കാൻ പണി

Digitized By Kerala Sahitya Akademi

പ്പെട്ട പരാജയപ്പെടുകയും ആ പരാജയത്തിൻെറ പൈശാചികമായ പ്രതികാരാവേശത്താൽ ധമ്മബോധത്തിൻെറ ശിരസ്സിൽ ശാപകീലം തറയ്ക്കുകയും ചെയ്യുന്ന സ്വർഗ്ഗത്തിലെ തേവിടിശ്ശികളെ—പുരാണത്തിൻെറ 'മറ'യ്ക്കു പിന്നിൽ മദിച്ചു പുളയ്ക്കുന്ന പുംശ്ചലികളെ—പൂവിട്ടു പൂജിക്കുന്ന നമുക്കു, വിധിയുടെ കൈയിൽ കളിപ്പന്തായിച്ചമഞ്ഞ ഈഡിപ്പസ് രാജാവിനെ കാണുമ്പോൾ അവജ്ഞയാണു് തോന്നുന്നതെന്നു പറഞ്ഞാൽ അതു വെറും അസംബന്ധപ്രലപനത്തിൻെറ പര്യായമായി പരിഗണിക്കുവാനേ എനിക്കു നിവൃത്തിയുള്ളു. ഗുരുപത്നിയെ തട്ടിയെടുത്തുകൊണ്ടുപോയ ശിഷ്യപ്രമുഖന്മാരും, സപത്നി മധുവിധുവെല്ലാം കഴിഞ്ഞു ശിഷ്യനിൽനിന്നു സമാജ്ജിച്ച സന്താനസമ്പത്തുമായിത്തിരിച്ചെത്തുമ്പോൾ ഒരു 'പുളിച്ച ചിരി' ചിരിച്ചുകൊണ്ടു വീണ്ടും സ്വാഗതം ചെയ്യുന്ന ചുണകെട്ട ഗുരുപ്രവരന്മാരും നമ്മുടെ പുരാണത്തിൻെറ മറയിൽ ഇന്നും അങ്ങനെ നിർബ്ബാധം കഴിഞ്ഞുകൂടുന്നു. അവർ നമ്മുടെ സദാചാരബോധത്തെ അല്പംപോലും ചതച്ചിട്ടില്ല. ശന്തനുവിൻെറ ആശ്രമത്തിൽ വന്ന സൃഷ്ടികർത്താവായ ബ്രഹ്മാവിനു്, അമോഘയെ കണ്ട മാത്രയിൽ ശുക്ലം സ്രവിച്ചു. ആ സാദ്ധ്വിക്കു ഭർത്താവിൻെറ നിർബ്ബന്ധത്താൽ അതു പാനം ചെയ്യേണ്ടിവന്നു (പത്മപുരാണം—(Pages 1802—4) അതേ; ഇങ്ങനെ പുരാണത്തിൻെറ മറയിൽ ദേവോചിതങ്ങളായ എത്രയെത്ര പരാക്രമങ്ങൾ പതിയിരിക്കുന്നു! അതിലൊന്നും നമുക്കു പരാതിയില്ല. നമ്മുടെ ചുററുപാടും കണ്ടുവരുന്ന നിത്യജീവിതത്തിലെ ഇരുണ്ട വശങ്ങൾ അല്പമൊന്നു ചിത്രീകരിക്കാൻ ആരംഭിക്കുമ്പോഴേയ്ക്കും നമ്മുടെ സാന്മാർഗ്ഗികബോധം ആകമാനം അട്ടിമലർന്നുവെന്നുള്ള ആക്രോശങ്ങൾ ആവിർഭവിക്കുകയായി!

ക്രൈസ്തവവേദഗ്രന്ഥം പരിശോധിച്ചുനോക്കിയാലും ഇത്തരത്തിലുള്ള നിരവധി സംഭവകഥകൾ അണിനിരന്നിട്ടു

Digitized By Kerala Sahitya Akademi

ള്ളതായിക്കാണാം. ഒരു പിതാവു പുത്രിയുമായി ലൈംഗിക ജീവിതം നയിക്കുന്നതിനെ ആധാരമാക്കി ഒരു ചെറുകഥ രചിക്കപ്പെട്ടാൽ ഉടൻ തുടങ്ങുകയായി അനിയന്ത്രിതമായ ഒരു വക ഹാലിളക്കം. അതു പുരോഗമനസാഹിത്യമാണെന്നും ആ സാഹിത്യം ഒരു വിഷസർപ്പമാണെന്നും അതിനെ ഉടനടി തച്ചുകൊല്ലണമെന്നും ഉൽഘോഷിച്ചുകൊണ്ടു മെഷനറിമാരും പാതിരിമാരും നാലുദിക്കിൽ നിന്നും പാഞ്ഞെത്തി അനാവശ്യമായ സമരകോലാഹലങ്ങൾക്കു വട്ടംകൂട്ടിത്തുടങ്ങും. എന്നാൽ, രണ്ടു സഹോദരിമാർ കാമവികാരം സഹിക്കാനാകാതെ സ്വപിതാവിനു വീഞ്ഞുകൊടുത്തു മയക്കി മൃഗീയമായ രീതിയിൽ കാമസംതൃപ്തിയടയുന്ന കഥ വേദഗ്രന്ഥത്തിൻെറ ഏടുകളിൽ ഒളിച്ചിരിക്കുന്നതു കണ്ടിട്ടും അവർ കണ്ട ഭാവം നടിക്കുന്നില്ല. സോളമൻ ചക്രവർത്തിക്കു് ഒരുജപാലബാലികയിലുണ്ടായ അഭിനിവേശത്തെ ആധാരമാക്കി രചിക്കപ്പെട്ടിട്ടുള്ള Song of Songs എന്ന സുന്ദരകലാസൃഷ്ടിയെപ്പോലും മതത്തിൻെറ കറുത്തു നീണ്ട ആ മേലങ്കിയണിയിച്ചു വികൃതപ്പെടുത്തിയാൽ മാത്രമേ അവരുടേയും സന്മാർഗ്ഗബോധം അചഞ്ചലമായി വർത്തിക്കുകയുള്ളുവത്രേ. (എൻെറ 'ദിവ്യഗീതം' എന്ന കൃതിയും അതിലെ കുറിപ്പുകളും വായിച്ചുനോക്കുക) ക്രിസ്തുവിൻെറ ജനനത്തിനു് ആയിരം കൊല്ലങ്ങൾക്കു മുൻപു ജീവിച്ചിരുന്ന സോളമൻചക്രവർത്തി സ്വാനുഭവജന്യങ്ങളായ വികാരങ്ങൾക്കു രൂപം കൊടുത്തിട്ടുള്ള ആ മനോഹരഗാനങ്ങൾ "സഭയ്ക്കു ക്രിസ്തുവിനോടുള്ള സ്നേഹ"ത്തെ കീർത്തിക്കുന്ന വെറും പാതിരിപ്രസംഗങ്ങളാക്കിത്തരംതാഴ്ത്തുന്നതു തീർച്ചയായും മതം കലയോടു ചെയ്യുന്ന ഒരു കടുംകൈയാണെന്നുള്ളതിനു സംശയമില്ല. 'ഇണപെററ രണ്ടിളം പുള്ളിമാൻപേടകളെ'പ്പോലെ സുന്ദരങ്ങളായ കുളിർമുലകളും, കുനുകുന്തൽച്ചുരുളുകൾക്കുള്ളിലൊരുമാതളക്കനിപോലെവിളങ്ങുന്ന കവിൾത്തടങ്ങളുമുള്ള തരളായതമിഴിമാരണിമകുടമണിമാലികയായ ആ ശൂലേമിക്കാരി—വിലാസലാലസയും വിശൈ-

കമോഹിനിയുമായ ആ അജപാലകന്യക—വെറും ഒരു നിൎജ്ജീവസഭയാണത്രേ! അമ്പോ, ചിഹ്നങ്ങൾ കാണിക്കുന്ന ഇന്ദ്രജാലം!

'ദിവ്യഗീത'വും, 'ദേവഗീത'യും (Song of Songs and ഗീതഗോവിന്ദം) തമ്മിൽ വലിയ സാദൃശ്യമുണ്ടെന്നു് ആദാം ക്ലാക്ക് അഭിപ്രായപ്പെടുന്നു. രാധയുടെ സ്ഥാനത്തു് ഒരിടയപ്പെൺകൊടിയും, ശ്രീകൃഷ്ണന്റെ സ്ഥാനത്തു് ഒരു ചക്രവത്തിയും നായികാനായകന്മാരായിട്ടുണ്ടെന്നുള്ളതിൽ കവിഞ്ഞു ദിവ്യഗീതത്തിനു ദേവഗീതയുമായി കാവ്യപരമായ ഒരു സാദൃശ്യവും ഞാൻ കാണുന്നില്ല. കവിതയുടെ മേന്മ നോക്കുമ്പോൾ ഗീതഗോവിന്ദത്തെ അപേക്ഷിച്ചു വളരെ പുറകിൽ നില്ക്കുന്ന ഒരു കൃതിയാണു് Song of Songs എന്നും എടുത്തു പറയേണ്ടിയിരിക്കുന്നു. മറ്റൊന്നിനോടു താരതമ്യപ്പെടുത്താതെ, ദിവ്യഗീതത്തെ ഒറ്റയ്ക്കെടുത്തു പരിശോധിച്ചാൽ അതൊരുത്തമകലാസൃഷ്ടിയാണെന്നു നിസ്സംശയം പറയാൻ സാധിക്കും. അങ്ങനെയാണു് ചെയ്യേണ്ടതും. ഗീതഗോവിന്ദത്തെ അപേക്ഷിച്ചു ദിവ്യഗീതത്തിനു സ്തുത്യൎഹമായ ഒരു മേന്മയുണ്ടു്—അതിൽ വൈഷയികമായ രംഗവൎണ്ണനകളും അവയോടൊട്ടിനില്ക്കുന്ന രസഘ്നംഘനങ്ങളും വളരെ കുറവാണു്. രാധാകൃഷ്ണന്മാരുടെ കാമക്രീഡാപരിപാടികളെക്കൊണ്ടു കൊടുങ്കാറ്റടിച്ചിളകിമറിയുന്ന ഒരു വികാരപാരാവാരമാണു് ജയദേവൻ സൃഷ്ടിച്ചിട്ടുള്ളതു്; സോളമൺ ചക്രവത്തിയുടെ കലാസൃഷ്ടിയാകട്ടെ, ഇളംതെന്നലിൽ ചിററലകൾ ചിന്നിപ്പടരുന്ന ശാന്തസുന്ദരവും ഭൃംഗനാദരഞ്ജിതവുമായ ഒരു താമരപ്പൊയ്കയുമാണു്.

വൈഷ്ണവകവികളിൽ ജയദേവനെ സമീപിക്കുവാൻ ആക്കെങ്കിലും സാധിച്ചിട്ടുണ്ടെങ്കിൽ അതു വിദ്യാപതിക്കു മാത്രമാണു്. അദ്ദേഹത്തിന്റെ 'ഗീതാവലി'യിലെ കൃതികൾ കലാഭംഗിയിൽ ജയദേവഗാനങ്ങളെ ചില സന്ദൎഭങ്ങളിൽ

Digitized By Kerala Sahitya Akademi

അതിശയിക്കുന്നുണ്ടെന്നുതന്നെ പറയാം. ഇവരുടെ ഭാവാത്മകഗാനങ്ങൾ ഹൈന്ദവക്ക് ഇന്നും ഉത്തേജകമായി വത്തിക്കുന്നു. ജയദേവനെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ സുപ്രസിദ്ധങ്ങളാകയാൽ അവയെ ഇവിടെ വിസ്തരിക്കേണ്ട ആവശ്യമില്ല. അദ്ദേഹം തികഞ്ഞ ഒരു കൃഷ്ണഭക്തനായിരുന്നുവെന്നു ഗീതഗോവിന്ദകാവ്യത്തിൽ ആദ്യന്തം തെളിഞ്ഞു കാണാം. ആരാധനാവേളയിൽ തൻെറ മധുരഗാനങ്ങൾ ഭക്തിപാരവശ്യത്തോടെ അദ്ദേഹം ഉച്ചത്തിൽ പാടുകയും അതൊപ്പിച്ച് അദ്ദേഹത്തിൻെറ ധമ്മപത്നിയായ പത്മാവതി ശ്രീകൃഷ്ണവിഗ്രഹത്തിനു ചുററും നൃത്തം ചെയ്യുകയും പതിവായിരുന്നുവെന്നു പറയപ്പെടുന്നു. കൃഷ്ണഭക്തിയിൽ പത്മാവതി ജയദേവനെ അതിശയിച്ചിരുന്നതായും തൽഫലമായി ശ്രീകൃഷ്ണഭഗവാൻ ഒരിക്കൽ ആ സാദ്ധ്വിയുടെ മുൻപിൽ പ്രത്യക്ഷപ്പെട്ടതായും കീത്തിക്കപ്പെടുന്നുണ്ട്. ഗീതഗോവിന്ദം പത്താംസഗ്ഗത്തിൽ, പത്തൊൻപതാം ഗീതത്തിൽ സപ്തമപാദത്തിലെ

സ്മരഗരളഖണ്ഡനം മമ ശിരസി മണ്ഡനം
ദേഹി പദപല്ലവമുദാരം

എന്ന ഭാഗം ഭഗവാൻതന്നെ എഴുതിച്ചേത്തതാണത്രേ. അത്ഥഭംഗിയും ശബ്ദഭംഗിയും ഇത്രത്തോളം ഒത്തിണങ്ങിച്ചേന്നിട്ടുള്ള കാവ്യങ്ങൾ, കാളിദാസകൃതികളൊഴികെ, മററില്ലെന്നു തന്നെ പറയാം. രാധാകൃഷ്ണന്മാരുടെ പ്രണയത്തെ ആധാരമാക്കി ഭാരതീയരും ആംഗലേയരുമായി അനേകം കവികൾ ഒട്ടധികം കാവ്യങ്ങൾ രചിച്ചിട്ടുണ്ട്. എന്നാൽ അവയ്യൊന്നിനും അഷ്ടപദിയുടെ അനശ്വരയശസ്സാജ്ജിക്കുവാൻ സാധിച്ചിട്ടില്ല. ഭാരതീയകവികളുടെ കൃതികളിൽ 'ഗീതാവലി'യും 'ശ്രീകൃഷ്ണകണ്ണാമൃത'വും ആംഗലേയകവികളുടേതിൽ ആർ. സി. ടെവിലിയൻെറ 'വിദ്ദമദ്ദമം' എന്ന നാടകവും അത്യുത്തമകലാസൃഷ്ടികളായി പ്രശോഭിക്കുന്നു. ജയദേവഗാനങ്ങളിൽ ഒന്നെങ്കിലും ഹൃദിസ്ഥമാക്കിയിട്ടില്ലാത്തവരായി ഉത്തര

Digitized By Kerala Sahitya Akademi

ഭാരതീയരിൽ ആരെങ്കിലും ഉണ്ടായിരിക്കുമോ എന്നു സംശയമാണു്. കുടിലിലും കൊട്ടാരത്തിലും ഒന്നുപോലെ കളിയാടിക്കൊണ്ടിരിക്കുന്ന ഒരു വിശ്വമോഹിനിയാണു് ജയദേവഭാരതി.

കേരളത്തിൽ ഒരു കാലത്തു് അഷ്ടപദിക്കു വലിയ പ്രചാരം സിദ്ധിച്ചിരുന്നു. ഗീതഗോവിന്ദത്തെ അനുകരിച്ചു രാമപാണിവാദൻ 'ഗീതരാമം' എന്ന ഒരു കാവ്യം രചിച്ചിട്ടുണ്ടു്. ഉത്തരകേരളത്തിൽ സർവ്വാദരണീയമായികൊണ്ടാടപ്പെട്ടിരുന്ന 'കൃഷ്ണനാട്ടം' കേരളീയക്കു് ഗീതഗോവിന്ദത്തോടുണ്ടായിരുന്ന പ്രതിപത്തിക്കു ഉത്തമദൃഷ്ടാന്തമാണു്. ഇന്നും വിഷ്ണുക്ഷേത്രങ്ങളിൽ ജയദേവഗാനങ്ങൾ പാണിവാദനത്തോടൊപ്പം—പാടിപ്പോരുന്നുണ്ടു്. കഥകളിയിലെ ഒരു പ്രധാന ചടങ്ങായ 'മഞ്ജുതര'യ്ക്കുപയോഗിക്കുന്നതു ഗീതഗോവിന്ദത്തിലെ

മഞ്ജുതരകുഞ്ജതലകേളിസദനേ,
ഇഹ വിലസ രതിരഭസഹസിതവദനേ;
പ്രവിശ രാധേ, മാധവസമീപം!

എന്നു തുടന്നു ഇരുപത്തിയൊന്നാമത്തെ സരളമധുരമായ ഗാനതല്ലജമാണു്. അടുത്ത കാലത്തു തിരുവിതാംകൂറിൽ 'എവൂർ' എന്ന സ്ഥലത്തു് ഏതാനും സഹൃദയന്മാർ ഒത്തുചേന്നു ഒരു സംഘം രൂപീകരിക്കയും അതിൻെറ ആഭിമുഖ്യത്തിൽ അഷ്ടപദിക്കു വീണ്ടും കേരളത്തിൽ പ്രചാരമുണ്ടാക്കുവാനുള്ള പ്രവൎത്തനപരിപാടികൾ സജ്ജമാക്കുകയും ചെയ്തിട്ടുള്ളതായി പത്രങ്ങളിൽ ഞാൻ വായിച്ചതായി ഓക്കുന്നു! അവരുടെ സദുദ്യമത്തിനു തിരുവിതാംകൂർഗവൎമ്മെൻറു പല ആനുകൂല്യങ്ങളും ചെയ്തുവരുന്നതയും അവരുടെ ഗീതഗോവിന്ദകഥാപ്രസംഗം ഗവൎമ്മെൻറുക്ഷേത്രങ്ങളിലെ ഉത്സവപരിപാടികളിൽ ഒരു പ്രധാനചടങ്ങായി അംഗീകരിച്ചിട്ടുള്ളതായും പറയപ്പെടുന്നു. പ്രോത്സാഹനാഹമായ ഈ പ്രസ്ഥാനത്തിനു സാൎവ്വത്രികമായ പ്രചാരം സിദ്ധിക്കുമെന്നുള്ളതിൽ സംശയമില്ല.

Digitized By Kerala Sahitya Akademi

അതിൻെറ പ്രവത്തകന്മാരെ ഞാൻ ഹൃദയപൂവ്വം അഭിനന്ദിക്കുന്നതോടൊപ്പം, ഇന്നു നിശ്ശേഷം നശിച്ചിരിക്കുന്ന 'കൃഷ്ണനാട്ട'ത്തെ പുനരുദ്ധരിക്കേണ്ട കത്തവ്യം അവരേയും മററു കലാപ്രണയികളേയും അനുസ്മരിപ്പിക്കുകകൂടി ചെയ്തുകൊള്ളട്ടെ!

ആദാം ക്ലാക്കിൻേറയും, എഡ്‌വിൻആർനോൾഡിൻേറയും ഗീതഗോവിന്ദപരിഭാഷകൾ നാലഞ്ചു കൊല്ലങ്ങൾക്കു മുൻപു ഞാൻ ഇംഗ്ലീഷിൽ വായിക്കുകയുണ്ടായി. ഇത്രകാലമായിട്ടും ഈ വിശിഷ്ടകാവ്യത്തിനു മലയാളത്തിൽ ഒരു പരിഭാഷയുണ്ടാകാതിരുന്നതിൽ എനിക്ക് അത്ഭുതം തോന്നുന്നു. 'അഷ്ടപദി' ഏതെങ്കിലും രൂപത്തിൽ മലയാളത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ അതു് ഒരു കൈകൊട്ടിക്കളിപ്പാട്ടായിട്ടാണ്. ഇടപ്പള്ളി രാജവംശത്തിലെ തമ്പുരാട്ടിമാക്കു തിരുവാതിരക്കളിക്കുപയോഗിക്കുവാനായി അന്നത്തെ വലിയ രാജാവിൻെറ നിദ്ദേശം അനുസരിച്ച്, കൊട്ടാരത്തിലെ അദ്ധ്യാപകനും ഇടപ്പള്ളി സ്വദേശിയുമായ പൊന്നാടിപ്പുഷ്പകത്തു നമ്പ്യാർ രചിച്ചിട്ടുള്ളതാണ് പ്രസ്തുത കൃതി. അതിൻെറ ഒരു പ്രതി കിട്ടുവാനായി പലയിടങ്ങളിലും ഞാൻ തിരയുകയുണ്ടായി എങ്കിലും ഒടുവിൽ എനിക്കു നിരാശപ്പെടേണ്ടതായിത്തന്നെ വന്നുകൂടി. പണ്ഡിതാഗ്രേസരനായ ശ്രീ. കെ. വി. എം ഗീതഗോവിന്ദത്തിനു് ഒരു വ്യാഖ്യാനം എഴുതിയിട്ടുണ്ട്.

അദ്ദേഹത്തോടു നേരിട്ടു ചോദിച്ചിട്ടും എനിക്കതിൻെറ ഒരു പ്രതി ലഭിക്കുവാൻ സാധിച്ചില്ല. കിട്ടിയിരുന്നുവെങ്കിൽ എൻെറ ഈ പരിഭാഷ ഒന്നുകൂടി നിറംപിടിപ്പിക്കുവാൻ എനിക്കു സാധിക്കുമായിരുന്നു. ഞാൻ വിവത്തനത്തിനായി അവലംബിച്ചിട്ടുള്ള ഏകഗ്രന്ഥം 'ശൂലപാണിപാരശവതനൂജന്മാ'വായ രാജശ്രീ. കെ. കെ. ഗോവിന്ദൻ നായർ തജ്ജമചെയ്തിട്ടുള്ള 'ലക്ഷ്മീധരവ്യാഖ്യാന'മാണ്. സാരജ്ഞനായ ആ മഹാൻ ആരെന്നോ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ എന്നോ

Digitized By Kerala Sahitya Akademi

എനിക്കറിഞ്ഞുകൂടാ. ഏതായാലും ഈ വിവൎത്തനസംരംഭ ത്തിൽ എനിക്കേകാവലംബമായി വൎത്തിച്ച പ്രസ്തുത വ്യാ ഖ്യാനത്തിൻെറ പ്രണേതാവിനോടു് എനിക്കുള്ള കൃതജ്ഞത യെ ഭക്തിപൂൎവ്വം ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

അഷ്ടപദി കൈകൊട്ടിക്കളിപ്പാട്ടായി എഴുതിയ ശ്രീ. ന മ്പ്യാരെ അധികനാൾ ചെല്ലുന്നതിനു മുൻപു് ഇടപ്പള്ളിയി ലെ വിഷ്ണുക്ഷേത്രത്തിൽവെച്ചു് ഒരു സൎപ്പം കടിച്ചു എന്നും അങ്ങനെയാണദ്ദേഹം മൃതിയടഞ്ഞതെന്നും പറയപ്പെടുന്നു. ഞാൻ ഈ കൃതി പരിഭാഷപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ എൻെറ നാട്ടുകാരായ ചില സുഹൃത്തുക്കൾ ഇതു പറഞ്ഞു് എന്നെ ഭീഷണിപ്പെടുത്തുകയുണ്ടായി. പക്ഷേ മനുഷ്യൻെറ ആയുസ്സിനെക്കുറിച്ചു വലിയ മതിപ്പൊന്നുമില്ലാത്ത ഞാൻ ആവക ഭീഷണികളെ പരിഹാസപൂൎവ്വം അവഗണിച്ചു് എ ൻെറ ഉദ്യമം തുടരുകതന്നെ ചെയ്തു. അങ്ങനെ പ്രതിദിനം ഓരോ സൎഗ്ഗംവീതം പരിഭാഷപ്പെടുത്തി പന്ത്രണ്ടു ദിവസം കൊണ്ടു ഞാൻ ഈ 'ദേവഗീത' പൂൎത്തിയാക്കി. എൻെറ സം രംഭം വിജയകരമായി എന്നെനിക്കഭിമാനമില്ല. എനിക്കു സാധിക്കുന്നതു ഞാൻ ചെയ്തുവെന്നുമാത്രം. സംസ്കൃതപണ്ഡി തന്മാർ ആരെയെങ്കിലും ഞാൻ ഇതു കാണിക്കുകയോ അവരു ടെ അഭിപ്രായമറിഞ്ഞു തെററുകൾ തിരുത്തുകയോ ചെയ്തി ട്ടില്ല. വ്യാകരണത്തെ സംബന്ധിച്ചിടത്തോളം അറിഞ്ഞും അറിയാതേയും എനിക്കു പല പിഴകളും പററിപ്പോയിട്ടുണ്ടു്. മൂലഗ്രന്ഥത്തിലെ അഞ്ചു ശ്ലോകങ്ങൾമാത്രം മലയാളത്തിൽ ഈരണ്ടു ശ്ലോകങ്ങളാക്കി വിവൎത്തനംചെയ്യുവാനേ സാധി ച്ചിട്ടുള്ളു. ഈ പരിഭാഷയിൽ പല സ്വാതന്ത്ര്യങ്ങളും എനി ക്കെടുക്കേണ്ടതായി വന്നുകൂടി. ഏതായാലും

Fish! that didst outswim the flood;
Tortoise! whereon earth hath stood;
Boar! who with thy tusk held'st high
The world, that mortals might not die;

Digitized By Kerala Sahitya Akademi

Lion ! who hast giant's torn ;
Dwarf ! who laugh'dst a king to scorn ;
Sole subduer of the Dreaded !
Slayer of the many-headed !
Mighty ploughman ! Teacher tender !
Of thine own the sure Defender !
Under all thy ten disguises
Endless praise to thee arises.

എന്നും,

When thou thy Giant Foe didst seize and rend,
Fierce, fearful, long, and sharp were fang and nail ;
Thou who the Lion and the Man didst blend,
Lord of the Universe, hail, Narsingh, hail !

എന്നും ഉള്ള വിവൎത്തനങ്ങൾകൊണ്ടു തൃപ്തിപ്പെടേണ്ട കേരളീയർ,

വേദോദ്ധാരകനായ്, ത്രിലോകവഹനാ-
യുദ്ധൃതഭൂചക്രനായ്
ഹാ, ദൈത്യാന്തകനായ്, ബലിപ്രണതനാ-
യക്ഷത്രിയദ്വേഷിയായ്,
വൈദേഹിക്കുഴൽ ചേൎത്ത രാവണനിടി-
ത്തീയായ്, ഹലാശസ്ത്രനാ-
യൗദാൎയ്യാകരമായ്, ഖലപ്രമഥനാം
വിഷ്ണോ, നമിക്കുന്നു ഞാൻ!

എന്നും,

ആ ഹിരണ്യകശിപുതൻ ലൂന-
ദേഹമാം മത്തഭൃംഗകം
തങ്ങിനില്ക്കും നഖങ്ങൾ മേളിക്കു-
മങ്ങതൻ പാണിപങ്കജം,
അപ്രതിമമതുല്ലസിക്കുന്നി-
തത്ഭുതോഗ്രമായങ്ങനെ!

Digitized By Kerala Sahitya Akademi

ജയ, ധൃതനരഹരിരൂപ, ഹരേ!
ജയ, കേശവ, ജഗദീശ, ഹരേ!

എന്നും ഉള്ള പരിഭാഷകൾക്ക്, അവയിലെന്തൊക്കെപ്പിഴയുണ്ടായാലും, മാപ്പുകൊടുക്കാതിരിക്കയില്ലെന്നാശിക്കാം.

ഈ കൃതിയുടെ 94-ാം വശത്ത് 77-ാമത്തെ ശ്ലോകത്തിലെ അന്ത്യപാദത്തിൽ 'ആരാലണഞ്ഞു' എന്നു ചേർത്തിട്ടുള്ളത് 'ആരാലണഞ്ഞ' എന്നു തിരുത്തിവായിക്കേണമെന്നപേക്ഷ.

ജയദേവമഹാകവിയുടെ കമനീയമായ കലാശില്പത്തെ ഇങ്ങനെ വികൃതപ്പെടുത്തുവാൻ മുതിർന്ന സാഹസത്തിനു വീണ്ടും വീണ്ടും മാപ്പുചോദിച്ചുകൊണ്ട് ഞാൻ എന്റെ 'ദേവഗീത'യെ സഹൃദയന്മാരുടെ മുൻപിൽ സാദരം സമർപ്പിച്ചുകൊള്ളുന്നു.

''അജിതാനിലയം''
കാനാട്ടുകര, തൃശ്ശൂർ.
18-3-1121.

ചങ്ങമ്പുഴ കൃഷ്ണപിള്ള.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ജയദേവഗീത പരിഭാഷ ചെയ്യുവാൻ
ഭയമുണ്ടെനിക്കു, സമഭിജ്ഞനല്ല ഞാൻ
ദയവായ് ക്ഷമിച്ചു മമ മാപ്പു നല്കണം
നയശീലരെന്റെ നവസാഹസോദ്യമം.

ഇടപ്പള്ളി,
18—6—1120.

—ചങ്ങമ്പുഴ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ഒന്നാം സർഗ്ഗം

സാമോദദാമോദരം.

കോടക്കാറിടതൂർന്നതാണു ഗഗനം,
രാധേ, തമാലാഢ്യമി-
ക്കാടൊട്ടുക്കിരുളാർന്നതാണു, നിശയാ-
യോർത്താലിവൻ ഭീരുവും;
വീടെത്തിച്ചിടുകാകയാലിവനെ നീ
താ,നെന്ന നന്ദോക്തിയാൽ
കൂടിച്ചേർന്നു ഗമിച്ചു മാധവനുമ-
ന്നുൾപ്രീതരായ് രാധയും!—

2

യമുനയുടെ തടത്തിൽ മാർഗ്ഗമദ്ധ്യേ
സുമിതസുരമ്യനികുഞ്ജകങ്ങൾതോറും
അമലരവർ യഥേച്ഛമാസ്വദിച്ചോ-
രലർശരകേളികളനഘം ജയിപ്പൂ!

3

വാണീപാദപവിത്രചിത്രവിലസൽ
ചേതോനികേതൻ, നിജ-
പ്രാണാധീശ്വരി പത്മതൻ നിരഘമാം
നൃത്തത്തിനുത്തേജകൻ
വേണ്ടുംപോൽ ജയദേവനാം കവിയിതാ
വർണ്ണിപ്പിതാത്താദരം
ചേണഞ്ചും വസുദേവനന്ദനരതി-
ക്രീഡാവിലാസോത്സവം.

Digitized By Kerala Sahitya Akademi

4

ചിത്തം ശ്രീവിശ്വനാഥസ്മരണയിലനര-
ഞ്ഞിസ്ക്കിലാക,ട്ടതല്ലാ
മെത്തും ശൃംഗാരസാന്ദ്രോജ്ജ്വലകലകളിലാ-
ണിഷ്ടമെന്നാലതാട്ടേ;
എത്തിക്കേട്ടാസ്വദിക്കു സരളപദസമാ-
ലംകൃതോൽ്പ്രസാദ-
സ്നിഗ്ദ്ധസ്ഥീതാഭമാമീ മധുമയജയദേ-
വോക്തി,യെൻ ലോകമേ നീ!

5

ശബ്ദാഡംബരനാണുമാപതിധരൻ,
സംശ്ലാഘ്യനാണെങ്കിലും
ശബ്ദത്തിങ്കൽ ദുരൂഹ്യതയ്ക്കിടകൊട്ട-
ത്തീടുന്നു, ഹാ, ചാരണൻ
സ്സദ്ധിപ്പൂ കവിവര്യനാം ശ്രുതിധരൻ
ഗോവദ്ധനാചാര്യരോ-
ടിദ്ധഖ്യാതിവഹിപ്പതില്ലനുപമ-
ശൃംഗാരകാവ്യാപ്തിയിൽ!

6

കവികുലനൃവരൻ ധോയി-
ക്കവികലമല്ല യശസ്സു ലവലേശം
സുവിശദശബ്ദാപലിത-
നവസരശുദ്ധിയറിവോൻ ജയദേവൻ!

ഗീതം ഒന്നു്

ജ്ഞാനമാർഗ്ഗമായ് മുക്തിയിങ്കലേ-
യ്ക്കാനയിക്കുമാ വേദങ്ങളാം;
ഉൽക്കടപ്രളയാബ്ധിയിങ്കൽനി-
ന്നുദ്ധരിച്ചു വഹിപ്പൂ നീ!

Digitized By Kerala Sahitya Akademi

ജയ, ധൃതമകരശരീര, ഹരേ!
ജയ, കേശവ, ജഗദീശ, ഹരേ!

2

നിത്യഭ്രധാരണത്തിനാൽ,ത്തഴ-
മ്പൊത്ത പുറവും, ഗരിഷ്ഠമായ്,
വിസ്തൃതമാം നിൻപൃഷ്ഠവേദിയിൽ
വത്തിപ്പൂ വിശ്വമണ്ഡലം!
ജയ, ധൃതകമഠകരൂപ, ഹരേ!
ജയ, കേശവ, ജഗദീശ, ഹരേ!

3

ഉഗ്രമായ നിൻദംഷ്ട്രയിൽച്ചേന്നു
പററി, വിട്ടിടാതങ്ങനെ,
ഉല്ലസിപ്പിതിക്ഷോണി, ചന്ദ്രനി-
ലുള്ളൊരാപ്പങ്കരേഖപോൽ!
ജയ, ധൃതസൂകരരൂപ, ഹരേ!
ജയ, കേശവ, ജഗദീശ, ഹരേ!

4

ആ ഹിരണ്യകശിപുതൻ ലൂന-
ദേഹമാം മത്തഭൃംഗകം,
തങ്ങിനില്ക്കും നഖങ്ങൾ മേളിക്ക-
മങ്ങതൻ പാണിപങ്കജം,
അപ്രതിമമതുല്ലസിക്കുന്നി-
തത്ഭുതോഗ്രമായനാഥം!
ജയ, ധൃതനരഹരിരൂപ, ഹരേ!
ജയ, കേശവ, ജഗദീശ, ഹരേ!

5

ലോകവിസ്മയകാരികൾക്കഴ-
ലേകമത്ഭുതവിക്രമ!

Digitized By Kerala Sahitya Akademi

തവൽച്ചരണനഖോദകം പാപ-
മുക്തിദം, ശുദ്ധിദായകം.
പാതമേകുന്നു, ഹാ, ബലിക്കു
പാദവിക്ഷേപശക്തിയാൽ!
ജയ, ധൃതവടുവടുരൂപ, ഹരേ,
ജയ, കേശവ, ജഗദീശ, ഹരേ!

6

ക്ഷോണിയെ സ്വയം ക്ഷത്രിയകുല-
ശോണിതമയഗംഗയിൽ,
മുക്കിടുന്നു നീ ഭഞ്ജിതപാപം
നിഷ്ക്രമിതഭവാതപം!
ജയ, ജയ, ഭൃഗുകുലതിലക, ഹരേ!
ജയ, കേശവ, ജഗദീശ, ഹരേ!

7

ആശകൾക്കധിനായകർക്കുള്ളി-
ലാശ ചേർത്തു ചേർത്തനഘം,
മിന്നിടും ദശഗ്രീവകോടീര-
ധന്യമാം ബലി,യുഗ്രസം,
ചിത്തരമ്യമായ് ക്ഷേപണം ചെയ്വൂ
പത്തു ദിക്കിലും, ഹാ, ഭവാൻ!
ജയ, രഘുവര, ജയ, രാമ, ഹരേ!
ജയ, കേശവ, ജഗദീശ, ഹരേ!

8

ശ്വേതരമ്യവപുസ്സതിൽ, ഹല-
പാതഭീതിയാലാദരാൽ,
തവൽപദാശ്രയം തേടിയെത്തിയോ-
രപ്പവിത്രയമുനപോൽ,

Digitized By Kerala Sahitya Akademi

അംബുദാഭം പരിലസിപ്പു നി-
ന്നംബരം, ഹാ, മനോഹരം!
ജയ, ഹലധര, ബലരാമ, ഹരേ!
ജയ, കേശവ, ജഗദീശ, ഹരേ!

9

ത്യാഗമൂർത്തിയായെത്തിയ ഭവാൻ
യാഗകർമ്മവിധികളിൽ,
ഹാ, ഹസിപ്പു നിഷിദ്ധമായുള്ള
ഗോഹനനക്രിയാദികൾ!
ജയ, കരുണാമയ, ബുദ്ധ, ഹരേ!
ജയ, കേശവ, ജഗദീശ, ഹരേ!

10

സ്വേച്ഛയാ, പാപപങ്കിലരായ
മ്ലേച്ഛരെക്കൊന്നൊടുക്കുവാൻ,
ധൂമകേതുവെപ്പോൽ കരാളമാം
ഭീമഖഡ്ഗം ധരിപ്പു നീ!
ജയ, ധൃതകല്ക്കിശരീര, ഹരേ!
ജയ, കേശവ, ജഗദീശ, ഹരേ!

11

അത്യുദാരമായുത്സവദമാ-
യത്രമാത്രം ശുഭദമായ്,
കന്മഷഹരമായ്, ജയദേവ-
നിർമ്മിതമാമിഗ്ഗീതകം,
ഭക്തവത്സലനാം ഭവാൻ, കനി-
ഞ്ഞുദ്രസം ശ്രവിക്കേണമേ!
ജയ, ധൃതദശവിധരൂപ, ഹരേ!
ജയ, കേശവ, ജഗദീശ, ഹരേ!

Digitized By Kerala Sahitya Akademi

7

വേദോദ്ധാരകനായ്, ത്രിലോകധരനാ-
യുദ്ധൃതഭൂചക്രനായ്,
ഹാ, ദൈത്യാന്തകനായ്, ബലിപ്രണതനാ-
യ ക്ഷത്രിയദ്വേഷിയായ്,
വൈദേഹിയ്ക്കുഴൽ ചേർത്ത രാവണനിടി-
ത്തീയായ്, ഹലാശസ്ത്രനാ-
യൗദാര്യാകരമായ് ഖലപ്രമഥനാം
വിഷ്ണോ, നമിക്കുന്നു ഞാൻ!

ഗീതം രണ്ട്

ശ്രിതകമലാകുചോജ്ജ്വലമണ്ഡല,
ധൃതമകരമനോഹരകുണ്ഡല,
കലിതകല്പകമാലികോരസ്ഥല,
ജയ, ഹരേ, ജയ, ദേവ, സുനിർമ്മല!

2

ജയ, ദിനമണിമണ്ഡലമണ്ഡന,
ജയ, നിയതഭവഭയഖണ്ഡന!
മുനിമാർ മാനസഹംസ, ജനാർദ്ദന,
ജയ, ഹരേ, ജയ, ഹേ, മധുസൂദന!

3

ഗരളഗർവ്വിതകാളിയഭഞ്ജന,
ഗരുഡവാഹന, ലോകാനുരഞ്ജന,
യദുകുലാബ്ജദിവാകര, മോഹന,
ജയ, ഹരേ, ജയ, ദേവാരിനാശന!

4

മധു-മുര-നരകാദിവിധ്വംസന,
മധുരദർശന, മംഗളകാരണ,
സുരസമൂഹപ്രസാദപരായണ,
ജയ, ഹരേ, ജയ, ദേവ, നാരായണ!

Digitized By Kerala Sahitya Akademi

5

അമലപത്മദളോജ്ജ്വലലോചന,
അസഹനീയഭവഭയമോചന,
അഖിലലോകനിധാന, നിരഞ്ജന,
ജയ, ഹരേ, ജയ, ദേവ, ജനാർദ്ദന!

6

ജനകജാകൃതമംഗളഭൂഷണ,
ജയ, ജയ, ഹരേ, ഹേ, ജിതദൂഷണ!
ജയ, സമരശമിതദശാനന,
ജയ, ഹരേ, ദേവ, ഹേ, രഘുനന്ദന!

7

നവലളിതജലധരസുന്ദര,
നളിനജാസ്യവിധുചകോര, വര,
ജയ, ജയ, ദേവ, സായൂജ്യമന്ദിര,
ജയ, ജയ, ഹരേ, ഹേ, ധൃതമന്ദര!

8

പരിലസിപ്പൂ ജയദേവനിർമ്മിതം
പരമാനന്ദദം ഗീതാമൃതമിദം
ജയ, ജയ, ഹരേ, ശൗരേ, ജനാർദ്ദന,
ജയ, ജയ, ദേവ, ഹേ, മധുസൂദന!

9

അന്തസ്ഥോജ്ജ്വലരാഗദീപ്തി വെളിവായ്
കാണുംവിധം പത്മതൻ
പന്തൊക്കുന്ന പയോധരങ്ങളിൽ പകരും
കാശ്മീരമാർന്നങ്ങനെ,
ചെന്താർബാണശരാർത്തിമൂലമുതിരും
സ്വേദങ്ങളാൽ സൗഭഗം
ചിന്തീടും മധുവൈരിതൻ മഹിതമാം
മാർത്തട്ടു നല്കും ശുഭം!

Digitized By Kerala Sahitya Akademi

10

പൂക്കാലം വന്ന കാലം പ്രണയവിവശയായ്
കൃഷ്ണനെത്തേടി, പിച്ചി-
പ്പൂക്കൾക്കൊപ്പം മൃദുത്വം കലരുമവയവം
സർവ്വവും താന്തമായി,
അക്കാന്താരാന്തരത്തിൽ, ത്വരയൊടു മദനാ-
വേശവൈവശ്യമുൾച്ചേ-
ന്നുൾക്കാമ്പിൽ ദീപ്തമാകും രതിയൊടുഴറുമാ
രാധയോടോതി തോഴി.

ഗീതം മൂന്ന്

അവിടെയക്കാണുന്ന കാഴ്ചയെന്താ-
ണയി സഖി, രാധേ, നീയൊന്നു നോക്കൂ!

ലളിതലവംഗലതകളാടി-
കുളിർമലയാനിലനൊത്തുകൂടി;
പരിചിലിന്ദിന്ദിരകോകിലങ്ങൾ
പകരുന്ന ഝംകാരപഞ്ചമങ്ങൾ,
സതതം മൃദുലതരംഗകങ്ങൾ
വിതറുമിക്കുഞ്ജകുടീരകങ്ങൾ,
വികസദ്വസന്തയോഗാഞ്ചിതങ്ങൾ
വിരഹിജനാത്മവിഭേദകങ്ങൾ,
നിറയുന്നൊരീ യമുനാതടത്തിൽ
നിരുപമശ്യാമവനോദരത്തിൽ;
കനകാംഗികളുമായൊത്തുകൂടി-
ക്കലിതകൗതൂഹലം നൃത്തമാടി;
വിവിധസല്ലാപജോല്ലാസഭാവൻ
വിഹരിച്ചിടുന്നു, ഹാ, വാസുദേവൻ!

Digitized By Kerala Sahitya Akademi

2

അവിടെയക്കാണുന്ന കാഴ്ചയെന്താ-
ണയി സഖി, രാധേ, നീയങ്ങു നോക്കൂ!—

മലരമ്പനെയ്യുന്ന സായകങ്ങൾ
മനതാരിൽ കാമസ്ഫുലിംഗകങ്ങൾ,
എരിയിക്കെ,പ്പാന്ഥവധൂജനങ്ങൾ
ചൊരിയുമാശാകുലരോദനങ്ങൾ,
വഴിയവേ, വാരിളംപുഷ്പകുലകൾ,
വരിവണ്ടിൻ ചേണാറ മാലികകൾ,
അകലുഷദീപ്തിയിൽ ചേർന്നു, ചിന്നി-
ബ്ഭകുളകലാപമിണങ്ങി മിന്നി,
വിലസുന്നൊരീ യമുനാതടത്തിൽ
വിലുളിതശ്യാമവനോദരത്തിൽ,
കനകാംഗിമാരുമായൊത്തുകൂടി-
ക്കലിതകൗതൂഹലം നൃത്തമാടി,
വിവിധസല്ലാപജോല്ലാസഭാവൻ
വിഹരിച്ചിടുന്നു, ഹാ, വാസുദേവൻ!

3

അവിടെയക്കാണുന്ന കാഴ്ചയെന്താ-
ണയി സഖി, രാധേ, നീയങ്ങുനോക്കൂ!—

മൃഗമദസൗരഭശ്രീയിണങ്ങി
പ്രഗതപ്രവാളങ്ങൾ തിങ്ങിവിങ്ങി,
കരളും മിഴിയും കവർന്നു, ഭംഗി-
കലരും തമാലദ്രുമങ്ങൾ തിങ്ങി;
വിരഹവിവശയുവാന്തരംഗ-
വിദലകാനംഗനഖാഭയേന്തി,
. നിരനിരയായ് നില്ക്കും കിംശുകങ്ങൾ
നിറയുമിശ്ശ്യാമവനോദരത്തിൽ,

ൻ

Digitized By Kerala Sahitya Akademi

കനകാംഗിമാരുമായൊത്തുകൂടി-
ക്കലിതകൗതൂഹലം നൃത്തമാടി
വിവിധസല്ലാപജോല്ലാസഭാവൻ
വിഹരിച്ചിടുന്നു, ഹാ, വാസുദേവൻ!

4

അവിടെയക്കാണുന്ന കാഴ്ചയെന്താ-
ണയി സഖി, രാധേ, നീയങ്ങു നോക്കു!—

മദനമഹേശകനകദണ്ഡം
മഹിതാഭ വാരിവീശുന്നവണ്ണം,
വിമലസുരഭിലകുഡ്മളങ്ങൾ
വികസിച്ചുനില്ക്കുന്ന കേസരങ്ങൾ;
സ്മരനെഴും തൂണീരമെന്നപോലെ
കരിവരിവണ്ടുകൾ ചേർന്നു, ചാലേ,
അനുപമസൽസുമസഞ്ചയങ്ങൾ
അണിയിട്ടുനില്ക്കുന്ന പാടലങ്ങൾ;
വിലസുന്നൊരീ യമുനാതടത്തിൽ
വിലുളിതശ്യാമവനോദരത്തിൽ,
കനകാംഗിമാരുമായൊത്തുകൂടി-
ക്കലിതകൗതൂഹലം നൃത്തമാടി,
വിവിധസല്ലാപജോല്ലാസഭാവൻ
വിഹരിച്ചിടുന്നു, ഹാ, വാസുദേവൻ!

5

അവിടെയക്കാണുന്ന കാഴ്ചയെന്താ-
ണയി സഖി, രാധേ, നീയങ്ങു നോക്കു!—

സ്മരശരദൂരിതലജ്ജരാകും
തരുണർതൻ വിശ്വാവലോകനത്തിൽ,
പരിഹാസപ്പൂഞ്ചിരി തൂകിത്തൂകി-
പ്പുരിലസിച്ചീടും കുറുമൊഴികൾ;

Digitized By Kerala Sahitya Akademi

വിരഹിജനങ്ങളെ കുത്തുവാനായ്
വിരചിച്ച കുന്തമുഖങ്ങൾ പോലെ,—
തുടരെയെല്ലാടവും താണു പൊങ്ങി-
യിടതിങ്ങി നില്ക്കുന്ന കേതകങ്ങൾ,
നിറയുന്നൊരീ യമുനാതടത്തിൽ
നിരുപമശ്യാമവനോദരത്തിൽ;
കനകാംഗികളുമായൊത്തുകൂടി-
ക്കലിതകൗതുഹലം നൃത്തമാടി,
വിവിധസല്ലാപജോല്ലാസഭാവൻ
വിഹരിച്ചിടുന്നു, ഹാ, വാസുദേവൻ!

6

അവിടെയക്കാണുന്ന കാഴ്ചയെന്താ-
ണയി സഖി, രാധേ, നീയങ്ങു നോക്കു!—

കുളിർപിച്ചിപ്പൂമണംവാന്നൊഴുകി
കുറുമൊഴിമുല്ലകൾ പൂക്കൾപാകി,
യമികൾതൻ മാനസത്തിന്നുപോലും
ഭ്രമമേകിടുംവിധം കാന്തികോലും,
യുവജനാഭീഷ്ടസാഫല്യമേകും
സവിലാസമാമീ വനോദരത്തിൽ;
കനകാംഗിമാരുമായൊത്തുകൂടി-
ക്കലിതകൗതുഹലം നൃത്തമാടി,
വിവിധസല്ലാപജോല്ലാസഭാവൻ
വിഹരിച്ചിടുന്നു, ഹാ, വാസുദേവൻ!

7

അവിടെയക്കാണുന്ന കാഴ്ചയെന്താ-
ണയി സഖി, രാധേ, നീയങ്ങു നോക്കു!—

പരിലസൽപ്പിച്ചകവല്ലരിതൻ
പരിരംഭണം മെയ്യിലേല്ക്കുയാലേ,

Digitized By Kerala Sahitya Akademi

പുളകംപൊടിച്ചപോൽ മോഹനമായ്
പുതുതായി മൊട്ടിട്ട ചൂതജാലം,
അഴകിൽ നിരന്നു, പരിസരത്തി-
ലൊഴുകും യമുനതൻ സംഗമത്തിൽ,
ജലശീകരപരിപ്പൂതമായി
വിലസുമീ വൃന്ദാവനാന്തരത്തിൽ;
കനകാംഗിമാരുമായൊത്തുകൂടി-
ക്കലിതകൗതൂഹലം നൃത്തമാടി,
വിവിധസല്ലാപജോല്ലാസഭാവൻ
വിഹരിച്ചിടുന്നു, ഹാ, വാസുദേവൻ!

8

മധുസൂദനസ്തുതിസാരമായി
മധുമാസവർണ്ണനാസാന്ദ്രമായി,
ജനിതമദനവികാരമായി
ജയദേവൻ തൂകുമീ ദിവ്യഗീതം,
നുതിചെയ്തതാരെ,യാ വാസുദേവൻ
കുതുകാൽ കനകാംഗിമാരുമായി,
വിവിധസല്ലാപപ്രസക്തനായി
വിഹരിപ്പു വൃന്ദാവനാന്തരത്തിൽ!

10

കണ്ടാലും വിടരുന്ന മല്ലികകൾതൻ
ചഞ്ചൽപ്പരാഗങ്ങളെ-
ക്കൊണ്ടാരമ്യസുഗന്ധചൂർണ്ണമൊരുപോൽ-
ക്കാടാകെയച്ചിച്ചിതാ,
തണ്ടാർസായകജീവവായു വെളിയിൽ-
ത്തത്തുംവിധം കേതക-
ച്ചെണ്ടിൻ സൗരഭബന്ധുവായ പവനൻ
ഭസ്മീകരിപ്പു മനം!

Digitized By Kerala Sahitya Akademi

11

പൂന്തേനിൽ കൊതിപൂണ്ടുഴന്നു മുരളും
വണ്ടിണ്ടയാൽത്തണ്ടുല-
ഞ്ഞേന്തിത്തൊന്തിന മാന്തളിർക്കുലകളിൽ-
ത്തത്തും പികശ്രേണികൾ,
ചിന്തും കാകളി കണ്ണുശല്യമരുളും
പാന്ഥവ്രജം, പാടുപെ-
ട്ടുന്തിത്തള്ളി ദിനംകഴിപ്പു ദയിതാ-
സങ്കല്പസമ്പ്രാപ്തിയിൽ!

12

ആലിംഗനത്തിനുഴറും കളവാണിമാർതൻ
ലീലാവിലാസരുചി കണ്ടു മനം മയങ്ങി,
ചേലാർന്നു ദൂരെ വിലസുന്ന മുരാരിതൻ നേർ-
ക്കാലക്ഷ്യമാക്കി,യവൾ രാധയൊടോതി വീണ്ടും.

ഗീതം നാല്

ശൃംഗാരലീലാലോലേ, മംഗളാപാംഗി, ബാലേ,
അങ്ങോട്ടു നോക്കുകൊന്നെൻ രാധികേ, നീ!—
ചന്ദനചർച്ചിതമാം നീലകളേബരത്തിൽ
സുന്ദരമാകും മഞ്ഞപ്പട്ടു ചാർത്തി;
മാറിൽക്കുളിരിളകുംമാതിരി മനോഹര-
മാരിവില്ലൊളിമലർമാല മിന്നി;
കേളിയിലിളകുന്നൊരാ മണികുണ്ഡലങ്ങൾ
ചേലിൽപ്പൂങ്കവിൾത്തട്ടിലാഭ ചിന്നി;
ആരതശ്രീവിലാസ,മാരമ്യമന്ദഹാസ-
ധാരയിൽ,പ്പതിന്മടങ്ങായി മാറി;
ഗോപികാവൃതനായി ക്രീഡാനിരതനായി-
ഗ്ഗോപാലബാലനതാ ലാലസിപ്പൂ!

Digitized By Kerala Sahitya Akademi

2

ശൃംഗാരലീലാലോലേ, മംഗളാപാംഗി, ബാലേ,
അങ്ങോട്ടു നോക്കുകൊന്നെൻ രാധികേ, നീ!—

കുന്നൊക്കും കുചങ്ങൾതൻ ഭാരത്താൽത്തളൎന്നതാ
കുന്ദബാണാൎത്തയാമൊരുജ്ജ്വലാംഗി,
കണ്ണനെ പ്രേമപൂൎവ്വം പുല്കിത്തൻ ഗാനമനു-
വൎണ്ണിപ്പിദൃദഞ്ചിതപഞ്ചമത്തിൽ!
ഗോപികാവൃതനായിട്ടീദൃശലീലകളിൽ
ഗോപാലബാലനതാ ലാലസിപ്പൂ!

3

ശൃംഗാരലീലാലോലേ, മംഗളാപാംഗി, ബാലേ,
അങ്ങോട്ടു നോക്കുകൊന്നെൻ രാധികേ, നീ!—
അന്ന്യസുന്ദരിനന്ദനന്ദനവിലോചന-
വിന്ന്യാസവിലാസത്തിൻ വിഭ്രമത്തിൽ,
അത്ര മേലാകൃഷ്ടയായംഗജശരമേറേ-
റക്ഷികളടച്ചിരുന്നാത്തരാഗം,
വേണുഗോപാലമുഖദ്ധ്യാനനിർവൃതിയിങ്കൽ
പ്രാണനലിഞ്ഞലിഞ്ഞു പരിലസിപ്പൂ!
ഗോപികാവൃതനായിട്ടീദൃശോത്സവങ്ങളിൽ
ഗോപാലബാലനതാ ലാലസിപ്പൂ!

4

ശൃംഗാരലീലാലോലേ, മംഗളാപാംഗി, ബാലേ,
അങ്ങോട്ടു നോക്കുകൊന്നെൻ രാധികേ, നീ!—
സൽപ്രഥുനിതംബിനിയാമന്ന്യഗോപനാരി
സസ്പൃഹം രഹസ്സ്യമൊന്നുച്ചരിക്കാൻ,
അന്തികേ ചെന്ന നേരം തൽക്കവിൾത്തടങ്ങളിൽ
ചിന്തിയ പുളകങ്ങൾ കാൺകയാലേ,

Digitized By Kerala Sahitya Akademi

'എന്നിലുണ്ടനുരാഗം ധന്യനെ'ന്നോത്തവയിൽ
ചിന്നിടുന്നനവധി ചുംബനങ്ങൾ!—
ഗോപികാവരിതനായീദൃശകേളികളിൽ
ഗോപാലബാലനതാ ലാലസിപ്പൂ!

5

ശൃംഗാരലീലാലോലേ, മംഗളാപാംഗി, ബാലേ,
അങ്ങോട്ടു നോക്കുകൊന്നെൻ രാധികേ, നീ!—
കാമജകേളികളിൽ, കോമളകലകളിൽ
കാമമുൾച്ചേർന്നൊരന്യകോമളാംഗി,
യാമുനേ കൂലേ, വനേ, മോഹനേ, വഞ്ജുളാപ്ത-
കാമദനിലയനേ പോകുകെന്നായ്,
ഓതിടുംമാതിരിയിലംഗജാർത്തയായ്, നിജ-
പീതാംബരാഞ്ചലം, ഹാ, പരിഗ്രഹിപ്പൂ!
ഗോപികാവരിതനായീദൃശക്രീഡകളിൽ
ഗോപാലബാലനതാ ലാലസിപ്പൂ!

6

ശൃംഗാരലീലാലോലേ, മംഗളാപാംഗി, ബാലേ,
അങ്ങോട്ടു നോക്കുകൊന്നെൻ രാധികേ, നീ!—
അങ്കിതോന്മദമന്യമങ്കതൻകരാങ്കുര-
കങ്കണശിഞ്ജിതങ്ങൾ സംക്രമിക്കെ,
കോടക്കാർവർണ്ണൻ തൂകുമോടക്കുഴൽവിളിയും
പേടമാൻകണ്ണികൾതൻ നർത്തനവും,
ഒപ്പമിണക്കി,യിലത്താളമടിച്ചടിച്ച-
ങ്ങത്ഭുതരാസരസമുത്ഭവിക്കെ,
മേളക്കൊഴുപ്പിനേകകാരണക്കാരിയാമ-
ന്നാളീകലോചനയെ സ്തുതിപ്പൂ കൃഷ്ണൻ!—
ഗോപികാവൃതനായിട്ടീദൃശലീലകളിൽ
ഗോപാലബാലനതാ ലാലസിപ്പൂ!

Digitized By Kerala Sahitya Akademi

7

ശൃംഗാരലീലാലോലേ, മംഗളാപാംഗി, ബാലേ,
അങ്ങോട്ടു നോക്കുകൊന്നെൻ രാധികേ, നീ!—

ഉണ്മയിൽത്തഴകുന്നിതേകയെക്കൊണ്ടൽവർണ്ണ
നമ്മവെയ്ക്കുന്നിതന്യഗോപികയെ.
ഗാഢാനുരക്തയാകും മറെറാരു മോഹിനിയെ.
ഗൂഢമായ് രമിപ്പിപ്പിതുഢമോദം.
മന്ദസ്മിതമധുരമംഗളകടാക്ഷത്താൽ
സുന്ദരിയൊരുവളെസ്സൽക്കരിപ്പു!
നന്നായനുനയത്താൽ വാമയാമപരയെ
നന്ദിപ്പിച്ചിണക്കുവാനനുഗമിപ്പു!—
ഗോപികാവരിതനായീദൃശകേളികളിൽ
ഗോപാലബാലനതാ ലാലസിപ്പു!

8

പാവിതം, ജയദേവനിർമ്മിത,മിദം ഗീതം,
ഭാവുകപ്രദം, ഭാവസങ്കലിതം;
കേശവകേളീരഹസ്യാമലം, ഹർഷലോലം
പേശലം, യശസ്സിദ്ധിക്കേകമൂലം;
അച്ഛനമാവതാർതൻ തൃച്ചേവടിത്തളിരി-
ലച്യുത,നബ്ജഗവാൻ, വിശപനാഥൻ,
സുന്ദരഗോപകന്യാവൃന്ദസമാവൃതനായ്
വൃന്ദാവനാന്തരത്തിലുല്ലസിപ്പു!

13

ആനന്ദം ഭക്തലോകത്തിനു പരിചിലണ-
ച്ചൽപലശ്യാമളശ്രീ-
യൂനം വിട്ടോലുമംഗോൽഗളിതസുഷമയാ-
ലുത്സവം കാമനേകി,

Digitized By Kerala Sahitya Akademi

തേനഞ്ചുംവാണിമാരാം വ്രജരമണികുലം *
　　ചുററിലും ചേൎന്നു പുല്കി-
സ്സാനന്ദം ക്രീഡചെയ്യു ഹരി, മധുവിതി,ലു-
　　ന്മത്തശൃംഗാരമായി!

14

മാലേയാമലമാരുതൻ പരിസര-
　　സ്ഥോഗ്രോരഗാക്രാന്തനായ്
പ്രാലേയപ്ലവനേച്ഛയാ ഹിമനഗം
　　ലക്ഷീകരിച്ചങ്ങനെ,
ചേലോടങ്ങു ഗമിപ്പു, കോകിലകുലം
　　ചഞ്ചദ്രസാലാങ്കുര-
ശ്രീലോദ്രേകസമീക്ഷജോന്മദഭരം
　　ഘോഷിപ്പു കൂകൂരവം.

15

ഉത്സിക്തദ്രാസലീലാരസഭരിതകളാ-
　　മുജ്ജ്വലാപാംഗിമാൎത്ത-
ന്നുത്സംഗേ നീതയാമപ്രണയവിവശയാം
　　രാധയാലാത്തമോദം,
ഉത്സേധശ്രീയെഴുന്നോരുരസിജപരിരം-
　　ഭാനുപൂൎവ്വം, 'സുധാൎദ്രം
തത്ത്വനസ്സിദ്ധമാസ്യം', നതിയിദമരുള-
　　പ്പെട്ട ശൗരേ, നമസ്തേ!!......

* വ്യാകരണം പിഴച്ചിട്ടുണ്ടെങ്കിൽ 'പശുപരമണിമാർ' എന്നാകാം.

Digitized By Kerala Sahitya Akademi

രണ്ടാം സൎഗ്ഗം

അക്ലേശകേശവം

16

ഗോപനാരികളിലൊന്നുപോൽ പ്രണയമംബു-
ജേക്ഷണനു കാൺകയാൽ
കോപമാൎന്നുടനുയന്നക,ന്നകലെ വന്ന
രാഗവതി രാധിക
ക്ഷീബഭൃംഗശതധംകൃതാകലിതകുഞ്ജ-
മൊന്നിൽ, വിരഹവ്യഥാ-
വേപമോടൊളിവിൽ വാണു തോഴിയൊടു ദീന-
ദീനമിദമോതിനാൾ.

ഗീതം അഞ്ച്

ഗോക്കളിൽ ക്ഷീരസമൃദ്ധി,തൻനിശ്വാസ-
മേല്ക്കെ, മേന്മേൽ സ്വയം സഞ്ജാതമാകുവാൻ,
ചെന്തളിർച്ചുണ്ടിൽത്തുളുമ്പും സുധാധാര
സന്തതം ചേൎന്നു മധുരമായങ്ങനെ,
നിശ്ശേഷലോകാനുഭൂതിദഗീതികൾ
നിൎഗ്ഗളിപ്പിക്കുന്നൊരോടക്കുഴലുമായ്;
ചഞ്ചൽദൃഗഞ്ചലശ്രീയൊടു,മാ നൃത്ത-
സഞ്ചാരമൊപ്പിച്ചിളകും ശിരസ്സൊടും,
നീലോല്പലോജ്ജ്വലശ്യാമഗണ്ഡങ്ങളി-
ലാലോലകുണ്ഡലോത്ഭിന്നതേജസ്സൊടും,
രാസവിഹിതവിലാസത്തൊടും, പരി-
ഹാസമോടെൻനേക്കുതിൎത്ത ഹാസത്തൊടും,
അങ്ങുല്ലസിക്കുമക്കാർവൎണ്ണനെക്കഷ്ട-
മിങ്ങിരുന്നോൎത്തോൎത്തു വീൎപ്പിട്ടിടുന്നു ഞാൻ!

Digitized By Kerala Sahitya Akademi

2

ചന്ദ്രകരഞ്ജിതമായൂരപിഞ്ഛികാ-
സുന്ദരമണ്ഡലാലംകൃതകേശനായ്,
ഇന്ദ്രചാപാങ്കിതസ്നിഗ്ദ്ധാംബുദോപമ-
നന്ദനീയാകർഷകോജ്ജ്വലവേഷനായ്,
രാസവിഹിതവിലാസത്തൊടും, പരി-
ഹാസമോടെൻനേർക്കുതിർത്ത ഹാസത്തൊടും,
അങ്ങുല്ലസിക്കുമക്കാർവർണ്ണനെ,ക്കഷ്ട-
മിങ്ങിരുന്നോർത്തോർത്തു വീർപ്പിട്ടിടുന്നു ഞാൻ!

3

ഗോപനിതംബിനിമാർതൻ മദഭര-
വേപിതാർദ്രാസ്യവികസ്വരാബ്ജങ്ങളിൽ,
ഉമ്മവെയ്ക്കാൻ കൊതിച്ചാ മൃദുബന്ധൂക-
രമ്യാധരത്തിൽ തുളുമ്പും സ്മിതവുമായ്,
രാസവിഹിതവിലാസത്തൊടും, പരി-
ഹാസമോടെൻനേർക്കുതിർത്ത ഹാസത്തൊടും,
അങ്ങുല്ലസിക്കുമക്കാർവർണ്ണനെ,ക്കഷ്ട-
മിങ്ങിരുന്നോർത്തോർത്തു വീർപ്പിട്ടിടുന്നു ഞാൻ!

4

കോരിത്തരിപ്പിലാ രോമങ്ങൾ ജൃംഭിച്ച
കോമളാജാനകരപല്ലവങ്ങളാൽ,
ആയിരമംഗനാവല്ലികളെസ്വയ-
മാലിംഗനാച്ഛാദിതാംഗികളാക്കിയും,
കാലിലും കൈയിലും മാറിലുമൊന്നുപോൽ
ചേലഞ്ചി മിന്നും വിശിഷ്ടരത്നാഭയാൽ,
ബന്ധുരാകാരൻ, നിജാന്തികമെപ്പൊഴു-
മന്ധകാരാവലിക്കപ്രാപ്യമാക്കിയും;

ഹൻ

Digitized By Kerala Sahitya Akademi

രാസവിഹിതവിലാസത്തൊടും, പരി-
ഹാസമോടെൻനേക്കു തിത്ത ഹാസത്തൊടും
അങ്ങുല്ലസിക്കുമക്കാർവർണ്ണനെ,ക്കഷ്ട-
മിങ്ങിരുന്നോർത്തോർത്തു വീർപ്പിട്ടിടുന്നു ഞാൻ!

5

സഞ്ചരിച്ചീടും വലാഹകശ്രേണിയാൽ
ചഞ്ചലത്തായ്ത്തോന്നുമച്ചന്ദ്രമണ്ഡലം,
നിന്ദിതമാംവിധം, സുന്ദരചന്ദന-
ബിന്ദുവാലങ്കിതമാം ലലാടത്തൊടും,
കുന്നെതിർക്കൊങ്കകളെത്ര മട്ടിക്കിലും
കുന്നിക്കിളകാത്ത ഹൃൽക്കവാടത്തൊടും,
അങ്ങുല്ലസിക്കുമക്കാർവർണ്ണനെ,ക്കഷ്ട-
മിങ്ങിരുന്നോർത്തോർത്തു വീർപ്പിട്ടിടുന്നു ഞാൻ.

6

ഉന്നിദ്രശോഭം വിശിഷ്ടരത്നാഢ്യമായ്
മിന്നും മകരമനോഹരകുണ്ഡലം,
മന്ദേതരമായി മണ്ഡനം ചെയ്യുന്നൊ-
രിന്ദീവരോജ്ജ്വലഗണ്ഡയുഗ്മത്തൊടും;
പാരമുദാരനായ്; പ്രേമപ്രസന്നനായ്,
ചാരുപീതാംബരാലംകൃതഗാത്രനായ്,
മാമുനിമുഖ്യരും വൃന്ദാരകാഢ്യരും
മാനവശ്രേഷ്ഠ,രസുരപ്രവരരും,
ഒന്നിച്ചു നന്ദിച്ചു വന്ദിച്ചു, ഹാ, തന്നൊ-
ടൊന്നിച്ചെഴുന്നൊരാബ്ഭക്തസംഘത്തൊടും;
രാസവിഹിതവിലാസത്തൊടും, പരി-
ഹാസമോടെൻനേക്കു തിത്ത ഹാസത്തൊടും,
അങ്ങുല്ലസിക്കുമക്കാർവർണ്ണനെ,ക്കഷ്ട-
മിങ്ങിരുന്നോർത്തോർത്തു വീർപ്പിട്ടിടുന്നു ഞാൻ!

Digitized By Kerala Sahitya Akademi

7

പൂവിട്ടുനില്ക്കും കദംബവൃക്ഷത്തിൻെറ
പൂരിതസൗരഭശ്യാമളച്ഛായയിൽ,
സുസ്ഥിതനായി,ക്കലികലുഷഭയ-
മസ്തമിപ്പിക്കുന്ന തേജസ്വരൂപിയായ്;
കാമജോദ്വേഗതരംഗതരളിത-
കോമളാലോലദൃഗഞ്ചലകേളിയാൽ,
ആകർഷകമാം വപുസ്സിനാലെന്നെയും
രാഗാർദ്രമാമിസ്മൃതികളിലെങ്കിലും,
ഉല്പന്നകൗതുകം സല്ലീലമിപ്പൊഴ-
മല്പമൊന്നാരമിപ്പിച്ചുകൊണ്ടാർദ്രനായ്;
രാസവിഹിതവിലാസത്തൊടും, പരി-
ഹാസമോടെൻനേക്കതിത്ത ഹാസത്തൊടും,
അങ്ങുല്ലസിക്കുമക്കാർവർണ്ണനെ,ക്കഷ്ട-
മിങ്ങിരുന്നോർത്തോർത്തു വീർപ്പിട്ടിടുന്നു ഞാൻ.

8

ശ്രീജയദേവകവിയാൽ ഭണിതമാ-
യാ ജഗന്നാഥസ്വരൂപചിത്രാഢ്യമായ്,
അക്കാരണത്താൽ തദീയപാദാബ്ജങ്ങ-
ളുൾക്കാമ്പിലോർക്കാൻ തികച്ചനുരൂപമായ്,
വർണ്ണനാപൂർണ്ണമായുള്ളൊരിഗ്ഗീതകം,
പുണ്യവാന്മാർക്കെന്നുമേകട്ടെ മംഗളം!
ഏതേതു ദേവൻെറ തൃപ്പാദപൂജയി-
ഗ്ഗീത,മാ ദേവനെ,ക്കാർമുകിൽവർണ്ണനെ,
ഭദ്രാനുരാഗിണി രാധതൻ നാഥനെ
ഭക്തിപൂർവ്വം സ്മരിച്ചഞ്ജലിചെയ്യു ഞാൻ!

Digitized By Kerala Sahitya Akademi

17

എന്നെക്കൂടാതെയന്യാംഗനകളുമൊരുമി-
ച്ചച്ച്യുതൻ ക്രീഡയാടു-
ന്നെന്നിട്ടും തൽഗുണൗഘം മമ സഖി, മനസാ
കീർത്തനം ചെയ്കയാം ഞാൻ
എന്നാത്മാവന്യമൊന്നിൽഭ്രമമിയലുകിലും
സംക്രമിപ്പീല, തോഷാ-
ലൊന്നായ് ദോഷംത്യജിച്ചാശയിലുഴറുകയാ-
ണെന്തിനിച്ചെയ്‌വു ഹാ, ഞാൻ?

ഗീതം ആറ്

അല്ലിലൊരാളുമറിഞ്ഞിടാതീ മലർ-
വല്ലിക്കുടിലിലൊരുങ്ങിയെത്തി,
ആസന്നസദ്രതിക്രീഡാത്മകാവേശ-
ഭാസമാനോൽഫുല്ലഹാസനായി,
പാരമുദാരനായ്, ശൃംഗാരസങ്കല്പ-
സാരവികാരസമേതനായി,
കാമനുംകാമനായുല്ലസിച്ചീടുമ-
ക്കാർമുകിൽവർണ്ണനെ,ക്കേശവനെ;
നിർജ്ജനകുഞ്ജകപ്രാപ്തയായ്, സംഭ്രമ-
നിഭൃതനീലവിലോചനയായ്,
ഭാവതരളയായ്, കാമമനോരഥ-
ഭാവിതയാമെന്നോടൊത്തിണക്കി,
ഉന്നതകൗതുകമുൽച്ചേർത്തുമാറൊന്നു
നന്നായ് രമിപ്പിക്കു മൽസഖി, നീ!

2

ഓരോ പദത്തിലും കോരിത്തരിച്ചുപോ-
മോരോരോ ചാടുവാക്കോതിയോതി,

Digitized By Kerala Sahitya Akademi

അത്യാകുലനായ്, പ്രേമാർദ്രമെൻമന-
മല്പാല്പമായിക്കവ,ന്നൊട്ടുവിൽ,
ഞാനെന്നെത്തന്നെ മറക്കുമാ,റെന്നെയൊ-
രാനന്ദമൂർച്ഛയ്ക്കധീനയാക്കി,
അത്തല്പി,ലത്രമേൽ തന്ത്രേത്തി,ലെൻമടി-
ക്കുത്തഴിച്ചംശുകം സ്രസ്തമാക്കി,
കാമനും കാമനായുല്ലസിച്ചീടുമ-
ക്കാർമുകിൽവർണ്ണനെ,ക്കേശവനെ;
ആദ്യസമാഗമലജ്ജിതയായ്, പ്രണ-
യോദ്യൽസ്മിതാർദ്രസുഭാഷിണിയായ്,
ഭാവതരളയായ്, കാമമനോരഥ-
ഭാവിതയാമെന്നോടൊത്തിണക്കി,
ഉന്നതകൗതുകമുൾച്ചേരുമാറൊന്നു
നന്നായ് രമിപ്പിക്കു മൽസഖി, നീ!

3

അന്യഗോപാംഗനാചിന്തയേലാതെന്നി-
ലന്യൂനമാകുമാസക്തിയേന്തി,
തന്നധരങ്ങൾ ഞാൻ പുല്കി നുകന്നുകൊ-
ണ്ടെന്നുരസ്സിൽച്ചിരം ചേർന്നു പററി,
കാമനും കാമനായുല്ലസിച്ചീടുമ-
ക്കാർമുകിൽവർണ്ണനെ,ക്കേശവനെ;
ഉല്ലാസലോലയാ,യുല്ലസൽപ്പല്ലവ-
തല്പജതല്പകശായിതയായ്,
ആലിംഗനോദ്യൽപ്പുളകാങ്കിതാംഗിയാ-
യാചുംബനോത്സവപ്രീണിതയായ്,
ഭാവതരളയായ്, കാമമനോരഥ-
ഭാവിതയാമെന്നോടൊത്തിണക്കി;
ഉന്നതകൗതുകമുൾച്ചേരുമാറൊന്നു
നന്നായ് രമിപ്പിക്കു മൽസഖി, നീ!

Digitized By Kerala Sahitya Akademi

4

കോമളശ്രീലകപോലതലങ്ങളിൽ
കോൾമയിർക്കുമ്പുകൾ ചിന്നി മിന്നി,
ഉത്തമചിത്തജകല്പിതദർപ്പത്താ-
ലുദ്ദീപ്തഭാവാദ്ദ് ചിത്തനായി,
കാമനും കാമനായുല്ലസിച്ചീടുമ-
ക്കാർമുകിൽവർണ്ണനെ,ക്കേശവനെ;
ആലസ്യദോന്മദസ്സുത്തിയാൽത്തെല്ലൊന്നു
മീലിതമായ മിഴികളുമായ്,
ആരബ്ധമാന്മഥക്രീഡോദിതസ്വേദ-
പൂരിതസ്നിഗ്ദ്ധശരീരിണിയായ്,
ഭാവതരളയായ്, കാമമനോരഥ-
ഭാവിതയാമെന്നോടൊത്തിണക്കി;
ഉന്നതകൗതുകമുൾച്ചേരുമാറൊന്നു
നന്നായ് രമിപ്പിക്കു മൽസഖി, നീ!

5

ചിന്തനാതീതസരസിജസായക-
തന്ത്രവിചാരവിചക്ഷണനായ്,
ചാമീകരാഭമെൻ പീനസ്തനങ്ങളിൽ
ചാരുനഖക്ഷതമാല ചാർത്തി,
കാമനും കാമനായുല്ലസിച്ചീടുമ-
ക്കാർമുകിൽവർണ്ണനെ,ക്കേശവനെ;
മുഗ്ദ്ധകപോതപരഭൃതകൂജിത-
മൊത്ത സീൽക്കാരങ്ങളൊത്തിണങ്ങി,
പുഷ്പാംബുദോജ്ജ്വലവിശ്ലഥവേണിയിൽ
പുഷ്പങ്ങളങ്ങിങ്ങുതിർന്നു തങ്ങി,
ഭാവതരളയായ്, കാമമനോരഥ-
ഭാവിതയാമെന്നോടൊത്തിണക്കി;

Digitized By Kerala Sahitya Akademi

ഉന്നതകൗതുകമുൾച്ചേരുമാറൊന്നു
നന്നായ് രമിപ്പിക്കു മൽസഖി, നീ!

6

മൈഥുനക്രീഡാവിധികളൊന്നെങ്കിലും
ശൈഥില്യമേല്ക്കാതെ, പൂർത്തിയാക്കി,
എൻമുടിക്കെട്ടിൽ പിടിച്ചുകൊണ്ടെൻമുഖ-
ത്തുണ്മയോടുള്ളഴിഞ്ഞുമ്മയേകി,
കാമനും കാമനായുല്ലസിച്ചീടുമ-
ക്കാർമുകിൽവർണ്ണനെ, കേശവനെ;
മഞ്ജുമണിമയമഞ്ജീരസഞ്ജാത-
ശിഞ്ജിതരഞ്ജിതപാദയായി,
മെല്ലെക്കുലുങ്ങിക്കിലുങ്ങിയുലഞ്ഞൊന്നൊ-
രുല്ലസൽപ്പൊന്നരഞ്ഞാളുമായി,
ഭാവതരളയായ്, കാമമനോരഥ-
ഭാവിതയാമെന്നോടൊത്തിണക്കി;
ഉന്നതകൗതുകമുൾച്ചേരുമാറൊന്നു
നന്നായ് രമിപ്പിക്കു മൽസഖി, നീ!

7

.പ്രേമാനുരഞ്ജിതാത്മോത്സവമാകുമ-
ക്കാമലീലാപ്ലാനുഭൂതിയിങ്കൽ,
സ്തോകമുകുളിതമോഹനലോചന-
സൂകസുരമ്യദളങ്ങളുമായ്,
കാമനും കാമനായുല്ലസിച്ചീടുമ-
ക്കാർമുകിൽവർണ്ണനെ, കേശവനെ;
സംഭോഗസഞ്ജാതസന്തോഷസിദ്ധിയിൽ
സംഭരിതാലസ്യലാലസയായ്,
ക്ഷീണതയാലതുമേൽ നിസ്സഹമായ്, വാടി
വീണോരുടലലർവല്ലിയോടെ,

Digitized By Kerala Sahitya Akademi

ഭാവതരളയായ് കാമമനോരഥ-
ഭാവിതയാമെന്നോടൊത്തിണക്കി;
ഉന്നതകൗതുകമുൾച്ചേർത്തുമാറൊന്നു
നന്നായ് രമിപ്പിക്കു മൽസഖി, നീ!

8

ഹാ, ജഗന്നായകക്രീഡോത്സവാർദ്രമി-
ശ്രീജയദേവഭണിതഗീതം,
ഉൽക്കണ്ഠയുൾച്ചേർന്നു വാഴുമാ രാധയാ-
ലുക്ത,മിതേകട്ടെ നിത്യസൗഖ്യം!
ആരുടെ തൃക്കാൽക്കലഞ്ജലിചെയ്യുഞാ-
നീ രമ്യഗീത,മക്കേശവനെ,
കാമനും കാമനെ,ക്കാരുണ്യപൂർണ്ണനെ-
ക്കാർമുകിൽവർണ്ണനെ,ക്കൈതൊഴുന്നേൻ!

18

എന്നെക്കാൺകെ വനത്തിൽ, വേണു തനിയേ
തൻകൈയിൽനിന്നൂർന്നുവീ-
ണൊന്നായ്ച്ചില്ലി ചുളിച്ചു വല്ലവികളാ
നേക്കുറ്റുനോക്കീടവേ;
സ്വിന്നശ്രീലകപോലനായ്, സ്മയമയ-
സ്മേരാമൃതാർദ്രാസ്യനായ്
നിന്നോരവ്വ്രജകന്യകാവരിതനെ-
ദ്ദർശിപ്പൂ, ഹർഷിപ്പൂ ഞാൻ!

19

നോക്കിക്കാണാൻ ഞെരുങ്ങുംവടിവവിടവിടെ-
പ്പിഞ്ചിളംമൊട്ടു പൊട്ടി-
പ്പൂക്കും കങ്കേളി, പൊസ്കസ്തൂരികിലരിയവൃ-
ങ്കാവിലോലും സമീരൻ,

വന്നു

Digitized By Kerala Sahitya Akademi

വാസ്സംഝംകാരപൂരസഞ്ചാരമൊടിളകിടും
ഭൃംഗികാരാശിപുല്കി-
പ്പൂക്കും തേമാ,വിതെല്ലാമയി സഖി, മമ ഹൃ-
ത്താരിലത്യാധി ചേർപ്പൂ!

20

സാകൂതസ്മിതരായി വാർമുടിയഴി-
ഞ്ഞാകുഞ്ചിതഭ്രൂക്കളായ്
രാകേശാഭ്നഖക്ഷതാവൃതലസ-
ദഞ്ചിക്ഷുബ്ധവക്ഷോജരായ്,
ആകമ്രസ്ഥൂലപൂർവ്വകം ഭുജലതാ-
മൂലാവലോകം തെളി-
ഞ്ഞേകും ഗോപികളായ് രമിച്ച ഭഗവാ-
നേകട്ടെ നിത്യം ശുഭം!

Digitized By Kerala Sahitya Akademi

മൂന്നാം സർഗ്ഗം

മുഗ്ദ്ധമധുസൂദനം

21

കംസാരിയായിസ്സംസാര-
വാസനാബദ്ധനാം ഹരി,
സംത്യജിച്ചു രാധികയെ-
ച്ചിന്തി,ച്ചന്യവധൂക്കളെ.

22

അനംഗപീഡാകുലനാനുശായിതൻ
വനത്തിലങ്ങിങ്ങു തിരഞ്ഞു രാധയെ
ഇനാത്മജാക്കൂലനികുഞ്ജമൊന്നിൽ വ-
ന്നണഞ്ഞു, കാണാഞ്ഞഴലാന്നു മാധവൻ.

ഗീതം ഏഴ്

മുഗ്ദ്ധഗോപവിലാസിനിമാർ തൻ
മദ്ധ്യത്തിലെന്നെക്കാൺകയാൽ,
രുഷ്ടയാ,യപരാധിയാമെന്നെ
വിട്ടകന്നുപോയ് രാധിക.
ഹാ,'തടുത്തീല പോയിടായ്കെന്നു
ഭീതചിത്തനായ് നിന്ന ഞാൻ.
താനനാദൃതയായതിലഭി-
മാന ജൃംഭിതകോപയായ്,
ഹന്ത, വേർപെട്ടു പോയിതോമലാ-
ളെന്തിനിച്ചെയ്യതിന്നു ഞാൻ?

Digitized By Kerala Sahitya Akademi

2

കഷ്ടമയ്യോ, ചിരവിരഹത്താൽ
കത്തുകയാണാ മാനസം.
എന്തു ചെയ്യുമോ ദീനയാമവ-
ളെന്തു വാക്കുകളോതുമോ?
എന്തു കാര്യം ധനജനസുഖ-
മന്ദിരാദികൾകൊണ്ടു മേ?
താനനാദൃതയായതിലഭി-
മാനജൃംഭിതകോപയായ്,
ഹന്ത വേർപെട്ടു പോയിതോമലാ-
ളെന്തിനിച്ചെയ്യതിന്നു ഞാൻ?

3

ചഞ്ചലനീലഭൃംഗരഞ്ജിത-
മഞ്ജുളാരുണാബ്ജോപമം,
കോപവക്രിതഭ്രൂലതാങ്കിത-
കോമളാസ്യമതോർപ്പൂ ഞാൻ.
താനനാദൃതയായതിലഭി-
മാനജൃംഭിതകോപയായ്,
ഹന്ത, വേർപെട്ടു പോയിതോമലാ-
ളെന്തിനിയിന്നു ചെയ്വു ഞാൻ?

4

അന്തരംഗസ്ഥയാമവളെ ഞാൻ
സന്തതം രമിപ്പിക്കവെ,
എന്തിനായ്ത്തിരക്കുന്നു പിന്നെ ഞാൻ
ഹന്ത,യീ വനവീഥിയിൽ?
ചിന്തയിൽ മനം നൊന്തുനൊന്തവ-
മെന്തിനായ് വിലപിപ്പൂ ഞാൻ?

Digitized By Kerala Sahitya Akademi

താനനാദൃതയായതിലഭി-
മാന ജൃംഭിതകോപയായ്,
ഹന്ത, വേർപെട്ടുപോയിതോമലാ-
ളെന്തിനിയിന്നു ചെയ്‌വു ഞാൻ?

5

അന്തികത്തിൽനിന്നെന്നെ വിട്ടേവ-
മെന്തിനോമനേ, പോയി നീ?
ഖിന്നമാണു വെറുമസൂയയാൽ
സന്നതാംഗി, നിൻമാനസം.
ആകയാൽ നിനക്കാകകില്ലെനി-
യ്ക്കേകുവാനിന്നു സാന്ത്വനം.
താനനാദൃതയായതിലഭി-
മാനജൃംഭിതകോപയായ്,
ഹന്ത, വേർപെട്ടു പോയിതോമലാ-
ളെന്തിനിച്ചെയ്യുതിന്നു ഞാൻ?

6

നിന്നെയോമനേ, കാണ്മു, ഹന്ത ഞാൻ
മുന്നി,ലിങ്ങിതാ നില്പു നീ.
ഉണ്മയിൽപ്പിന്നെയെന്തുകൊണ്ടെണ-
ഞ്ഞുമ്മവെയ്ക്കതില്ലെന്നെ നീ?
കാതരാക്ഷി, ഹാ, തെല്ലുമിന്നതിൻ
കാരണമറിവീല ഞാൻ.
താനനാദൃതയായതി,ലഭി-
മാനജൃംഭിത കോപയായ്,
ഹന്ത, വേർപെട്ടു പോയിതെന്നോമ-
ലെന്തിനിച്ചെയ്യേണ്ടു ഞാൻ?

Digitized By Kerala Sahitya Akademi

7

മോഹിനി, മാപ്പലിഞ്ഞു നല്കുകെൻ
സാഹസത്തിനെനിക്കു നീ.
ഇല്ലപരാധമീദൃശം മേലി-
ലില്ല ചെയ്യുകയില്ല ഞാൻ.
മന്മഥാകുലനാണു ഞാൻ, തത്ര
കണ്മണീ, തവ ദർശനം!
താനനാദൃതയായതിലഭി-
മാനജൃംഭിതകോപയായ്,
ഹന്ത, വേർപെട്ടു പോയിതെന്നോമ-
ലെന്തിനിച്ചെയ്യതിന്നു ഞാൻ?

8

അത്ര ഭക്തനായ് 'തിന്ദുവില്വ'മാ-
മബ്ധിയിങ്കൽനിന്നുത്ഥനായ്,
സോമകല്പകനായ്, ജയദേവ-
നാമനാകും കവിയിതാ,
യാതൊരു പദപങ്കജത്തിലി-
ഗ്ഗീതിയഞ്ജലിചെയ്തിതോ,
അപ്പവിത്രഹരിപദയുഗ-
മെപ്പൊഴുമേകും മംഗളം!

23

തണ്ടാർസായക, മൽഗ്ഗളത്തിൽ ഗരള-
ശ്രീയല്ല, നീലോല്പല-
ച്ചെണ്ടാ,ണബ്ജ്ജ ഭുജഗേശന,ല്ലദകജ-
ത്തണ്ടാണുരസ്സിങ്കൽ മേ.
കണ്ടിടുന്നതു ഭസ്മമല്ലുടലിൽ മേ,
മാലേയമാ,ണെന്തിനായ്-
ക്കൊണ്ടെൻനേർക്കു വരുന്നു നീ, വിരഹി ഞാ-
നെയ്യാൻ ഹരഭ്രാന്തിയാൽ?

Digitized By Kerala Sahitya Akademi

24

ലോകം ലീലയിൽ വെന്ന മന്മഥ, കുല-
ച്ചെൻനേക്കു നിൻവില്ലു, നീ
ത്തൂകായ്കസ്ത്രശതങ്ങളും, മൂർച്ഛിതരെയെ-
ന്നർദ്ദിപ്പതിൽ പൗരുഷം?
ഹാ, കഷ്ടം, ഹരിണാക്ഷിതൻ കടമിഴി-
ക്കോണെയ്ത ക്രൂരമ്പുകൊ-
ണ്ടാകെ ച്ഛിദ്രിതമെൻഹൃദന്തം;മതിനി-
ല്ലാശ്വാസമിന്നല്പവും!

25

ഹാ, മന്മവ്യഥ ചില്ലിവില്ലിൽ മിഴിയ-
മ്പേകട്ടെ, ചെയ്യട്ടതി-
ശ്യാമാത്മത്വമെഴുന്നൊരക്കുടിലമാം
വാർക്കുന്തൽ മാരോദ്യമം.
വാമേ, മോഹമണച്ചിടട്ടിവനു നിൻ-
രാഗാർദ്രബിംബാധരം
ഭീമോഗ്രവ്യഥ ചേക്കിലോ മനസി നിൻ-
സദ്വൃത്തവക്ഷോരുഹം?

26

ഏതോമൽകരപത്മസംഗമസുഖം,
ചഞ്ചൽകടാക്ഷോത്സവം,
ത്വതാസ്യാംബുജസൗരഭം, സുധിതമാ-
മാവക്രസംഭാഷണം
ചേതസ്സാൽ നുകരുന്നിതേതധരമാ-
ധുര്യം സതൃഷ്ണം സ്വയം
ജാതം കല്പനയിങ്കലൊക്കയുമ,താർ-
ക്കെണ്ടാ വിയോഗാതപം?...

Digitized By Kerala Sahitya Akademi

27

ചേണഞ്ചിടുന്ന പുരികക്കൊടിവില്ലു, കൂത്ത
ബാണങ്ങളായെഴമപാംഗതരംഗജാലം;
ഞാണായ കണ്ണു,മിവയൊത്തു ലസിപ്പൂ, പുഷ്പ-
ബാണൻെറ ദിഗ്വിജയജംഗമദേവതേ, നീ!

28

താളത്തോടൊത്തു പീലിത്തിരുമുടിയിളകി,-
സ്സാന്ദ്രമാം വേണുഗാനം
മേളിക്കെത്തൽസ്സരിത്തിൽ ഹൃദയമലിയുമാ-
മുഗ്ദ്ധമാർ കണ്ടിടാതെ,
ഓളം രാധാകപോലങ്ങളിലിളകിയനു-
സ്യൂതമായാപതിക്കും
ലീലാഗോപാലനേത്രാഞ്ചലമനവരതം
നിങ്ങളെക്കാത്തിടട്ടേ!

Digitized By Kerala Sahitya Akademi

നാലാം സർഗ്ഗം

സ്നിഗ്ദ്ധമധുസൂദനം

29

വാരാളും യമുനാതീരേ
വരവാനീരകുഞ്ജകേ,
വാടി വാഴും കൃഷ്ണനോടു
വദിച്ചു രാധികാസഖി:—

ഗീതം എട്ട്

മാധവ, ഹാ, തവ വിപ്രയോഗത്തിനാ-
ലാധിപൂണ്ടാവിലയായി,
അങ്ങവളംഗജസായകഭീതപോ-
ലങ്ങയെദ്ധ്യാനിച്ചിരിപ്പൂ.
ചന്ദനച്ചാറവൾ നിന്ദിച്ചധീരയായ്
ചന്ദ്രിക നോക്കിത്തപിപ്പൂ.
കാളസർപ്പാശ്ലിഷ്ടമാലേയമാരുതൻ
കാകോളമെന്നുതാനോർപ്പൂ.

2

തന്മലർമെയ്യിലിടവിടാതേല്ക്കുമാ
മന്മഥാസ്ത്രങ്ങളിൽനിന്നും,
ഉദ്ഗസമങ്ങയെപ്പാലനംചെയ്യവാ-
നുദ്യമിക്കുന്നതുപോലേ,
അർപ്പിതശീകരപൂരശിശിരമാ-
മബ്ജദളാവലിയാലേ,

Digitized By Kerala Sahitya Akademi

വിശ്ലിഷ്ടകഞ്ചുകമാക്കകയാണവൾ
വിസ്തൃതോരസ്ഥലം ചാലേ!
മാധവ, ഹാ, തവ വിപ്രയോഗത്തിനാ-
ലാധിപൂണ്ടാവിലയായി,
അങ്ങവളംഗജസായകഭീതപോ-
ലങ്ങയെദ്ധ്യാനിച്ചിരിപ്പൂ.

3

വിഭ്രമശില്പവിലാസോജ്ജ്വലസുമ-
വിദ്രുമതല്പമൊരുക്കി,
ഹാ, ചിരം താവകാശ്ലേഷപ്രമോദാർത്ഥ-
മാചരിക്കം വ്രതംപോലെ,
തല്പലതിലിന്നു പഞ്ചശരശര-
ശയ്യാശയനം വഹിപ്പൂ.
മാധവ, ഹാ, തവ വിപ്രയോഗത്തിനാ-
ലാധിപൂണ്ടാവിലയായി,
അങ്ങവളംഗജസായകഭീതപോ-
ലങ്ങയെദ്ധ്യാനിച്ചിരിപ്പൂ!

4

ഘോരനാം രാഹുവിൻ ദംശനമേല്പിക്ക-
മോരോ വടുക്കളിൽനിന്നും,
വീതവിരാമം സുധാകണമിററിററു
വീഴും വിധുവിനെപ്പോലെ,
ആരമ്യദർശനമാണശ്രുപൂർണ്ണമാ-
മാരോമലിൻ വദനാബ്ജം!
മാധവ, ഹാ, തവ വിപ്രയോഗത്തിനാ-
ലാധിപൂണ്ടാവിലയായി,
അങ്ങവളംഗജസായകഭീതപോ-
ലങ്ങയെദ്ധ്യാനിച്ചിരിപ്പൂ!

Digitized By Kerala Sahitya Akademi

5

മന്മഥമന്മഥനായീടുമങ്ങതൻ
മംഗളമഞ്ജുളരൂപം,
ഹാ, രഹസ്സിങ്കൽ, മൃഗമദച്ചാറെട-
ുത്താരചിച്ചീടിനശേഷം,
ചേലിൽ മകരമത്സ്യത്തിനെക്കീഴിലാ-
യാലേഖനം ചെയ്തൊട്ടുവിൽ,
സാദരമപ്പിച്ചു പാണിയിൽ സസ്മിതം
സായകമാ, നവചൂതം;
എന്നിട്ടു, കൈ കൂപ്പി നിന്നവൾ താവക-
മുന്നിൽ പ്രണമിച്ചു പാവം!
മാധവ, ഹാ, തവ വിപ്രയോഗത്തിനാ-
ലാധിപൂണ്ടാവിലയായി,
അങ്ങവളംഗജസായകഭീതപോ-
ലങ്ങയെ ധ്യാനിച്ചിരിപ്പൂ!

6

"ദണ്ഡനമസ്തുതി, മാധവ, ത്വൽപദ-
പുണ്ഡരീകത്തിൽ ഞാൻ ചെയ്വൂ.
ഇങ്ങെന്നിലയ്യോ, പരാങ്മുഖനായേവ-
മങ്ങിരിക്കുന്നതുമൂലം,
എൻതനു മററും ദഹിപ്പിപ്പൂ പീയൂഷം
ചിന്തുമച്ചന്ദ്രാദിയെല്ലാം."
ഓതുകയാണവൾ സാതപമങ്ങയോ-
ടോരോ നിമേഷവുമേവം.
മാധവ, ഹാ, തവ വിപ്രയോഗത്തിനാ-
ലാധിപൂണ്ടാവിലയായി,
അങ്ങവളംഗജസായകഭീതപോ-
ലങ്ങയെ ധ്യാനിച്ചിരിപ്പൂ!

Digitized By Kerala Sahitya Akademi

7

ധ്യാനലയത്താൽ, ദൂരാപനാമങ്ങളെ
മാനസദൃഷ്ടിതൻ മുന്നിൽ,
കല്പിച്ചു കേഴുന്നു, പൊട്ടിച്ചിരിക്കുന്നു
കഷ്ടം, തപിക്കുന്നു പാരം.
രോദനം ചെയ്യുന്നു, പെട്ടെന്നടങ്ങുന്നു
ഖേദം ത്യജിക്കുന്നു, പാവം!
മാധവ, ഹാ, തവ വിപ്രയോഗത്തിനാ-
ലാധിപൂണ്ടാവിലയായി,
അങ്ങവളംഗജസായകഭീതപോ-
ലങ്ങയെ ധ്യാനിച്ചിരിപ്പൂ.

8

മാധവദർശനമാശിച്ചു കേഴുന്ന-
രാധതൻ, ധന്യയാം തോഴി,
ഓതിയതേവം ജയദേവനാം കവി
ഗീതമാക്കീടുമീ വാക്യം—
ആടിനടിക്കാനുമുണ്ടിതിൽ വൈശിഷ്ട്യം
പാടിപ്പഠിക്കാനും പാരം.
ഏതേതു ദേവൻെറ തൃച്ചേവടികളിൽ
ഗീതമിതഞ്ജലി ചെയ്വൂ,
രാധയാ മാധവധ്യാനനിമഗ്നയാ-
യാധിയുൾച്ചേർന്നാവസിപ്പൂ!

30

ആവാസം വിപിനം, സഖീകുലമഹോ,
ജാലം, സനിശ്വാസമുൾ-
ത്താവും താപമവൾക്കു ദാവദഹനാ-
ജ്വാലാകലാപോപമം.

Digitized By Kerala Sahitya Akademi

പാവം മൽസഖി പേടമാൻ വടിവിലാ-
ണാഹന്ത, കന്ദർപ്പനോ
ഭാവിച്ചന്തകതുല്യ,മാന്നിടകയാം
ശാർദ്ദൂലവിക്രീഡിതം!

ഗീതം ഒൻപതു്

ഹാ, കേശവ, നിൻവിയോഗം—രാധ-
യ്ക്കേകുന്ന ശോകജോദ്വേഗം.
മാലേററമുള്ളിൽ ജ്വലിച്ചു—കഷ്ടം
ലോലാംഗി തീരെച്ചടച്ചു.
മാറണിമഞ്ജുളഹാരം—പോലും
മാനിനിയ്ക്കിന്നുഗ്രഭാരം.

2

നല്ല പനിനീരിൽ മുക്കി—ത്തൂമെയ്-
വല്ലിയിങ്കൽ, സ്നിഗ്ദ്ധമാക്കി,
പൂശുന്ന മാലേയപങ്കം—വിഷാ-
വേശമെന്നോർപ്പൂ സശങ്കം.
ഹാ, കേശവ, നിൻവിയോഗം—രാധ-
യ്ക്കേകുന്ന ശോകജോദ്വേഗം.

3

കഷ്ട,മസഹ്യമായ് പാരം—മനം
ചുട്ടെഴും നിശ്വാസപൂരം,
ഉദ്വഹിപ്പൂ മനസ്സാലേ—തനി-
യുഗ്രകാമാഗ്നിയെപ്പോലേ.
ഹാ, കേശവ, നിൻവിയോഗം—രാധ-
യ്ക്കേകുന്ന ശോകജാവേഗം.

നവ

Digitized By Kerala Sahitya Akademi

4

ജാതജലകണജാലം—സ്വയം
വീതനാളം ദൃക്കമലം,
ക്ഷേപണംചെയ്യു സതതം—ചുററും
വേപവിക്ഷോഭസമേതം.
ഹാ, കേശവ, നിൻവിയോഗം—രാധ-
യ്ക്കേകുന്നു ശോകജോദ്വേഗം.

5

തത്വവിവേകപ്രഭാവം—ഏത്തി-
ലസ്തമിക്കായ്കിലും, പാവം,
ചിന്തിപ്പൂ പല്ലവതല്പം—കനൽ
ചിന്തുമുഗ്രാനലകല്പം.
ഹാ, കേശവ, നിൻവിയോഗം—രാധ-
യ്ക്കേകുന്നു ശോകജാവേഗം.

6

അമ്പിളിത്തെല്ലിനെ പ്പോലേ—മിന്നു-
മന്തിമസന്ധ്യയെപ്പോലേ,
ഹസ്തവിന്യസ്തമലോലം—സാദ്ധ്വി
വിത്യജിപ്പീലക്കപോലം.
ഹാ, കേശവ, നിൻവിയോഗം—രാധ-
യ്ക്കേകുന്നു ശോകജോദ്വേഗം.

7

തപ്തവിരഹത്തിനാലേ—കഷ്ടം
മൃത്യു സമീപിച്ചപോലേ,
ഉത്തേജിതോല്ക്കടകാമം—അവ-
ളുച്ചരിപ്പൂ ഹരിനാമം.

നിൻ

Digitized By Kerala Sahitya Akademi

ഹാ, കേശവ, നിൻവിയോഗം—രാധ-
യ്ക്കേകുന്നു ശോകജാവേഗം.

8

ദേവേശപാദോപനീതം—ജയ-
ദേവഭണിതമീ ഗീതം;
ശോകഹരം, പരിപൂതം—നിങ്ങൾ-
ക്കേകട്ടെ നിത്യമാമോദം!
യാതൊരു ദേവേശപാദം—പുല്കി-
പ്പൂതമാകുന്നിതിഗ്ഗീതം,
അക്കേശവൻതൻ വിയോഗം—രാധ-
യ്ക്കപ്പിപ്പു ശോകജോദേ-ഗം!

31

ത-ദഗംസംഗാമൃതമൊന്നിനാല
സ്മരാത്തയാം രാധയെ വീണ്ടെടുക്കാൻ,
അമർത്ത്യവൈദ്യാദൃത, നോക്കിടുന്നി-
ല്ലപേന്ദ്രവജ്രാധികരുക്ഷനാം നീ.

32

സീൽക്കാരം, രോമഹർഷം, നിലവിളി, വിറ,യാ-
ലസ്യ,മെന്തോ കുറച്ചൊ-
ന്നോക്കും ഭാവം, പ്രയാനം, നയനമുകുളനം,
മോഹ,മുത്ഥാന,മേവം,
വാച്ചും ചേഷ്ടാവികാരോല്ബണതയൊടതനു-
ഭ്രാന്തി കേന്ദ്രീകരിച്ചി-
ന്നാക്കും ദൈന്യം ജനിക്കും വടിവിലവൾ വിയോ-
ഗത്തിലയ്യോ, ദഹിപ്പൂ!

Digitized By Kerala Sahitya Akademi

33

സ്വവൈദ്യപ്രതിമ, ഭവദ്രസൗഷധത്താൽ
നിർവ്വാദം വധുവിനു ജീവനം ലഭിക്കും
ഗർവ്വാലിന്നതിനു ഭവാനുപേക്ഷ ചെയ്താൽ
ദുർവ്വാരം—പരമിനിയെന്തു ഞാൻ കഥിപ്പൂ?

34

സൂനാസ്ത്രഭ്രാന്തിമൂലം മലയജരസമോ,
ചന്ദ്രനോ, സൽസ്സരസ്സോ,
താനിപ്പോൾ തേടിടേണ്ടൂ മനസിയൊരു സമാ-
ശ്വാസസിദ്ധിക്കിവണ്ണം,
താനേ ചിന്തിച്ചൊടുക്കം തരളഹൃദയയാ-
യോമലാൾ താന്തയായി-
ധ്യാനിപ്പൂ, ഹാ, രഹസ്സിൽ ശിശിരശിശിരമാം
താവകം മൂർത്തിമാത്രം!

35

ശിവശിവ, മിഴിചിമ്മുമല്പനേരം
തവ വിരഹാർത്തി സഹിച്ചിടാതിരുന്നോൾ,
അവൾ വിരഹിണി പുഷ്പിതാഗ്രചൂത-
ച്ഛവിയിതിലെങ്ങനെ ജീവനോടിരിക്കും?

36

പാലിക്കാൻ ഗോകുലത്തെ,പ്പെരുമഴ പൊഴികെ,
പ്രീതിയോടു,ന്നതശ്രീ
കോലും ഗോവർദ്ധനത്തെപ്പിഴുതു, കുടപിടി-
ച്ചേത്തു കൈ ലാലസിച്ചോ,
ചേലിൽ ഗോപീസഹസ്രാധരവിനിഹിതസി-
ന്ദൂര,മന്തസ്ഥദർപ്പം
മേലേലുംപോലുലാവും ഹരികര,മതു, നി-
ങ്ങൾക്കു നൽകട്ടെ മോദം!

ര്ഥ

Digitized By Kerala Sahitya Akademi

അഞ്ചാം സർഗ്ഗം

സാകാംക്ഷപുണ്ഡരീകാക്ഷം

37

ഇവനിവിടെയിരുന്നിടുന്നു, നീ ചെ-
ന്നവളെ നയത്തിൽ മദുക്തിയാൽ മയക്കി,
ഇവിടെ വടിവൊടാനയിക്കുകെന്നാ-
യവിധ ലഭിച്ചവൾ രാധയോടു ചൊല്ലി:—

ഗീതം പത്ത്

രാധികേ, സഖി, നിൻവിരഹത്തിനാ-
ലാധിയുൾച്ചേർന്നുഴലുന്നു മാധവൻ.
മന്മഥമദസ്ഫൂർത്തി ചേർന്നങ്ങനെ
മന്ദമാലേയമാരുതൻ വീശവെ;
ഹാ, വിയുക്തർതന്നുള്ളു പൊള്ളിക്കുവാൻ
പൂ വിരിഞ്ഞു ചിരിച്ചുല്ലസിക്കവെ;
രാധികേ, സഖി, നിൻവിയോഗത്തിനാ-
ലാധി ചേർന്നു തളരുന്നു മാധവൻ!

2

ചന്ദ്രരശ്മികളേല്ക്കുന്ന വേളയിൽ
വെന്തു വെന്തു മരിക്കുന്നു സുന്ദരൻ.
കാമബാണങ്ങൾ മെയ്യിൽത്തറയ്ക്കവേ
കാതരമായ്ക്കരയുന്നു കോമളൻ.
എന്നതന്നെയല്ലോരോ വികൃതിക-
ളൊന്നുമോർക്കാതെ ചെയ്വിതുന്മാദവാൻ.
രാധികേ, സഖി, നിൻവിയോഗത്തിനാ-
ലാധിയുൾച്ചേർന്നുഴലുന്നു മാധവൻ!

Digitized By Kerala Sahitya Akademi

3

ഭൃംഗനാദം ശ്രവിക്കുന്ന വേളയി-
ലംഗജോപമൻ പൊത്തുന്നു കാതുകൾ.
അല്ലിലല്ലിൽ വിരഹവിക്ഷുബ്ധമാ-
മല്ലലിലലതല്ലുന്നു തന്മനം.
രാധികേ, സഖി, നിൻവിയോഗത്തിനാ-
ലാധിയുൾച്ചേർന്നുഴലുന്നു മാധവൻ!

4

കോട്ടമററ വസതി വിട്ടുക്കൊട്ടും-
കാട്ടിലങ്ങിങ്ങുഴറുന്നു കേശവൻ.
കേണു കേണു നിൻപേരു, മണ്ണിൽ സ്വയം
വീണുരുണ്ടു, വിളിപ്പൂ വിശ്വംഭരൻ.
രാധികേ, സഖി, നിൻവിയോഗത്തിനാ-
ലാധിയുൾച്ചേർന്നുഴലുന്നു മാധവൻ!

5

ശ്രീജയദേവകീർത്തനപ്രീതനായ്
ഹേ, ജഗന്നാഥ, രാധാപതേ, വിഭോ,
തന്നു,താവകദർശനം, ഹാ, ഭവാ-
നെന്നെയിന്നൊന്നനുഗ്രഹിക്കേണമേ!
ഏതു ദേവൻെറ തൃച്ചേവടിയിലി-
ശ്ശീതമാം പുഷ്പമർച്ചിച്ചിടുന്നു ഞാൻ,
ആധിയുൾച്ചേർന്നുഴലുന്നു ജീവനാം
രാധയെപ്പിരിഞ്ഞാ മധുസൂദനൻ!

38

നീയൊത്തെങ്ങന്നൊരിക്കൽ പരമരതിരസം
മാധവൻ നേടി,യങ്ങാ
ശ്രീയാളും കുഞ്ജകത്തിൽ, കുസുമശരവിഹാ-
രാപ്തതീർത്ഥാന്തരത്തിൽ,

Digitized By Kerala Sahitya Akademi

നീയോതും പ്രേമസാന്ദ്രോക്തികളനവരതം
ഹാ, ജപിച്ചും, തപിച്ചും,
മായാരൂപൻ ഭജിപ്പൂ, തവ കുചപരിരം-
ഭാമൃതത്തിന്നു, നിന്നെ!

ഗീതം പതിനൊന്നു്

ഗോപികമാരുടെ തടമുല തഴുകും
പാണിതലോല്ലസിതൻ
ഗോപാലൻ വനമാലാകലിത-
നുദാരനതിപ്രിയദൻ;
മദനകുതൂഹലമരുളും സുലളിത-
യമുനാതീരത്തിൽ
മദഭരിതാംഗികളഭിസരണത്തി-
ന്നണയും രംഗത്തിൽ,
മലയാനിലനലയിളകിയൊലിയ്ക്കും
ഹരിതവനാന്തത്തിൽ
മലരുകൾ ചിതറിപ്പുരിമളമിളകും
വിജനനികുഞ്ജത്തിൽ,
മദനമനോഹരവിഗ്രഹനായി
സ്മരവിവശൻ, കണ്ണൻ,
മരുവീടുന്നൂ തവ ഹൃദയേശൻ,
മരതകമണിവർണ്ണൻ!
ഗതിജിതമദഗജമത്തമരാള-
വിലാസനിതംബിനി, നീ
ഗമനവിളംബനമരുതിനി;
മമ സഖി, പോവുക, പോവുക, നീ!

Digitized By Kerala Sahitya Akademi

2

നാമസമേതം, പൂരിതമോദം,
സൂചിതസങ്കേതം,
നാളീകാക്ഷൻ പൊഴിപ്പൂ മുരളിയിൽ
നിരുപമസംഗീതം.
തവ തനുലതയെത്തഴുകും തെന്നലി-
ലഴകിലുലാവീടും
തരളിതമല്ലീമഞ്ജരേണുവുമായി, നിജ-
ബഹുമതി നേടീടും.
മലരണിലതികകൾ വിലസിന ശിശിരിത-
യമുനാതീരത്തിൽ
മലയാനിലനലയിളകിയൊലിക്കും
ഹരിതവനാന്തത്തിൽ;
ഗോപികമാരുടെ തടമുല തഴുകും
പാണിതലോല്ലസിതൻ,
ഗോപാലൻ, വനമാലാകലിത,-
നുദാര,നതിപ്രിയദൻ,
മദനമനോഹരവിഗ്രഹനായ്, തവ
ഹൃദയേശൻ, കണ്ണൻ,
മരുവീടുന്നു മനസിജവിവശൻ,
മരതകമണിവർണ്ണൻ!

3

പറവകളിളകിപ്പറിച്ചിറൊട്ടതിരും
ചിറകടി കേൾക്കുമ്പോൾ
പരിസരപരിധൃതവനമേഖലയിൽ
പച്ചിലയിളകുമ്പോൾ,
നവസ്മിതല്ലും നീ വരവാറയെ-
ന്നോർത്തു വിരിച്ചീടും,

Digitized By Kerala Sahitya Akademi

നയനം ചകിതം നീ വരുമാവഴി
നീളെയയച്ചീടും.
മലരണിലതികകൾ വിലസിന ശിശിരിത-
യമുനാതീരത്തിൽ
മലയാനിലനലയിളകിയൊലിക്കും
ഹരിതവനാന്തത്തിൽ;
ഗോപികമാരുടെ തടമുല തഴുകും
പാണിതലോല്ലസിതൻ,
ഗോപാലൻ, വനമാലാകലിത,-
നുദാര,നതിപ്രിയദൻ,
മദനമനോഹരവിഗ്രഹനായ്, തവ
ഹൃദയേശൻ, കണ്ണൻ,
മരുവീടുന്നൂ മനസിജവിവശൻ,
മരതകമണിവർണ്ണൻ!

4

ഉപസദകേളികളിൽ പരിലോല-
മധീര,മഹോ, മുഖരം,
രിപുവിനുസമമയി വെടിയുക മമ സഖി,
മണിമയമഞ്ജീരം!
തിമിരാവരണാകലിതനികുഞ്ജം
പൂകുക നീ ചാലേ
തിറമൊടു നീലനിചോളമണിഞ്ഞു
തിരിക്കുക നീ ബാലേ!
മലരണിലതികകൾ വിലസിന ശിശിരിത
യമുനാതീരത്തിൽ
മലയാനിലനലയിളകിയൊലിക്കും
ഹരിതവനാന്തത്തിൽ;

Digitized By Kerala Sahitya Akademi

ഗോപികമാരുടെ തടമുല തഴുകും
പാണിതലോല്ലസിതൻ,
ഗോപാലൻ, വനമാലാകലിത,-
നുദാരൻ, നിൻ ദയിതൻ,
മദനമനോഹരവിഗ്രഹനായി-
ശ്ശുഭചരിതൻ, കണ്ണൻ,
മരുവീടുന്നൂ മനസിജവിവശൻ,
മഴമുകിലൊളിവണ്ണൻ!

5

തരളവലാകാവിലസിതമേചക-
മേഘത്തിൻ മേലേ
തരമൊടു മിന്നിയിണങ്ങിച്ചേർന്ന
തടിൽക്കൊടിയെപ്പോലെ,
ഉപഹിതഹാരമനോഹരമാകും
മുരരിപുതൻ മാറിൽ
ഉപരിനിവേശിതസുരതവിലാസിനി
വിലസും നീ ചേലിൽ!
മലരണിലതികകൾ വിലസിന ശിശിരിത-
യമുനാതീരത്തിൽ
മലയാനിലനലയിളകിയൊലിക്കും
ഹരിതവനാന്തത്തിൽ;
ഗോപികമാരുടെ തടമുല തഴുകും
പാണിതലോല്ലസിതൻ
ഗോപാലൻ, വനമാലാകലിത,-
നുദാരൻ, നിൻ ദയിതൻ,
മദനമനോഹരവിഗ്രഹനായി-
ശ്ശുഭചരിതൻ, കണ്ണൻ,
മരുവീടുന്നൂ മനസിജവിവശൻ
മഴമുകിലൊളിവണ്ണൻ!

Digitized By Kerala Sahitya Akademi

6

തളിരുടയാടയഴിഞ്ഞുകിഴിഞ്ഞാ-
    പ്പേശലമാം രശനം
തരസാ ഹൃതമായ് നഗ്നോജ്ജ്വലരുചി
    ചിന്നിടുമാ ജഘനം,
പങ്കജനയനേ, ചേക്കുക നീയാ-
    ക്കിസലയശയനത്തിൽ
തങ്കത്തിൻ നിധികുംഭംപോൽ മുദ-
    മരുളട്ടേ ഹൃത്തിൽ!
മലരണിലതികകൾ വിലസിന ശിശിരിത-
    യമുനാതീരത്തിൽ
മലയാനിലനലയിളകിയൊലിക്കും
    ഹരിതവനാന്തത്തിൽ;
ഗോപികമാരുടെ തടമുല തഴുകും
    പാണിതലോല്ലസിതൻ
ഗോപാലൻ, വനമാലാകലിത,-
    നുദാര,നതിപ്രിയദൻ,
മദനമനോഹരവിഗ്രഹനായ്, തവ
    ഹൃദയേശൻ, കണ്ണൻ,
മരുവീടുന്നൂ മനസിജവിവശൻ
    മരതകമണിവണ്ണൻ!

7

ഹരിയഭിമാനി, കരുതിടുകതു നീ,
    കാലമിതോ രജനി
പിരിയും യാമിനിയുടെ,നയി മമ സഖി,
    പോവുക, പോവുക, നീ!
വിധുരത കളയൂ, വിധുമുഖി, ചെയ്യൂ
    ഞാനരുളുംപോൽ നീ

Digitized By Kerala Sahitya Akademi

മധുരിപുകാമം പൂരിതമാക്കുക
മധുമയഭാഷിണി, നീ!
മലരണിലതികകൾ വിലസിന ശിശിരിത-
യമുനാതീരത്തിൽ,
മലയാനിലനലയിളകിയൊലിക്കും
ഹരിതവനാന്തത്തിൽ;
ഗോപികമാരുടെ തടമുല തഴുകും
പാണിതലോല്ലസിതൻ
ഗോപാലൻ, വനമാലാകലിത,-
നുദാരനതിപ്രിയദൻ,
മദനമനോഹരവിഗ്രഹനായ് തവ
ഹൃദയേശൻ കണ്ണൻ
മരുവീടുന്നു മനസിജവിവശൻ
മരതകമണിവർണ്ണൻ!

8

ഭുവി ജയദേവൻ, ഹരിപദസേവൻ,
പൊഴിയുവൊരീ ഗീതം
ഭവഭയരഹിതം, ഭാവുകഭരിതം,
ഭക്തിരസാകലിതം,
സുകൃതജനാവനലോലൻ, ഗോകുല-
പാലൻ, മുരമഥനൻ,
സുഖമൊടു കേട്ടു സുമംഗളമേകുക
മദനമഹാമദനൻ.
വരിക, ഭജിക്കുക, ഹരിപദകമലം,
കളയുക കലുഷഭരം,
വരഗുണവസതികളേ, വഴി തേടുക
പരമഗതിക്കു ചിരം.

ൻ

Digitized By Kerala Sahitya Akademi

ആരുടെ പദതലസരസിജയുഗമതി-
ലർപ്പിതമിഗ്ഗീതം
നാരായണനാ നരകവിനാശന-
നേകട്ടേ മോദം!
മലരണിലതികകൾ വിലസിന ശിശിരിത-
യമുനാ തീരത്തിൽ
മലയാനിലനലയിളകിയൊലിക്കും
ഹരിതവനാന്തത്തിൽ;
ഗോപികമാരുടെ തടമുല തഴുകും
പാണിതലോല്ലസിതൻ,
ഗോപാലൻ, വനമാലാകലിത-
നുദാര,നതിപ്രിയദൻ,
മദനമനോഹരവിഗ്രഹനായി-
ശ്ശുഭചരിതൻ, കണ്ണൻ,
മരുവീടുന്നു മനസിജവിവശൻ,
മരതകമണിവർണ്ണൻ!

39

മാരോദ്വേഗമിയന്നിടഞ്ഞു നെടുതായ്
വീർക്കും, സമുൽക്കണ്ഠയോ-
ടാരോപിച്ചിടുമക്ഷി നിൻസരണിയിൽ,
പൂകും ലതാമന്ദിരം;
ഓരോ പിച്ചുപുലമ്പു,മാർത്തകുതുകം
പൂമെത്ത തീർക്കും, ഭ്രമി-
ച്ചോരോന്നിങ്ങനെ ചേർത്തു ചേർത്തു തുടരും
മുഗ്ദ്ധാനനേ, നിൻപ്രിയൻ!

൪൦

Digitized By Kerala Sahitya Akademi

40

സൂരൻ പോയസ്തമിച്ചു സുദതി, സപദി നിൻ-
ഭാഗ്യദോഷത്തൊടൊപ്പം,
പാരാകെക്കൂരിരുട്ടാ യദ്ഭവരരതിമോ-
ഹത്തൊടൊത്താഗമിച്ചു.
നേരം വൈകുന്നു, കോകാവലിയുടെ നെടുതാം
ക്രന്ദനംപോലെയായി-
ത്തീരുന്നു കഷ്ടു,മെന്നത്ഥന, സഖി,യഭിസാ-
രാഹ്മിസ്സന്മുഹൂത്തം!

41

മററെന്തിന്നോ ഗമിക്കെ, ഭ്രമപഥവിധിയാൽ-
ക്കൂട്ടിമുട്ടിത്തമസ്സിൽ-
ത്തെറേറൽക്കാത്താളു ചോദിച്ചറികെ,യിരുവരും
തമ്മിൽ മെയ്ചേത്തു പുല്കി;
പററിച്ചേന്നുമ്മവെച്ചും, നഖരുജയനുര-
ഞ്ജിച്ചു, മമ്മട്ടകാമം
മുററിക്കെമെയ് മറക്കുന്നവരുടെ രതിസാ-
കല്യമെന്തെന്തു മുഗ്ദ്ധേ?

42

പേടിപ്പാടിലരണ്ട കണ്ണുകൾ, വഴി-
ച്ചാൽ മുന്നിരുട്ടിൽ സ്വയം
തേടിത്തേടി,യിരുന്നിരുന്നു തരുമൂ-
ലംതോറുമുദ്വിഗ്നയായ്,
ചോടോരോന്നു പതുക്കെ വെച്ചൊരുവിധം
സങ്കേതസംപ്രാപ്തയായ്-
ക്കൂടും നിൻ,മദനാകുലാംഗരുചികൾ-
ണ്ടുൾപ്രീതനാകും പ്രിയൻ!

Digitized By Kerala Sahitya Akademi

43

ഹാ, രാധാമുഖപങ്കജഭ്രമരമായ്,
ത്രൈലോക്യശ്രീഷോല്ലസൽ-
ഗ്ഗാരുത്മോജ്ജ്വലരത്നമായ്, ഭുവനഭാ-
രാന്ത്യത്തിനാധാരമായ്;
ആരമ്യാംഗികൾ ഗോപികാംഗനകൾത-
ന്നാനന്ദസങ്കേതമായ്,
ക്രൂരൻ കംസനു കാലനായ ഭഗവാൻ
കാത്തീടണം നിങ്ങളെ!

Digitized By Kerala Sahitya Akademi

ആറാം സർഗ്ഗം

സോൽക്കണ്ഠവൈകുണ്ഠം

44

അനന്തരം, കാൽച്ചുവടൊന്നു വെയ്ക്കാ-
നശക്തയായി, പ്രണയാർത്തയായി,
അമർന്നിടും രാധികയെക്കുറിച്ചു-
ങ്ങണഞ്ഞു ഗോവിന്ദനൊടോതി തോഴി.

ഗീതം പന്ത്രണ്ട്

വല്ലാതെ വാടിത്തളർന്നു, നാഥ,
വല്ലിക്കുടിലിലിരിപ്പൂ രാധ!
കാണുകയാണു നിൻ കാന്തികോലു-
മാനനം,മെങ്ങവൾ നോക്കിയാലും.
അന്യഗോപാംഗനമാരുമായി
അന്യൂനസല്ലാപലോലനായി,
രമ്യാധരാമൃതമാസ്വദിക്കും
നിൻമുഖമിന്നവൾ കാൺമിതെങ്ങും!

2

നിന്നഭിസാരത്തിനായി വേഗം
സന്നദ്ധയാ,യവളാത്തരാഗം;
മുററുമിരുട്ടിനാൽ, സംഭ്രമത്താൽ
തെററിപ്പോയെന്നാലവൾക്കു മാർഗ്ഗം.
ഞാനവളെസ്സായം നേർവഴിയി-
ലാനയിച്ചെങ്കിലും ക്ഷീണിതയായ്,
ദേഹം തളർന്നു തളർന്നു പാവം
മോഹിച്ചു താഴത്തു വീണുപോയി.

൭൩

Digitized By Kerala Sahitya Akademi

വല്ലാതെ വാടിത്തളൎന്നു, നാഥ,
വല്ലിക്കുടിലിലിരിപ്പു രാധ!

3

തൂവെള്ളത്താമരത്തണ്ടുകളാൽ
തൂമതാവും തളിർച്ചെണ്ടുകളാൽ,
നിൎമ്മിച്ച നാനാവിഭൂഷണങ്ങൾ
നിൎമ്മലമാം കുളിർമെയ്യിൽച്ചാൎത്തി,
സന്തതം താവകക്രീഡകൾതൻ
ചിന്തയിൽ ജീവിപ്പു സുന്ദരാംഗി.
വല്ലാതെ വാടിത്തളൎന്നു, നാഥ,
വല്ലിക്കുടിലിലിരിപ്പു രാധ!

4

തന്നംശുകവിഭൂഷാദികളെ-
പ്പിന്നെയും പിന്നെയും നോക്കി നോക്കി;
'ഞാനഹോ, മാധവൻതന്നെ'—യേവം
ധ്യാനത്തിൽപ്പിന്നെയും മഗ്നയായി,
വല്ലാതെ വാടിത്തളൎന്നു, നാഥ,
വല്ലിക്കുടിലിലിരിപ്പു രാധ!

5

'വേഗത്തിലിങ്ങഭിസാരണാൎത്ഥ-
മാഗമിക്കാത്തതെന്താത്മനാഥൻ?'—
ഖിന്നയായേവമനന്യനിമേഷ-
മെന്നോടു ചോദിച്ചുകൊണ്ടു, കഷ്ടം,
വല്ലാതെ വാടിത്തളൎന്നു, നാഥ,
വല്ലിക്കുടിലിലിരിപ്പു രാധ!

Digitized By Kerala Sahitya Akademi

6

നീരദശ്രീയാന്നനല്പമായി
നീളെ നിറഞ്ഞിരുളാഗമിക്കെ;
'എൻപ്രിയനെത്തി'—യെന്നുസംഭ്രമത്താൽ
ചുംബിപ്പൂ, വെമ്പലോടാശ്ലേഷിപ്പൂ.
വല്ലാതെ വാടിത്തളൎന്നു, നാഥ,
വല്ലിക്കുടിലിലിരിപ്പൂ രാധ!

7

കാമുകൻ, ഹാ, ഭവാൻ വന്നണയാൻ
കാലവിളംബനം സംഭവിക്കെ,
വാവിട്ടു കേഴുന്നു ലജ്ജ വിട്ടാ
വാസകസജ്ജിക ദീനയായി.
വല്ലാതെ വാടിത്തളൎന്നു, നാഥ,
വല്ലിക്കുടിലിലിരിപ്പൂ രാധ!

8

ഹാ, ജഗന്നാഥപ്രസാദപൂതം
ശ്രീജയദേവരചിതഗീതം,
ഭക്തരസികൎക്കിതെന്നുമെന്നും
മുക്തിപ്രദമായ് ഭവിച്ചിടാവു!
ഏതു ദേവൻെറ തൃച്ചേവടിയിൽ
ഗീതമിതഞ്ജലിചെയ്യിതോ ഞാൻ,
ആ മാധവനെക്കുറിച്ചു ചിന്തി-
ച്ചാമയാവിഷ്ടഹൃദന്തയായി,
വല്ലാതെ വാടിത്തളൎന്നു, കഷ്ടം,
വല്ലിക്കുടിലിലിരിപ്പൂ രാധ!

Digitized By Kerala Sahitya Akademi

45

മാരാഗ്നിജ്വാല കെട്ടാറിയ കിതവ, ഭവൽ-
ദ്ധ്യാനസംലഗ്നയായി-
സ്സാരസ്യം ചേൎന്നിയങ്ങും രസജലധിയിലാ-
നാസമാമഗ്നയായി,
ഓരോന്നുദ്വേഗമുൾച്ചേൎന്നരുളി, വിപുലരോ-
മാഞ്ചസീല്ക്കാരഘൎമ്മം
പൂരി,ച്ചന്തൎജ്ജഡതത്വത്തൊടു, തവ നിനവിൽ-
ത്തന്നെയേണാക്ഷി വാഴ്വൂ!

46

ചേലിൽച്ചാൎത്തുന്ന പേൎത്തും വരതനു ലളിതാം-
ഗങ്ങളിൽ കമ്രഭൂഷാ-
ജാലം, പത്രം ചലിക്കുംപൊഴുതു തവ പദ-
ന്യാസമെന്നായ് ഭ്രമിപ്പൂ.
ലീലാതല്പം രചിപ്പൂ, മദപരവശയായ്-
ദ്ധ്യാനമുൾച്ചേൎന്നിരിപ്പൂ
ലോലാക്ഷിയ്ക്കുന്തിനീക്കാനരുതു നിശയിത-
ന്ദന്തികത്തില്ലയെങ്കിൽ!

47

"പേരാൽച്ചോടിതു കൃഷ്ണഭോഗിഭവനം,
വേണ്ടിങ്ങിരിയ്ക്കേ,ണ്ടതാ
നേരേ മൽസഖ, പാന്ഥ, നന്ദനിലയം
കാണ്മൂ സദാനന്ദദം!"
ഹാ, രാധോക്തിയി,തെത്തി നന്ദസവിധേ
പാന്ഥൻ കഥിക്കെ, സ്വയം
സാരം ഗ്രഹിതമാക്കമച്യുതശ്ശുഭാ-
ശംസോക്തി വെൽവൂ ചിരം!

Digitized By Kerala Sahitya Akademi

ഏഴാം സർഗ്ഗം

നാഗരികനാരായണം

48

കുലടകളുടെ മാർഗ്ഗം രോധനംചെയ്തു പാപ-
പ്പൊലിമ തടവിടുംപോൽ സ്പഷ്ടമാം പങ്കമേന്തി,
വിലസി ലളിതയായോരൈന്ദ്രിതൻ ചന്ദനശ്രീ-
തിലകരുചിയിണങ്ങിപ്പൊങ്ങിയേണാങ്കനപ്പോൾ.

49

വൃന്ദാവനം ചന്ദ്രികയിൽ കുളിക്കെ
നന്ദാത്മജാഭാവമസഹ്യമാകെ,
മന്ദേതരക്ലാന്തി മനസ്സിലേന്തി
ക്രന്ദിച്ചിതാ രാധിക ദീനദീനം:—

ഗീതം പതിമൂന്ന്

സദയമിന്നെനിയ്ക്കാരുണ്ടൊരാശ്രയം
സഖികളാലഹോ, വഞ്ചിതയായി ഞാൻ!
സമയമൊക്കെക്കഴിഞ്ഞു, പറഞ്ഞപോൽ
സരസിജാക്ഷനിങ്ങെത്തിയില്ലിന്നിയും.
അമലരൂപമാമീ മമ യൗവന-
മഹഹ നിഷ്ഫലം, നിഷ്ഫലം കേവലം.

2

ഏതു ദേവനെത്തേടിയീ രാത്രിയി-
ലേതുമോർക്കാതിറങ്ങിത്തിരിച്ചു ഞാൻ,
ആ മമ പ്രിയൻ ഭേദിപ്പൂ നിർദ്ദയൻ
കാമബാണശതങ്ങളാലെൻമനം.

൭൫

:8:

Digitized By Kerala Sahitya Akademi

സദയമിന്നെനിക്കാരുണ്ടൊരാശ്രയം
സഖികളാലഹോ, വഞ്ചിതയായി ഞാൻ!

3

മരണമാണെനിക്കുത്തമ,മെന്തിനി
വിരഹവഹ്നിതൻ ജ്വാലോല്ക്കരങ്ങളിൽ,
വിതഥകേതനയായിന്നിതുവിധം
വിഗതചേതനം വീണു ദഹിപ്പു ഞാൻ?
സദയമിന്നെനിയ്ക്കാരുണ്ടൊരാശ്രയം
സഖികളാലഹോ, വഞ്ചിതയായി ഞാൻ!

4

മാധവവിരഹാനലജ്ജ്വാലകൾ
മാനസത്തിൽ വഹിച്ചു ഞാൻ നില്ക്കവെ,
ദൂഷണങ്ങളാണോക്കുകി,ലീ മണി-
ഭൂഷണങ്ങളഖിലവുമിന്നു മേ!
സദയമിന്നെനിയ്ക്കാരുണ്ടൊരാശ്രയം
സഖികളാലഹോ, വഞ്ചിതയായി ഞാൻ!

5

വിധുരതയെനിക്കേകുന്നിതിങ്ങിതാ
മധുരദർശിനിയീ മധുയാമിനി.
സുമശരോപമനൊത്തു രമിക്കുവാൻ
സുകൃതിനികൾക്കു മാത്രമേ പററിട്ടു.
സദയമിന്നെനിക്കാരുണ്ടൊരാശ്രയം
സഖികളാലഹോ, വഞ്ചിതയായി ഞാൻ!

6

മാരനെൻനേക്കിടവിടാതെയ്യുമീ
മാരകോഗ്രശരാളിതൻ പീഡയാൽ,

Digitized By Kerala Sahitya Akademi

പ്പൂ തൊഴുംമേനിയാകുമെൻമാനസം
ഭേദനം ചെയ്യിതീ മലർമാലയും!
സദയമിന്നെനിക്കാരുണ്ടൊരാശ്രയം
സഖികളാലഹോ, വഞ്ചിതയായി ഞാൻ!

7

അവഗണിച്ചഴ,ലീയാററുവഞ്ചികൾ–
ക്കടിയിൽ, ഞാനേവമാവസിച്ചീടിലും,
മനസിയെന്നെ സ്മരിപ്പതുംകൂടിയി–
ല്ലനുപമാംഗനിന്നാ മധുസൂദനൻ.
സദയമിന്നെനിക്കാരുണ്ടൊരാശ്രയം
സഖികളാലഹോ, വഞ്ചിതയായി ഞാൻ!

8

കോമളകലാലോലയായുള്ളൊരീ
ശ്രീമയജയദേവജഭാരതി,
ചേണിയലും രസികചിത്തങ്ങളിൽ
വാണിടട്ടൊരു മോഹിനിയെന്നപോൽ!
ഏതു ദേവൻെറ തൃപ്പാദപൂജയി–
ഗ്ഗീത,മാ മധുസൂദനൻ, മാധവൻ,
വന്നിടാഞ്ഞയാലാലംബഹീനയായ്
കണ്ണുനീർ പെയ്തു വാഴുന്നു രാധിക.

50

അന്തർമ്മോദമൊടന്യഗോപികളുമായ്
ക്രീഡിപ്പിതോ, സദ്രസം
ചിന്തും നൃത്തകലാദിയിൽ സഖികളാ–
ലാബദ്ധനായ്ത്തീർന്നിതോ?

ദൻ

Digitized By Kerala Sahitya Akademi

അന്തംവിട്ടു വനത്തിലല്ലിലുഴറീ-
ട്ടന്നോ, മനക്ലാന്തിയ-
ത്യന്തം ചേൎന്നു തളൎന്നു വാണിടുകയോ?—
കാണ്മീലഹോ കാന്തനെ!

51

അന്നേരംതന്നനുകനിയലാതേകയായ് ചാരെ വീണ്ടും
വന്നെത്തീടും സഖിയെ രുജയാൽ സ്തബ്ധയായുററുനോക്കി,
അന്യസ്ത്രീയൊത്തമിതരസമോടച്യുതൻ ക്രീഡയാടു-
ന്നെന്നായ് ശങ്കി,ച്ചതു മിഴിയിലാപ്പെട്ടപോലോമലോതി: —

ഗീതം പതിന്നാല്

മധുരിപുവൊത്തു രമിക്കയാണൊ-
രധികഗുണാഢ്യയാമത്ഭുതാംഗി!
സ്മരസമരോചിതചിത്തരമ്യ-
വിരചിതവേഷമിയന്നിണങ്ങി,
വിലുളിതവേണിയിലങ്ങുമിങ്ങും
വിഗളിതരമ്യപുഷ്പങ്ങൾ തങ്ങി,
മധുരിപുവൊത്തു രമിക്കയാണൊ-
രധികഗുണാഢ്യയാമത്ഭുതാംഗി!

2

ഹരികരാശ്ലേഷതരംഗമാലാ-
ഭരിതവികാരവിലാസിനിയായ്,
തടമുല തുള്ളിത്തുളുമ്പി, മേലേ
തരളിതഹാരാവലികളുമായ്,
മധുരിപുവൊത്തു രമിക്കയാണൊ-
രധികഗുണാഢ്യയാമത്ഭുതാംഗി!

Digitized By Kerala Sahitya Akademi

3

അളകങ്ങളങ്ങിങ്ങുതിൎന്നു ചിന്നി
ലളിതാനനേന്ദു തെളിഞ്ഞു മിന്നി,
മധുസൂദനൻതൻ മധുരമാകു-
മധരാമൃതം, ഹാ, നുകൎന്നു വെമ്പി,
മധുരിപുവൊത്തു രമിക്കയാണൊ-
രധികഗുണാഢ്യയാമത്ഭുതാംഗി!

4

ഇളകും മണിമയകുണ്ഡലങ്ങ-
ളൊളികപോലങ്ങളിൽ വീശിവീശി,
മുഖരിതസദ്രശനാകലിത-
ജഘനഗമനവിലോലയായി,
മധുരിപുവൊത്തു രമിക്കയാണൊ-
രധികഗുണാഢ്യയാമത്ഭുതാംഗി!

5

ദയിതവിലോകിതലജ്ജിതയായ്
ദരസമുന്മീലിതസുസ്മിതയായ്,
സുലളിതകൂജിതമേളിതയായ്
സുഖദരതിരസലോലുപയായ്,
മധുരിപുവൊത്തു രമിക്കയാണൊ-
രധികഗുണാഢ്യയാമത്ഭുതാംഗി!

6

വിപുലപുളകവിലാസിനിയായ്
വികസിതവേപവിവശിതയായ്,
ശ്വസിതനിമീലിതോൽഫുല്ലനായോ-
രസമാസ്ത്രനത്രുഷ്ണാധീനയായി,
മധുരിപുവൊത്തു രമിക്കയാണൊ-
രധികഗുണാഢ്യയാമത്ഭുതാംഗി!

Digitized By Kerala Sahitya Akademi

7

ശ്രമജലബിന്ദുക്കൾ ചേർന്നിണങ്ങി-
ക്കമനീയമാം മെയ്യിൽ കാന്തി തിങ്ങി,
രതിരണധീരപരാക്രമത്താൽ
പതിതന്നുരസ്സിൽ പതിച്ചൊതുങ്ങി,
മധുരിപുവൊത്തു രമിക്കയാണൊ-
രധികഗുണാഢ്യയാമത്ഭുതാംഗി!

8

നിയതമിഗ്ഗീതം ഹരിരമിതം
ജയദേവവർണ്ണിതം രാഗപൂതം,
പരിശമിപ്പിച്ചിടട്ടെന്നുമെന്നും
പരിധിയററാളും കലികലുഷം.
പരിചിലിഗ്ഗീതമപ്പിപ്പതാർതൻ
പദതാരിൽ ഞാ,നക്കൃപാലുവാകും,
മധുരിപുവൊത്തു രമിക്കയാണൊ-
രധികഗുണാഢ്യയാമത്ഭുതാംഗി!

52

മല്ലാരിതൻ വിരഹപാണ്ഡുമുഖാംബുജശ്രീ
തെല്ലേന്തുമീ വിധു ഹനിപ്പു മദീയതാപം
ഉല്ലോലമാന്മഥമദാത്തിയണപ്പു പക്ഷേ
മല്ലീശരന്റെ സചിവതചമെഴുന്നമൂലം!

ഗീതം പതിനഞ്ച്

വിജയിയാം മുരമഥനൻ ക്രീഡിപ്പൂ
വിജനയാമുനപുളിനത്തിൽ!
സമുദിതാനംഗതരളിതാധര-

Digitized By Kerala Sahitya Akademi

രമണീയാംഗനാവദനത്തിൽ,
വികസിതോജ്ജ്വലവിധുബിംബത്തിങ്കൽ
വിലസുമഞ്ജനഘരിണംപോൽ,
പുളകം മേളിക്കെ,ക്കുളിർകസ്തൂരികാ-
തിലകം ചാർത്തിപ്പൂ മുകിൽവർണ്ണൻ!
വിജയിയാം മുരമഥനൻ ക്രീഡിപ്പൂ
വിജനയാമുനപുളിനത്തിൽ!

2

നവജലധരനികരരമ്യമായ്
യുവജനമനോഹരമായി,
മദനസാരംഗവനമായ് മിന്നുമാ
മൃദുലനിർഭരകബരിയിൽ,
കുളിർമിന്നൽപ്പിണരൊളിയിളകുന്ന
കുരവകോജ്ജ്വലകുസുമങ്ങൾ,
അണിയണിയായിട്ടുഴകൊഴുകുമാ-
റണിയിച്ചീടുന്നൂ മണിവർണ്ണൻ!
വിജയിയാം മുരമഥനൻ ക്രീഡിപ്പൂ
വിജനയാമുനപുളിനത്തിൽ!

3

സുഘനമായ് മൃഗമദരുചി തിങ്ങി
നഖപദശശികല തങ്ങി,
ലളിതദീപ്തിയിൽ വിലസിടുന്നൊരാ-
ക്കുളിർകുചയുഗഗഗനത്തിൽ,
സ്ഫുടമണിസരവിമലതാരക-
പടലം കേശവനണിയിപ്പൂ!
വിജയിയാം മുരമഥനൻ ക്രീഡിപ്പൂ
വിജനയാമുനപുളിനത്തിൽ!

൯൩

Digitized By Kerala Sahitya Akademi

4

കരതലപത്മദളവിലസിത–
കമലകോമളവലയംപോൽ,
ഹിമശിശിരമായ് പരിലസിക്കുമ–
ക്കമനീയഭുജയുഗളത്തിൽ,
മധുകരോല്ക്കരം വിതരണംചെയ്യു
മരതകമണിവളകളാൽ!
വിജയിയാം മുരമഥനൻ ക്രീഡിപ്പൂ
വിജനയാമുനപുളിനത്തിൽ!

5

മദനമോഹനകനകപീഠമായ്
മൃദുലസൗരഭമസൃണമായ്,
അതിവിപുലമാമപഘനമാകും
രതിനികേതനജഘനത്തിൽ,
മണിമയസരരശനാതോരണ–
മണിയിച്ചീടുന്നു മധുവൈരി!
വിജയിയാം മുരമഥനൻ ക്രീഡിപ്പൂ
വിജനയാമുനപുളിനത്തിൽ!

6

മലർമാതിൻ മഞ്ജുനിലയമായ്, നഖ–
മണിഗണോച്ച്നാമഹിതമായ്,
പരിലസിച്ചിടും പരമസുന്ദര–
ചരണപല്ലവയുഗളത്തെ,
ഉരസി ചേർത്തുവെച്ചമലയാവക–
ഭരണാഹ്ലാദനം വിരചിപ്പൂ.
വിജയിയാം മുരമഥനൻ ക്രീഡിപ്പൂ
വിജനയാമുനപുളിനത്തിൽ.

Digitized By Kerala Sahitya Akademi

7

ഖലഹലധരസഹജനേവ,മൊ-
രലസാപാംഗിതൻ സവിധത്തിൽ,
നിജസപത്നിയിൽ പ്രണയപൂർവ്വകം
ഭജനലോലയായമരുമ്പോൾ,
അവശചിത്തയായിതുവരേയ്ക്കുമീ-
യലരണിവല്ലിക്കുടിലിതിൽ,
പറയൂ തോഴി, നീ പറയുകെ,ന്തിനായ്
പഴുതേ കാത്തയ്യോ മരുവി ഞാൻ?
വിജയിയാം മുരമഥനൻ ക്രീഡിപ്പൂ
വിജനയാമുനപുളിനത്തിൽ!

8

രസഭരിതമായ്, ഹരിപദപത്മ-
പ്രസഭചൈതന്യമിളിതമായ്,
വിലസുമീ ഗീതം വിഗതതൃഷിതം
വിരചിച്ചീടുന്ന കവിരാജൻ
കലിയുഗകൃതദുരിതമേല്ക്കാതെ
കഴിയാറാകാവൂ ജയദേവൻ.
മഹിയിലിന്നാർതൻ ചരണപൂജയി
മഹിതഗീത,മാ ജഗദീശൻ
വിജയിയാം മുരമഥനൻ—ക്രീഡിപ്പൂ
വിജനയാമുനപുളിനത്തിൽ!

53

നീയെന്തിന്നയി ദൂതി, മത്സഖി, വൃഥാ
ദുഃഖിപ്പൂ, വന്നീലയ-
മ്മായാഗോപകനെങ്കി,ലന്യകളുമൊ-
ത്തേവം രമിച്ചീടുകിൽ?

Digitized By Kerala Sahitya Akademi

നീയെന്തിന്നു പിഴച്ചു?—തൽഗുണഗണ-
ത്താലേററമാകൃഷ്ടമായ്
പ്രേയാനോടു രമിക്കുവാനുഴറിടു-
ന്നെന്നെപ്പിരിഞ്ഞെൻമനം!

ഗീതം പതിനാറ്

വനമാലി, വനമാലി—വന-
മാലിയുമായ് വൃന്ദാ-
വനഭൂവിൽ മേളിപ്പവ-
ളേതൊരുത്തി;
കുളിർതെന്നലിലിളകുന്നൊരു
കുവലയമെന്നപോ-
ലൊളിചിന്നും മിഴികളൊ-
ത്തഴകിൽ മുങ്ങി,
വിലസീടും സുമശര-
സദൃശനുമൊന്നിച്ചു
വിഹരിക്കും മോഹിനി-
യേതൊരുത്തി;
അനുപമശിശിരിത-
കിസലയശയനത്താ-
ലനുഭവിപ്പീലവൾ
താപലേശം!

2

വനമാലി, വനമാലി—വന-
മാലിയുമായ് വൃന്ദാ-
വനഭൂവിൽ മേളിപ്പവ-
ളേതൊരുത്തി;

Digitized By Kerala Sahitya Akademi

വികസിതസരസിജ-
ലളിതാനനനൊന്നിച്ച
വിഹരിക്കും സുന്ദരി-
യേതൊരുത്തി;
അസമശരശരനികര-
വിദരിതഹൃദയയാ-
യനുഭവിപ്പീലവൾ
താപലേശം!

3

വനമാലി, വനമാലി—വന-
മാലിയുമായ്, വൃന്ദാ-
വനഭുവിൽ മേളിപ്പ-
തേതൊരുത്തി.
അമൃതമയമധുരമൃദു-
വചനനോടൊന്നിച്ചി-
ന്നമിതരസം ക്രീഡിപ്പ-
തേതൊരുത്തി;
എരിപൊരിക്കൊൾവതി-
ല്ലവളുണ്ടവെങ്കിലും
സുരഭിലമലയജ-
രചനമൂലം!

4

വനമാലി, വനമാലി—വന-
മാലിയുമായ് വൃന്ദാ-
വനഭുവിൽ മേളിപ്പവ-
ളേതൊരുത്തി,
സ്ഥലജലജരുചിരകര-
ചരണനോടൊന്നിച്ച

Digitized By Kerala Sahitya Akademi

നലമൊടലം ക്രീഡിപ്പ-
തേതൊരുത്തി;
തറയിൽ കിടന്നവളുരുള-
ന്നീലണപോലും
തരളഹിമകരകിരണം
തനുവിലേല്ക്കേ!

5

വനമാലി, വനമാലി—വന-
മാലിയുമായ്, വൃന്ദാ-
വനഭൂവിൽ മേളിപ്പ-
തേതൊരുത്തി;
സജലജലധരനികര-
രുചിരാംഗനൊന്നിച്ച്
സരസം രമിപ്പവ-
ളേതൊരുത്തി;
വിദലിതമായ്ത്തീരുന്ന-
തില്ലവൾക്കല്പവും
വിരഹരുജകാരണം
മുഗ്ദ്ധചിത്തം.

6

വനമാലി, വനമാലി—വന-
മാലിയുമായ്, വൃന്ദാ-
വനഭൂവിൽ മേളിപ്പവ-
ളേതൊരുത്തി;
കനകമയകമനീയ-
വസനനോടൊന്നിച്ച്
കലിതരസം ക്രീഡിപ്പ-
തേതൊരുത്തി;

Digitized By Kerala Sahitya Akademi

പരിതപ്തനിശ്വാസ-
മിയലുന്നീലവളൊട്ടും
പരിജനപരിഹാസ-
പരവശയായ്!

7

വനമാലി, വനമാലി—വന-
മാലിയുമായ്, വൃന്ദാ-
വനഭൂവിൽ മേളിപ്പ-
തേതൊരുത്തി;
അഖിലധരണീജന-
വരതരുണനൊന്നിച്ച-
ങ്ങഴകിലലം ക്രീഡിപ്പ-
തേതൊരുത്തി;
കരുണാകരപരിലാളിത-
യാമവൾക്കേല്പീലാ
കരളിലൊരിക്കലും
കദനലേശം!

8

ജലജാക്ഷികൾതൻ ചിത്ത-
കുതുകപ്രകീർത്തിതം
ജയദേവഭണിതമീ
മധുരഗീതം;
ശ്രവണംചെയ്തിടുവോർ-
തൻ ഹൃദയങ്ങളിൽ
സവിലാസം വാണാവൂ
വാസുദേവൻ.
സരസമിതിന്നാരുടെ
ചരണകമലങ്ങളിൽ
ഞാൻ

Digitized By Kerala Sahitya Akademi

പരിചിൽ ഞാനപ്പിപ്പൂ
ഭക്തിപൂർവ്വം;
ഭുവനതലനാഥനാ
ഗോപാലനൊന്നിച്ചു
സവിഹാരം ക്രീഡിപ്പ-
തേതൊരുത്തി;
വനമാലി, വനമാലി—വന-
മാലിയുമായ്, വൃന്ദാ-
വനഭുവിൽ മേളിപ്പവ-
ളേതൊരുത്തി;
അസമശരശരനികര-
വിദലിതഹൃദയയാ-
യനുഭവിപ്പീലവൾ
വിരഹതാപം!

54

കാമോദ്ദീപക, ചന്ദനാനില, ഭവാ-
നെന്നിൽ പ്രസാദിക്കണേ,
വാമതപം ഹൃദി ദക്ഷിണോത്തമ, ഭവാൻ
ദൂരെ ത്യജിക്കേണമേ!
പ്രേമത്തോടൊരു നോക്കു മാധവമുഖം
കാൺമാൻ കൊതിക്കുന്നു ഞാൻ
ഹാ, മൽപ്രാണനെടുത്തിടായ്കതിനുമുൻ-
പയ്യോ, ജഗൽപ്രാണ, നീ!

55

ആർതൻ വേർപാടിലാളീപരിചരണമഹോ,
ദുസ്സഹം, ശീതവാതം
ചേതസ്സിന്നഗ്നിതുല്യം, വരശിശിരകരൻ
കാളകാകോളകല്പൻ;

Digitized By Kerala Sahitya Akademi

ഏതും കാരുണ്യമില്ലാതമരുമവനിലെൻ
        ഹൃത്തു താനേ ചരിപ്പൂ
ചേതോദുർവൃത്തി നോക്കൂ, സഖി, തരുണികൾതൻ
        വാമകാമം സ്വതന്ത്രം!

56

മലയാനില, മടിയെന്തലമഴലേകിടുകയി, മേ
മലർസായക, മരണം മമ തരസാ തരികിനി നീ
നിലയം പ്രതി കുതുകം പ്രതിഗമനത്തിനു നഹി മേ
നിലയറ്റെഴമഴലുററവളടിയട്ടിവൾ മൃതിയിൽ!

57

യമസോദരി, കഷ്ടം, നിൻ-
ക്ഷമയാലെന്തയേ ഫലം?
മമ മേനി,യതിൻ ദാഹ-
ശമനാർത്ഥം നനയ്ക്കു നീ!

58

നീലപ്പട്ടു ശിരസ്സിലും, ലളിതമാം
        പീതാംബരം മാറിലും,
ചേലിൽച്ചേർന്നു ലസിപ്പതാത്മസഖിമാർ
        നോക്കി സ്മിതംതൂകവെ;
കാലത്തൻപൊടു രാധയെ ത്രപവഴി-
        ഞ്ഞിടുന്ന കൺകോണിനാൽ-
ത്താലോലിച്ചുകലെച്ചിരിച്ചു വിലസും
        നന്ദാത്മജൻ കാക്കണം!

Digitized By Kerala Sahitya Akademi

എട്ടാം സർഗ്ഗം

സാകാംക്ഷപുണ്ഡരീകാക്ഷം

59

പൂവമ്പനെയ്ത ശരമേററതിദീനയായി
രാവുന്തിനീക്കിയൊരുമട്ടു കഴി,ച്ചുഷസ്സിൽ,
ആവിർഭവിച്ചു നയമോടു നമിച്ചു നില്ക്കും
ജീവേശനോടിദമസൂയയൊടോതി രാധ:—

ഗീതം പതിനേഴ്

രാവിലശേഷമുറങ്ങാഞ്ഞകാരണം
ഭാവമാന്ദ്യത്താലടഞ്ഞും, കലങ്ങിയും,
കാമോത്സവാസക്തി തിങ്ങിത്തുളുമ്പിയും
കാണുന്നൊരിത്തവ ലോലനേത്രദ്വയം,
വ്യക്താനുരാഗമെന്നോണം ലസിപ്പിതാ-
രക്തമായ്—കൊള്ളാമറിഞ്ഞു ഞാൻ സർവ്വവും!
പോവുക മാധവ, പോവുക കേശവ,
പോരു,മെന്നോടിനിച്ചൊല്ലേണ്ട കൈതവം!
താവകതാപം ഹരിപ്പതേതോമലാൾ
താമസിയ്ക്കേ,ണ്ടങ്ങുതന്നെ ചെല്ലു ഭവാൻ!

2

അഞ്ജനലേപനരഞ്ജിതചഞ്ചല-
മഞ്ജുളലോചനചുംബനംകാരണം,
താവിയ നീലിമ മായാതെ മിന്നുമി-
ത്താവകശോണോജ്ജ്വലാധരപല്ലവം,
നൂനം, ഹരേ, കൃഷ്ണ, സുന്ദരമാം തവ
മേനിയ്ക്കനുരൂപമായിരിപ്പൂ തുലോം!

Digitized By Kerala Sahitya Akademi

പോവുക മാധവ, പോവുക കേശവ,
പോരു,മെന്നോടിനിച്ചൊല്ലേണ്ട കൈതവം!
താവകതാപം ഹരിപ്പതേതോമലാൾ
താമസിയ്ക്കേ,ണ്ടങ്ങുതന്നെ ചെല്ലൂ ഭവാൻ!

3

മാരാഹവത്തിൽ ഖരനഖാഗ്രങ്ങളാ-
ലാരക്തമായ് മെയ്യിലേററോരീ രേഖകൾ;
ചാരുമരതകരത്നഫലകത്തി-
ലാരചിക്കപ്പെട്ട ഹേമലിപികളിൽ,
എൻനേക്കയച്ച രതിജയലേഖന-
മെന്നപോലിങ്ങിതാ കാണ്മിതെൻമുന്നിൽ ഞാൻ!
പോവുക മാധവ, പോവുക കേശവ,
പോരു,മെന്നോടിനിച്ചൊല്ലേണ്ട കൈതവം!
താവകതാപം ഹരിപ്പതേതോമലാൾ
താമസിയ്ക്കേ,ണ്ടങ്ങുതന്നെ ചെല്ലൂ ഭവാൻ!

4

പാടലപാദാബ്ജലാക്ഷാരസത്തിൻെറ
പാടുകൾ മാറിൽത്തെളിഞ്ഞിയന്നങ്ങനെ,
അന്തസ്ഥമാകും മദനദ്രുമത്തിൻെറ
ചെന്തളിർച്ചാർത്തുപോൽ കാൺമൂ വെളിക്കു ഞാൻ!
പോവുക മാധവ, പോവുക കേശവ,
പോരു,മെന്നോടിനിച്ചൊല്ലേണ്ട കൈതവം!
താവകതാപം ഹരിപ്പതേതോമലാൾ
താമസിയ്ക്കേ,ണ്ടങ്ങുതന്നെ ചെല്ലൂ ഭവാൻ!

5

നൊന്തിടുന്നല്ലോ തവാധരത്തിങ്കലീ
ദന്തക്ഷതങ്ങളെക്കാണുമ്പൊളെൻമനം!

നൈ

Digitized By Kerala Sahitya Akademi

ഇന്നോവരേയ്ക്കുമഭേദ്യമായ് വർത്തിച്ചി-
തെന്നോടുകൂടിയിപ്പൂവൽക്കളേബരം.
അമ്മട്ടിലല്ലിപ്പൊ,ഴാണെന്നുചൊല്ലുന്ന-
തെമ്മട്ടി,ലയ്യോ, ഹതഭാഗ്യതന്നെ ഞാൻ!
പോവുക മാധവ, പോവുക കേശവ,
പോരു,മെന്നോടിനിച്ചൊല്ലേണ്ട കൈതവം!
താവകതാപം ഹരിപ്പതേതോമലാൾ
താമസിയ്ക്കേ,ണ്ടങ്ങുതന്നെ ചെല്ലൂ ഭവാൻ!

6

ചിദ്രൂപ, ഹേ, കൃഷ്ണ, മെയ്യിനെപ്പോൽത്തവ-
ചിത്തവും ശ്യാമമായ്ത്തീർന്നിരിക്കും ദൃഢം.
മല്ലീശരാർത്തയാം വല്ലഭയെപ്പോലു-
മല്ലെങ്കിലെമ്മട്ടു വഞ്ചിപ്പു ഹാ, ഭവാൻ?
പോവുക മാധവ, പോവുക കേശവ,
പോരു,മെന്നോടിനിച്ചൊല്ലേണ്ട കൈതവം!
താവകതാപം ഹരിപ്പതേതോമലാൾ
താമസിയ്ക്കേ,ണ്ടങ്ങുതന്നെ ചെല്ലൂ ഭവാൻ!

7

കില്ലില്ലെനി,യ്ക്കുഹോ, മല്ലാക്ഷിമാർകളെ-
ക്കൊല്ലുവാനാണീ വനത്തിൽ ചരിപ്പു നീ.
അല്ലമൊന്നോർത്താലതിങ്കലശേഷമി-
ന്നത്ഭുതമില്ല, വധൂവധനിർദ്ദയ!
ഈ ലോകമൊട്ടുക്കു പൂതനോദന്തമ-
ബ്ബാലചരിത്രം പ്രകീർത്തിപ്പതില്ലയോ!
പോവുക മാധവ, പോവുക കേശവ,
പോരു,മെന്നോടിനിച്ചൊല്ലേണ്ട കൈതവം!
താവകതാപം ഹരിപ്പതേതോമലാൾ
താമസിയ്ക്കേ,ണ്ടങ്ങുതന്നെ ചെല്ലൂ ഭവാൻ!

Digitized By Kerala Sahitya Akademi

8

ഹാ, രതിവഞ്ചിതഖണ്ഡിതതന്വിതൻ
ദാരുണരോദനധാരാഭരിതമായ്,
ശ്രീജയദേവഭണിതമായ്, ദുഷ്പ്രാപ-
തേജോമയമായ് സുധാമധുരാഢ്യമായ്,
ദിവ്യമായുള്ളൊരിഗ്ഗീതം ശ്രവിക്കുവിൻ,
ഭവ്യമുൾച്ചേർത്തും, വടിപ്പിൻ വിബുധരേ!
ഏതു ദേവൻെറ തൃപ്പാദാബ്ജപൂജയി-
ഗ്ഗീത,മാ നന്ദാത്മജൻ, മധുസൂദനൻ,
വിദ്വജ്ജനങ്ങളേ, നിങ്ങൾക്കു സൗഭാഗ്യ-
വിസ്തൃതിയേകട്ടെ, വിശ്വാധിനായകൻ!

60

അന്യസ്ത്രീപാദലാക്ഷാരുണരുചി വെളിവാം
ചിത്തരാഗത്തിനൊപ്പം
മിന്നും വക്ഷസ്സിതേവം മമ മിഴിയിണതൻ
മുന്നിലാലക്ഷ്യമാകെ,
എന്നാത്മപ്രേമഭംഗസ്മൃതിയിലുയരുമി-
ക്ഷുബ്ധലജ്ജാഭരത്താ-
ലിന്നയ്യോ, നിൻവിയോഗവ്യഥയിലധികമി-
ദ്ദർശനം ദുസ്സഹം മേ!

61

വിണ്ണിൽദ്ദേവർഷിവൃന്ദം ലയമൊടു തലയാ-
ട്ടീടവേ, കല്പവൃക്ഷം
ചിന്നി, സ്വച്ഛാരനാരീകുലമലസതയാ-
റാഗമിച്ചാസ്വദിക്കെ;
വിണ്ണോർക്കദ്ദൈത്യപീഡാതപമകതളരിൽ-
പ്പൂർണ്ണമായ്ക്കെട്ടടങ്ങും-
വണ്ണം കംസാരിതൂകും മധുരമുരളികാ-
ഗീതി മാംഗ്യം തരട്ടേ!

Digitized By Kerala Sahitya Akademi

ഒൻപതാം സർഗ്ഗം

അമന്ദഗോവിന്ദം

62

മല്ലീശരോന്മഥിതയായ്, രതിഭഞ്ജനത്താ-
ലുല്ലാസമററു കലഹാന്തരിതാർദ്ദ്രയായി,
കല്യാണകൃഷ്ണചരിതങ്ങൾ നിനച്ചു വാഴും
മല്ലാക്ഷിയോടു സഖിയോതി രഹസ്സിലേവം:—

ഗീതം പതിനെട്ട്

മഞ്ജുവാസന്തികാഭയിൽ മുങ്ങി
മന്ദമാരുതൻ വീശുമീ രാവിൽ,
അച്യുതനൊത്തു മേളിപ്പതേക്കാ-
ളിജ്ജഗത്തിലെന്തുണ്ടൊരു ഭാഗ്യം!
മാധവൻ, മലർമങ്കതൻ കാന്തൻ,
മാനിനീ, തവാത്മാപ്പ്തിതസ്വാന്തൻ,
അന്തികത്തിലണഞ്ഞിടുംനേരം
ഹന്തയെന്തിനീ നീരസഭാരം?

2

നല്ക്കൂരിമ്പനതന്നിളന്നീരി-
നൊക്കുമോമൽസ്തനകലശങ്ങൾ,
സുന്ദരങ്ങൾ, സരസങ്ങൾ, നീയി-
നെന്തിനയ്യോ, വിഫലീകരിപ്പൂ?
മാധവൻ, മലർമങ്കതൻ കാന്തൻ,
മാനിനീ, തവാത്മാപ്പ്തിതസ്വാന്തൻ,
അന്തികത്തിലണഞ്ഞിടുംനേരം
ഹന്ത,യെന്തിനീ നീരസഭാരം?

തന്ന

Digitized By Kerala Sahitya Akademi

3

അത്ഭുതോജ്ജ്വലവിഗ്രഹനാക-
മച്യുതനെ ത്യജിച്ചിടായ്കെന്നായ്,
അത്രമേൽക്കേണ ഞാനെത്രവട്ടം
അർത്ഥനചെയ്തു നിന്നോടു, കഷ്ടം!
മാധവൻ, മലർമങ്കതൻ കാന്തൻ
മാനിനീ, തവാത്മാർപ്പിതസ്വാന്തൻ,
അന്തികത്തിലണഞ്ഞിടുംനേരം
ഹന്ത,യെന്തിനീ നീരസഭാരം?

4

എന്തിനീ ദുഃഖ,മെന്തിനീ ബാഷ്പ-
മെന്തിനീദ്ദശവിഹ്വലഭാവം?
അക്കലാലോലഗോപികാസംഘ-
മൊക്കെ നിന്നെപ്പരിഹസിക്കില്ലേ?
മാധവൻ, മലർമങ്കതൻ കാന്തൻ,
മാനിനീ, തവാത്മാർപ്പിതസ്വാന്തൻ,
അന്തികത്തിലണഞ്ഞിടുംനേരം
ഹന്ത,യെന്തിനീ നീരസഭാരം?

5

ശീതളമായ്, പരിമൃദുവാമ-
ശ്വേതപത്മദളാസ്തരംതന്നിൽ,
അമ്മഴമുകിൽവണ്ണനെ നോക്കു!
നിൻമിഴികൾ സഫലീകരിക്കു!
മാധവൻ, മലർമങ്കതൻ കാന്തൻ
മാനിനീ, തവാത്മാർപ്പിതസ്വാന്തൻ,
അന്തികത്തിലണഞ്ഞിടുംനേരം
ഹന്ത,യെന്തിനീ നീരസഭാരം?

Digitized By Kerala Sahitya Akademi

6

അന്തരംഗത്തിലുൽക്കടശോക-
മെന്തിനായ് നീ ജനിപ്പിപ്പതേവം?
കുത്സിതോദിതമാണീ വിയോഗം
മത്സഖി, കേൾക്കകെൻമൊഴി വേഗം!
മാധവൻ, മലർമങ്കതൻ കാന്തൻ,
മാനിനീ, തവാത്മാപ്പ്തിതസ്വാന്തൻ,
അന്തികത്തിലണഞ്ഞിടുംനേരം
ഹന്ത,യെന്തിനീ നീരസഭാരം?

7

വന്നിടും മധുസൂദനൻ വീണ്ടും
ചൊന്നിടും മധുരോക്തികൾ വീണ്ടും.
എന്തിനു പിന്നെയീവിധം, കഷ്ടം,
സന്തപിപ്പിപ്പു നിൻമൃദുചിത്തം?
മാധവൻ, മലർമങ്കതൻ കാന്തൻ
മാനിനീ, തവാത്മാപ്പ്തിതസ്വാന്തൻ,
അന്തികത്തിലണഞ്ഞിടുംനേരം
ഹന്ത,യെന്തിനീ നീരസഭാരം?

8

ശ്രീയുതം, ജയദേവഭണിതം,
മായാഗോപമഹിതചരിതം;
ഹാ, ലളിതമിതേകാവു മോദം
ശ്രീലചിത്തർ നിങ്ങൾക്ക സതതം!
ഏതു ദേവൻെറ തൃപ്പദം, വൃതം,
ജാതമോദം സ്തുതിപ്പതിഗ്ഗീതം,
ഹന്ത,യദ്ദേവനെത്തിടുംനേരം
എന്തി,നെന്തിനീ നീരസഭാരം?

൯൨

Digitized By Kerala Sahitya Akademi

63

പ്രേയാനോട്ട ചൊടിച്ച കാലിണ പിടി-
ച്ചിട്ടും കുലുങ്ങീ,ലഹോ,
നീയീഷ്യാകുലയായി നിന്നു, നിതരാം
വൈമുഖ്യവും കാട്ടി നീ;
ഹാ, യുക്തം തവ ചന്ദനം കടുവിഷം,
നീഹാരപൂരം കൊടും
തീ,യോമൽശ്ശിശിരാംശു ചണ്ഡതപനൻ
ക്രീഡോത്സവം പീഡയും!

64

സാനന്ദേന്ദ്രാദിവൃന്ദാരകഗണമകുട-
സ്ഥേന്ദ്രനീലോപലത്താ,-
ലാനമ്രാപീഡരാകെ,ക്കുവലയകലികാ-
വീഥി മേളിച്ചു മിന്നി,
തേനേററം വാന്നു നീരം പെരുകിയൊഴുകിടും
ഗംഗപോലുല്ലസിക്കും
ശ്രീനാഥൻതൻ പദാബ്ജം, കലുഷമകലുവാൻ
സാദരം കൂപ്പിടുന്നേൻ!

Digitized By Kerala Sahitya Akademi

പത്താം സർഗ്ഗം

ചതുരചതുർഭുജം

65

മാലുൾത്തിങ്ങി,ക്കൊടിയ നെടുവീർപ്പാൽ
മുഖം വാടി, മന്ദാ-
ക്ഷാലസ്യത്താൽ കടമിഴികളാ-
ലാളിതൻ നേരെ നോക്കി,
ചേലിൽ,ക്കോപപ്രചുരിമ ശമി,ച്ചാർദ്ര-
യായുല്ലസിക്കും
നീലാപാംഗിക്കരികി,ലലിവാ-
ർന്നച്യുതൻ ചെന്നിതോതി:—

ഗീതം പത്തൊൻപത്

വല്ലതും കനിഞ്ഞല്പം
ചൊല്ലുക നീയിന്നൊന്നു
വല്ലഭേ,—നിൻദന്തത്തിൻ
ചില്ലൊളിനിലാവിനാൽ;
ചേതസ്സിലെനിക്കതി-
ഘോരമായ് മുററിച്ചേരും
ഭീതിയാമിരുട്ടിനി-
യല്പമൊന്നകലട്ടെ!
നിൻമുഖവിധുബിംബം
കമ്രാധരത്തിൽത്തഞ്ചും
രമ്യമാ,മാ മൈരേയ-
മദിരാപാനത്തിന്നായ്;

Digitized By Kerala Sahitya Akademi

മദപിലോചനങ്ങളാ-
        മുദപിഗനചകോരങ്ങൾ-
ക്കദ്രസമിടയാക്കാ-
        നത്രമേൽക്കൊതിപ്പൂ ഞാൻ!
മൽപ്രിയേ, ശുഭശീലേ,
        മൃദുമാനസനാകും
തപൽപ്രിയനെന്നോടേവ-
        മരുതേ വൃഥാ കോപം!
മദനാനലൻ മമ
        മാനസം ദഹിപ്പിപ്പൂ
സദയം നൽകു തവാ-
        സ്യാംബുജമധുപാനം!

2

അത്യന്തം സുദതി നീ
        കോപിപ്പിതെന്നി,ലതു
സത്യമാണെങ്കി,ലെന്നെ-
        ശ്ശിക്ഷിക്കു യഥേച്ഛം നീ!
ചടുലാപാംഗാസ്ത്രങ്ങൾ
        മേല്ക്കുമേലെയ്തെയ്തിന്നെ-
ന്നുടലും മനസ്സും നീ
        നിർദ്ദയം ഭേദിച്ചോളൂ!
ബന്ധനംചെയ്കു ഭുജ-
        ദണ്ഡത്താൽ, ദന്തങ്ങളാൽ
സന്ധിബന്ധങ്ങൾ മമ
        ഖണ്ഡനംചെയ്കു, നാഥേ!
എന്തെല്ലാമെന്നെച്ചെയ്താൽ
        സന്തോഷം ലഭിക്കും നി-
ന്നന്തരംഗത്തി,നവ
        സർവ്വവുമെന്നെച്ചെയ്ക!

വൃഥ

Digitized By Kerala Sahitya Akademi

മൽപ്രിയേ, ശുഭശീലേ,
മുഗ്ദ്ധമാനസനാകും
തവൽപ്രിയനെന്നോടേവ-
മരുതേ വൃഥാ കോപം!
മദനാനലൻ മമ
മാനസം ദഹിപ്പിപ്പൂ
സദയം നൽകു തവാ-
സ്യാംബുജമധുപാനം!

3

നീ മമ മനോഹര-
ഭൂഷണം, മജ്ജീവനം,
മാമകഭവോദധി-
രത്നം നീ, മമ നാഥേ!
മന്നിൽ നീയെനിക്കനു-
കൂലയായ് വർത്തിക്കുവാൻ
മന്മനമാത്മാർത്ഥമായ്
സതതം പ്രാർത്ഥിക്കുന്നു.
മൽപ്രിയേ, ശുഭശീലേ,
മുഗ്ദ്ധമാനസനാകും
തവൽപ്രിയനെന്നോടേവ-
മരുതേ വൃഥാ കോപം!
മദനാനലൻ മമ
മാനസം ദഹിപ്പിപ്പൂ
സദയം നൽകു തവാ-
സ്യാംബുജമധുപാനം!

വൃദ്ധ

Digitized By Kerala Sahitya Akademi

4

തന്വി, നിൻനേത്രം കരി-
ക്കുവളപ്പൂപോലെയാ-
ണെന്നാലും രക്തോല്പല-
ശോഭയിന്നുൾക്കൊള്ളുന്നു.
രഞ്ജിപ്പിക്കുവാനാണി-
ക്കൃഷ്ണനെയെന്നാ,ലത-
ക്കഞ്ജബാണാസ്ത്രങ്ങളാ-
ലാരക്തമാക്കു, കൊള്ളാം!
മൽപ്രിയേ, ശുഭശീലേ,
മുഗ്ദ്ധമാനസനാകും
ത്വൽപ്രിയനെന്നോടേവ-
മരുതേ വൃഥാ കോപം!
മദനാനലൻ മമ
മാനസം ദഹിപ്പിപ്പൂ
സദയം നൽകൂ തവാ-
സ്യാംബുജമധുപാനം!

5

മഞ്ജുളമാം നിൻകുച-
കുംഭത്തിൻമേലേ, മണി-
മഞ്ജരി മിന്നിച്ചേർന്നാ
മാറിടം ശോഭിക്കട്ടേ!
മന്മഥനിദേശം, ഹാ,
ഘോഷിച്ചാ ജഘനശ്രീ-
മണ്ഡലം രശനയാ-
ലങ്കിതമായീടട്ടേ!
മൽപ്രിയേ, ശുഭശീലേ,
മുഗ്ദ്ധമാനസനാകും

വന്ന

Digitized By Kerala Sahitya Akademi

തല്പ്രിയനെന്നോടേവ-
മരുതേ വൃഥാ കോപം!
മദനാനലൻ മമ
മാനസം ദഹിപ്പിപ്പൂ
സദയം നൽകൂ തവാ-
സ്യാംബുജമധുപാനം!

6

ഉജ്ജ്വലസ്ഥലപത്മ-
കാന്തിഭഞ്ജകമായി-
ട്ടുത്തമേ മമ മനോ-
രംഗരഞ്ജകമായി;
ഉല്ലസന്നരതിരംഗ-
പരഭാഗശ്രീയോലും
തല്പദങ്ങളിൽച്ചേലാ-
ർന്നീയലക്തകദ്രവം;
സരസം സമ്മോഹന-
മായ്, സ്വയമണിയിക്കാൻ
സദയമെനിക്കു നീ
സമ്മതം തരൂ, ദേവി!
മൽപ്രിയേ, ശുഭശീലേ,
മുദ്ധമാനസനാകും
തല്പ്രിയനെന്നോടേവ-
മരുതേ വൃഥാ കോപം!
മദനാനലൻ മമ
മാനസം ദഹിപ്പിപ്പൂ
സദയം നൽകൂ തവാ-
സ്യാംബുജമധുപാനം!

Digitized By Kerala Sahitya Akademi

7

കാമകാകോളം നശി-
ച്ചിച്ചിടുമുദാരമാം
കാലടിത്തളിരുകൾ
മന്ദമെൻ ശിരസ്സിങ്കൽ;
വിന്യസിച്ചലങ്കരി-
ച്ചീടുക, മാരവ്യഥാ-
വഹ്നിമേന്മേലിന്നെന്നി-
ലെരിയുന്നല്ലോ, നാഥേ!
ഉഗ്രമായ്പ്പേർത്തും പേർത്തു-
മുയരും തജ്ജ്വാലക-
ളുദ്രസം തവ പാദ-
പല്ലവം കെടുത്തട്ടേ!
മൽപ്രിയേ, ശുഭശീലേ,
മുഗ്ദ്ധമാനസനാകും
തൽപ്രിയനെന്നോടേവ-
മരുതേ വൃഥാ കോപം!
മദനാനലൻ മമ
മാനസം ദഹിപ്പിപ്പൂ
സദയം നൽകൂ തവാ-
സ്യാംബുജമധുപാനം!

8

രാധയോ,ടതിപ്രിയ-
കരമായ്, സരസമായ്,
മാധവൻ മൊഴിഞ്ഞൊരാ-
ച്ചാരുവാം ചാട്ടുക്തികൾ;
ജയിപ്പൂ, പത്മാവതീ-
കാന്തനായ് ലസിക്കുന്ന

Digitized By Kerala Sahitya Akademi

ജയദേവനിൽനിന്നു
ഗീതികാത്രൂപം നേടി!
ഏതു ദേവൻതൻ പാദ-
പത്മപൂജയിദ്ദേവ-
ഗീത,യാ മുരവൈരി
രാധയോടരുൾചെയ്കുന്നു:—
"മൽപ്രിയേ, ശുഭശീലേ,
മുഗ്ദ്ധമാനസനാകും
ത്വൽപ്രിയനെന്നോടേവ-
മരുതേ വൃഥാ കോപം!
മദനാനലൻ മമ
മാനസം ദഹിപ്പിപ്പൂ
സദയം നൽകു തവാ-
സ്യാംബുജമധുപാനം!"

66

പീനശ്രീജഘനസ്തനാകലിത നീ-
യെൻതല്പഹൃത്തിൽ, സദാ
സാനന്ദം കുടികൊൾകയാലതനുവ-
ല്ലാതന്യരിന്നാരുമേ,
നൂനം, വന്നണപീ,ലതിങ്കലിടമി-
ല്ലാക്കും, വൃഥാ ശങ്കിയായ്-
ക്കനം വിട്ടനുപാദമേകുകയി, നിൻ-
വാർകൊങ്ക പുല്കീടുവാൻ!

67

കളമൊഴി, വൃഥാ മൗനംമൂലം
തപിപ്പിതു മന്മനം
മിളിതമധുരാലാപം താപം
ഹരിക്കു മിഴികളാൽ;

Digitized By Kerala Sahitya Akademi

കളക വിധുരീഭാവം, കോപാൽ
ത്യജിക്കരുതെന്നെ നീ
തെളിവൊടനുരക്തൻ ഞാൻ മുഗ്ദ്ധേ,
നമിപ്പൂ തവ പദം!

68

ദന്തോഗ്രക്ഷതമേകി, ദോർല്ലതകളാൽ-
ബ്ബന്ധി,ച്ചയേ, കോപനേ,
പന്തോടേററിടത്തുന്ന പോർമുലകളാൽ
മർദ്ദിച്ചുകൊൾകെന്നെ നീ;
സന്തോഷിച്ചിടുകേവ,മില്ലതിലെനി-
ക്കപ്രീതി;— ചണ്ഡാളന-
ച്ചെന്താരമ്പനു, ചെമ്പകാംഗി,യിരയായ്-
ത്തീരാതിരിക്കട്ടെ ഞാൻ!

69

ചേലഞ്ചും ചെമ്പരത്തിക്കളിർമലരൊളിയാ-
ളുന്ന ചുണ്ടു,ല്ലലശ്രീ
കോലും കണ്ണാ, മധൂകച്ഛവി കലിതരസം
കാന്തി ചിന്തും കപോലം;
ലോലതാം ചേർന്നൊരോമൽത്തിലസുമസമമാം
നാസ, നിന്നാസ്യദാസ്യ-
ത്താലേവം വെൽവൂ, കുന്ദോജ്ജ്വലസുദതിമണേ,
വിശ്വമപ്പുഷ്പബാണൻ!

70

മദാലസവിലോചനം, വദനമിന്ദുമത്യനുിതം,
മനോരമഗതിക്രമം, വിജിതരംഭമൂരുദ്വയം;
മനോരതികലാവതീ, ഭ്രുകുടിചിത്രലേഖാ, ശുഭേ,
മഹദ്വിബുധയൗവനം ഭവതി പൂൺമൂ, പൃഥ്വീഗതേ!

Digitized By Kerala Sahitya Akademi

71

തവ കടുചടുലപുഷ്ഠ്, താരകേശോജ്ജ്വലാസ്യേ,
തരുണഹൃദി വിമോഹം ചേർത്തിടും കാളസർപ്പം;
തരളിതഗരളത്തിന്നൗഷധം, ചുണ്ടിലേവം
തടവുമമൃതമൊന്നേ മന്നിതിൽ ഭാഗ്യഭോഗ്യം!

72

ആ രാധാകുചചിന്തയാലുടൽ വിയ-
ർത്തേകക്ഷണം കണ്ണട-
ച്ചാരാൽത്തെല്ലിട മേവുമാറിയലുമ-
ത്യുത്തുംഗകുംഭത്തൊടേ,
നേരിട്ടീടിനൊരാ മഹാ'കുവലയാ-
പീഡ'ത്തെ, മർദ്ദിച്ച കൊ-
ന്നോരക്കംസബലാന്തകൻ, ഹരി, സദാ
നിങ്ങൾക്കു നല്കും ശുഭം!

Digitized By Kerala Sahitya Akademi

പതിനൊന്നാം സർഗ്ഗം

സാനന്ദഗോവിന്ദം

73

ഏണാക്ഷീമണിയെച്ചിരം മധുമയ-
പ്രേമാർദ്രസാമോക്തിയാൽ
പ്രീണിപ്പിച്ചു, വിലാസി, കേളിശയനം
പ്രാപിക്കവേ കേശവൻ;
കാണാനേറെ ഞെരുങ്ങുമാറിരുൾ ചൊരി-
ഞ്ഞെത്തീടവേ സന്ധ്യ, തൻ-
പ്രാണസ്വാമിനി രാധയോടു സഖി ചെ-
ന്നേവം കഥിച്ചീടിനാൾ:—

ഗീതം ഇരുപതു്

മധുരമൊഴി, മടിയരുതേ, മമ സഖി, നീ രാധേ,
മധുമഥനനോടനുഭജനമാചരിക്കു, മുഗ്ദ്ധേ!

ചകിതനായിച്ചാരെയെത്തി-
ച്ചാടുവാക്കുകൾ തൂകി-
ച്ചരണയുഗം ശരണമെന്നായ്
പ്രണമനവുമേകി;
വഞ്ജുളലതാകുഞ്ജകത്തിൽ
മഞ്ജുകേളീതല്പം
സഞ്ചയിച്ചു, നെഞ്ചിടിപ്പു
തഞ്ചുമാറനല്പം;

വൻ

Digitized By Kerala Sahitya Akademi

അനുഗതനായ് തവ രമണൻ
കാത്തിരിപ്പൂ കാലേ
അനുചിതമാണിനി വിളംബമി-
തറിയുക നീ, ബാലേ!
മധുരമൊഴി, മടിയരുതേ, മമ സഖി, നീ, രാധേ,
മധുമഥനനോടനുഭജനമാചരിക്കു, മുഗ്ദ്ധേ!

2

ഘനജഘനസ്തനകലശ-
ഭാരഭരേ, ബാലേ,
കനകകോമളമണിമയോജ്ജ്വല-
നൂപുരങ്ങളാലേ;
ലലിയലകളിളകി, ബന്ധുര-
മന്ഥരഗതിയാലേ
കലിതകൗതുകം പ്രിയനികുഞ്ജകം
പൂകുക നീ ചാലേ!
മധുരമൊഴി, മടിയരുതേ, മമ സഖി, നീ, രാധേ,
മധുമഥനനോടനുഭജനമാചരിക്കു, മുഗ്ദ്ധേ!

3

ശൃണു സഖി നീ,കുതുകദമായ്
മധുകരകലാപം
മനസി മോഹം തരുണിമാർക്കേകി-
പ്പെയ്തിടുമാലാപം!
കുസുമസായക ചരണസേവക-
മുദിതകോകിലജാലം
കുതുകദായകമധുരകാകളി
ചൊരിയുമൊരിക്കാലം;
മധുരമൊഴി, മടിയരുതേ, മമ സഖി, നീ, രാധേ,
മധുമഥനനോടനുഭജനമാചരിക്കു, മുഗ്ദ്ധേ!

Digitized By Kerala Sahitya Akademi

4

അനിലചഞ്ചലമൃദുലപല്ലവ-
ലളിതപാണികളാലേ
അരുത്, താമസമരുതെന്നായ്സ്സ്വയ-
മരുളിടുന്നതുപോലേ;
വനലതാവലി വെമ്പി നല്പൂ
വടിവൊടീരണമേകി
വനജലോചനേ, വരിക, നേരം
വളരെയയ്യോ, വൈകി!

മധുരമൊഴി, മടിയരുതേ, മമ സഖി, നീ, രാധേ,
മധുമഥനനോടനുഭജനമാചരിക്കു, മുഗ്ദ്ധേ!

5

വിമലജലധാരപോലീ
വിചലമണിഹാരം
വിലസിടുമിക്കുചകലശ-
മിളകിടുന്നു പാരം;
ഹരിമൃദുകരപരിരംഭാമൃത-
പുളകസൂചന ചാർത്തി-
പ്പരിലസിപ്പൂ കാമവീചീ-
വീഥികളിൽത്തത്തി!
ശകുനമിതു പിശുനം വാമ-
സ്തനചലനം, നൂനം,
ശരി,യതിനോടരിക ചോദി-
ച്ചരുതിനിയഭിമാനം.

മധുരമൊഴി, മടിയരുതേ, മമ സഖി, നീ, രാധേ,
മധുമഥനനോടനുഭജനമാചരിക്കു, മുഗ്ദ്ധേ!

Digitized By Kerala Sahitya Akademi

തവ സഖികൾ സകലരുമി-
    ക്കാര്യമിന്നറിഞ്ഞു
തവ തനുവും രതിസമര-
    സജ്ജമായ്ക്കഴിഞ്ഞു.
അതിരസിതരശനരവ-
    ഡിണ്ഡിമസമേതം
മതി, കുപിതേ, ലജ്ജ, വേഗം
    പൂകുക സങ്കേതം!
മധുരമൊഴി, മടിയരുതേ, മമ സഖി, നീ, രാധേ,
മധുമഥനനോടനുഭജനമാചരിക്കു, മുഗ്ദ്ധേ!

7

സ്മരശരസമനഖരുചിരമാം
    കരമൊരാളിതൻ തോളിൽ
പരിചിൽച്ചേർത്തു, നിൻകനകകങ്കണ-
    സ്വനമിളകവേ, ചേലിൽ;
ഗമനംചെയ്ക നീ സസുഖമങ്ങനെ—
    തവ സുഖഗതിശീലം
കമനി, നിൻപ്രിയനറിവു നല്കട്ടെ
    ശിഥിലശിഞ്ജിതജാലം!
മധുരമൊഴി, മടിയരുതേ, മമ സഖി, നീ, രാധേ,
മധുമഥനനോടനുഭജനമാചരിക്കു, മുഗ്ദ്ധേ!

8

മുഗ്ദ്ധമോഹനമായി മിന്നിടും
    മുത്തുമാലകൾപോലും
മുക്തമായിത്തീർന്നിടുമാ-
    റത്ര കാന്തി കോലും;

Digitized By Kerala Sahitya Akademi

വസ്തുഭ്രഷാദ്യഭ്യഞ്ജപദശ്രീ-
ഭഞ്ജനാസമാനാം
സദ്രസമനസ്സുളമായ്-
നിസ്സുളിക്കമിസ്സാനാം;
ഹരിപദയുഗനളിനാസേവനാ-
നിരതർതൻ ഗളംതന്നിൽ
പരിലസിക്കട്ടേ പരമനിർവൃതി
പകന്നു നിത്യവും മന്നിൽ!
ശ്രീജയദേവൻ ഭജിപ്പ-
തേതു ദേവപാദം
ഹാ, ജവ,മക്കേശവനോ-
ടങ്കരിതമോദം;
മധുരമൊഴി, മടിയരുതേ, മതിമുഖി, നീ രാധേ,
മധുമഥനനോടനുഭജനമാചരിക്കു, മുഗ്ദ്ധേ!

74

കാണും വന്നൊന്നൊ.യോതും സ്മരകഥയവൾ,
പ്രത്യംഗമാശ്ലേഷമേകി-
പ്രീണിപ്പിക്കും, രമിക്കും, മനസിയിതുവിധം
ചിന്തയാലാത്തനായി;
പ്രാണേശൻ നോക്കി നിന്നെപ്പുളകിതതനുവായ്
വേപമാളുന്നു, ഹർഷം
പൂണ്ടന്നു മെയ് വിയത്താ സ്ഥിരതിമിരനികു-
ഞ്ജത്തിൽ മൂർച്ഛിച്ചിടുന്നു!

75

കണ്ണിന്നഞ്ജനരേഖ, കാതിൽ നവമാം
താപിഞ്ഛരകം, ശ്യാമമാ-
മബ്ജോജാളി ശിരസ്സിലാ മുലകളിൽ-
കസ്തൂരികാകദ്രമം;

ൻന-

Digitized By Kerala Sahitya Akademi

എന്നീമട്ടണിയിച്ചു, നീലവസന-
ശ്രീ ചേൎന്നു, കുങ്കുമനിറ-
ഞ്ഞൊന്നായ് സൈപരിണ്ണിമാൎക്കു, മത്സഖി, തമ-
സ്സേകുന്നിതാലിംഗനം!

76

പോവുന്നോരഭിസാരലോലുപകളാം
കാശ്മീരഗൗരാംഗിമാർ
താവും കാഞ്ചനകാന്തികന്ദളികളാ-
ലാബദ്ധരേഖാളിയായ്;
മേവും, തിശ്മതമാലപത്രനിരപോ-
ലാനീലമാമിത്തമ-
സ്സേവം തൽപ്രിയരാഗഹേമനികഷ-
സ്ഥാനം വഹിപ്പൂ, സഖി!

77

ഹാരങ്ങൾ, കാഞ്ചി, മണിനൂപുരകങ്കണങ്ങ-
ളാരമ്യദീപ്തരുചി ചേൎത്ത ലതാഗൃഹത്തിൽ,
ആരാലണഞ്ഞു, ഹരിദശ്നജാതലജ്ജാ-
ഭാരാവനമ്രമുഖി രാധയൊടോതി തോഴി:—

ഗീതം ഇരുപത്തിയൊന്ന്

രതിരസരഭസജഹസിതേ, രാധേ,
രമിക്കുക ചെന്നു നീ ഹരിസവിധേ!
മലർവല്ലിക്കുടിലിൽ നീ കടന്നു ചെല്ലു
മദനോത്സവങ്ങളിൽപ്പങ്കുകൊള്ളൂ!
൯൮

Digitized By Kerala Sahitya Akademi

3

കുചഹേമമയകുംഭതരളഹാരേ!
കുളിർനവാശോകദളശയനസാരേ,
രമിക്കവാൻ രഹസ്യമായ് ഹരിസവിധേ,
രതിരസഭരിതേ, നീ ചെല്ലു രാധേ!

3

മനസിജഖരശരരഭസഭാവേ!
മധുമത്തമധുകരകലിതരാവേ,
രമിക്കവാൻ രഹസ്യമായ് ഹരിസവിധേ,
മതിരസരസികേ, നീ ചെല്ലു രാധേ!

4

സുമസമസുലളിതമൃദുലദേഹേ!
സുരഭിലസുമദളരചിതഗേഹേ,
രമിക്കവാൻ രഹസ്യമായ് ഹരിസവിധേ,
രതിരസഭരിതേ, നീ ചെല്ലു രാധേ!

5

മദകരരസഭരഗാനലോലേ!
മലയനവാനിലശീതകാലേ,
രമിക്കവാൻ രഹസ്യമായ് ഹരിസവിധേ,
രതിരസരസികേ, നീ ചെല്ലു രാധേ!

6

വിലസിതപീനസ്തനഘനജഘനേ!
വിതതലതാശതപത്രഘനേ,
രമിക്കവാൻ രഹസ്യമായ് ഹരിസവിധേ,
രതിരസഭരിതേ, നീ ചെല്ലു രാധേ!

Digitized By Kerala Sahitya Akademi

7

സിതരദസ്മിതരുചിജിതശിഖരേ!
ശതശതപരഭൃതസ്വരമുഖരേ,
രമിക്കുവാൻ രഹസ്യമായ് ഹരിസവിധേ,
രതിരസരസികേ, നീ ചെല്ലു രാധേ!

8

വിഹിതപത്മാവതീസുഖവിഭവൻ,
വിബുധനാം ജയദേവൻ, കവിതിലകൻ,
അടിയറവെപ്പിതിദ്ദിവ്യഗീതം,
അരുളുക മുരഹര, മമ സുകൃതം!
മഹിയിലേതീശൻതൻ ചരണപത്മം
മഹിതമിദ്ഗീതത്തിൻ ശയനസത്മം,
രമിക്കുവാനാ ദിവ്യഹരിസവിധേ,
രതിരസഭരിതേ, നീ ചെല്ലു രാധേ!

78

നിന്നെത്തന്നെ വഹിച്ചു ഹൃത്തി,ലതിയായ്
ക്ഷീണിച്ചു, കന്ദർപ്പനാ-
ലുന്നിദ്രവ്യഥയാണു നിന്നധരപീ-
യൂഷം കൊതിക്കുന്നിവൻ;
ചെന്നൊന്നല്പമിരിക്കുകാ മടിയിൽ, നിൻ-
കണ്ണേറിലാകൃഷ്ടനായ്
നിന്നീടുന്നു നമിച്ചിതാ, സഖി, നിന-
ക്കെന്തിന്നിനിസ്സംഭ്രമം?

79

ഉടനവളതിമോദമാണ്ടു, ചഞ്ചൽ-
ക്കടമിഴിയാൽക്കടൽവർണ്ണനെത്തലോടി,
സ്ഫുടതരമണിനൂപുരാരവശ്രീ
തടവി നടന്നു ലതാഗൃഹത്തിലെത്തി.

ൻന്നു

Digitized By Kerala Sahitya Akademi

ഗീതം ഇരുപത്തിരണ്ട്

രാധാനനശ്രുഭദർശനതരള-
വികാരവിഭംഗിതനായ്
രാകേശോദയദീപ്തതരംഗ-
ജലാശയകല്പകനായ്
സുചിരാത്ഥിതരതിരസതുന്ദി-
ലനായ്, സ്മരശരപരവശനെ
സുന്ദരി കണ്ടാളമിതോന്മദമൊട്ട
വിലസും കേശവനെ!

2

അമലതരോജ്ജ്വലഹാരമുര-
സ്സ്ഥിലൊളിചേർത്തതിനാലേ
സമുദിതബുദ്ബുദനിബിഡിത-
യമുനാജലപ്പൂരംപോലെ;
സുചിരാത്ഥിതരതിരസതുന്ദി-
ലനാം സ്മരശരപരവശനെ
സുന്ദരി കണ്ടാളമിതോന്മദമൊട്ട
വിലസും കേശവനെ!

3

അതിമൃദുഗൗരദുകൂലം ശ്യാമള-
തനുവിലണിഞ്ഞനിശം
വിതതപരാഗസമൂഹസമുജ്ജ്വല-
നീലാംബുജസദൃശം;
സുചിരാത്ഥിതരതിരസതുന്ദി-
ലനാം സ്മരശരപരവശനെ
സുന്ദരി കണ്ടാളമിതോന്മദമൊട്ട
വിലസും കേശവനെ!

൪൭

Digitized By Kerala Sahitya Akademi

4

തരളദൃഗഞ്ചലചലനമനോഹര-
മാകിന നിജവദനം
തരുണീമണിതൻ ഹൃത്തിലനങ്കശ-
രതിചോദനനടനം;
രഞ്ജിപ്പിച്ചക്കഞ്ജോദരഭുവി
സംദീപിതകാമം
ഖഞ്ജനമിഥുനമിണങ്ങും ശാരദ-
ശാന്തതടാകസമം;
സുചിരാർത്ഥിതരതിരസതുന്ദി-
ലനാം സ്മരശരപരവശനെ
സുന്ദരി കണ്ടാളമിതോന്മദമൊടു
വിലസും കേശവനെ!

5

വദനാംബുജപരിസേവിതരവി-
സമകുണ്ഡലമണ്ഡിതനെ
മൃദുഹസിതോജ്ജ്വലിതാധരപല്ലവ-
കൃതരതിചോദനനെ;
സുചിരാർത്ഥിതരതിരസതുന്ദി-
ലനെ, സ്മരശരപരവശനെ
സുന്ദരി കണ്ടാളമിതോന്മദമൊടു
വിലസും കേശവനെ!

6

ശിശിരകരാമലകരനികരാകുല-
ജലധരപടലസമം
ശിരസിജഭാരം വിധൃതവിമോഹന -
വികസിതവിശദസുമം.

ൻവ്വ

Digitized By Kerala Sahitya Akademi

തിമിരോദരമതിൽനിന്നുയരുന്നൊരു
വിധുബിംബംപോലേ
തിരളൊളി കിളരും മലയജതിലകം
ചേർന്നിഹ നിജഫാലേ;
സുചിരാൽസ്ഥിതരതിരസതുന്ദി-
ലനാം സ്മരശരപരവശനെ
സുന്ദരി കണ്ടാളമിതോന്മദമൊടു
വിലസും കേശവനെ!

7

പുളകിതനായ്, രതിലീലാകലകളി-
ലതിധീരതയേന്തി-
ക്കുളിർമെയ് മലരണിമണിഭൂഷണ-
ഗണകിരണശ്രീ ചിന്തി;
സുചിരാൽസ്ഥിതരതിരസതുന്ദി-
ലനാം സ്മരശരപരവശനെ
സുന്ദരി കണ്ടാളമിതോന്മദമൊടു
വിലസും കേശവനെ!

8

ശ്രീജയദേവകവീശ്വരഭണിത-
ദ്വിഗുണീകൃതഭൂഷൻ
രാജിക്കുന്നു രാധാകാമുക-
നങ്കിതപരിവേഷൻ.
ധ്യാനിച്ചീടുക ഹൃത്തിൽ സുചിരം
ഹരിഭക്തന്മാരേ,
ഹാ, നിങ്ങൾക്കു ലഭിക്കും സുകൃതം
പ്രണമിക്കുക നേരേ!

Digitized By Kerala Sahitya Akademi

ഏതൊരു ദേവപദാർച്ചനയിതു മമ
ഭുവി,യബ്ഭഗവാനെ
ശാതോദരി കണ്ടാളുന്മദമൊടു
വിലസും കേശവനെ!

൪൦

കാതോളം ഗമനം നടത്തിയതിനാൽ-
ത്താന്തങ്ങളായ്ത്തീർന്നപോൽ
കാതര്യം കലരുന്നൊരക്കാമിനിതൻ
കാന്താർദ്രനേത്രങ്ങളിൽ,
ജാതാനന്ദമയാശ്രുബിന്ദുനിവഹം
പ്രാണേശനെക്കാൺകവേ
വീതാലസ്യമുദിക്കുമ ശ്രമജലം-
പോലുല്പ്പതിച്ചൂ തദാ!

൪൧

അല്പം പുഞ്ചിരി ചുണ്ടിൽ വന്നതു മറ-
ച്ചീടാൻ നയത്തിൽത്തിരി-
ഞ്ഞപ്പോൾത്തന്നെ മുഖം ചൊറിഞ്ഞു വെളിയിൽ-
പ്പോയീടിനാരാളീമാർ,
തല്പാന്തത്തിലണ,ഞ്ഞനംഗരതിസാ-
ക്ഷുതപ്രിയാസ്യേന്ദു ക-
ണ്ടപ്പോളുൾത്രപയും ത്രപാഭരിതപോൽ-
ക്കൈവിട്ടിതേണാക്ഷിയെ!

൪൨

വാരാളും ജയലക്ഷ്മിതൻ ശ്ലഥിതമാം
മന്ദാരപുഷ്പങ്ങൾപോൽ-
ച്ചോരത്തുള്ളികൾ തത്തി,യുഗ്രസമരോ-
ല്ലാസം വെളിപ്പെട്ടപോൽ,

Digitized By Kerala Sahitya Akademi

പാരം കുങ്കുമമാൎന്നു, ഹാ, കുവലയാ-
 പീഡത്തിനെക്കേവലം
നേരംപോക്കിന്നു, കൊന്നൊരാ ഹരിഭുജ-
 ദണ്ഡം ജയിപ്പൂ ചിരം!

Digitized By Kerala Sahitya Akademi

പന്ത്രണ്ടാം സർഗ്ഗം

സാമോദദാമോദരം

`83

ആളീവൃന്ദമൊഴിഞ്ഞവാ,റലർശർ-
വ്യാധൂതയായ്, മന്ദിത-
വ്രീളാകോമളയായ്, രതിപ്രിയമയ-
സ്മേരാധരാർദ്രാസ്യയായ്,
നീളെപ്പല്ലവപുഷ്പതല്പമഴകിൽ-
പ്പേർത്തും സമീക്ഷിച്ചെഴും
നാളീകാക്ഷിയെ നോക്കിനോക്കിയലസം
മല്ലാരി ചൊല്ലീടിനാൻ.

ഗീതം ഇരുപത്തിമൂന്ന്

തളിർനിരകൾ ചിന്നിയ
കമനീയശയനീയ-
തലമതിൽ കാൽവെയ്ക്കുക
കാമിനി, നീ!
തവപദപല്ലവവൈരി-
യായ് മിന്നുമി-
ത്തളിർമെത്തയിതിയലട്ടേ
താപഭാരം.
അരനിമിഷ,മനുഗതനാം
നാരായണനെത്തെളി-
ഞ്ഞനുഭജിച്ചാലു,മെൻ
രാധികേ, നീ!

Digitized By Kerala Sahitya Akademi

2

വഴിയേറെ നടന്നയ്യോ, വന്ന-
വളല്ലേ! നിൻ-
കഴൽ ഞാൻ കരകമലത്താൽ
തടവാമല്ലോ,
എന്നെപ്പോലനുഗമന-
ശൂരമാം നൂപുരം
മിന്നുമതീ മെത്തതൻ
മീതെ വെയ്ക്കൂ.
അരനിമിഷ,മനുഗതനാം
നാരായണനെത്തെളി-
ഞ്ഞനുഭജിച്ചാലൂ,മെൻ
രാധികേ, നീ!

3

അയി, നിൻകുളുർവദനേന്ദു-
വിൽനിന്നും കിനിഞ്ഞിട-
ട്ടനുകൂലവചനങ്ങ-
ളമൃതുപോലെ.
കളയുവാൻ വിരഹംപോൽ
ദൂരത്തു നിൻകുച-
കലശങ്ങൾ മൂടുമീ-
യംശുകം ഞാൻ.
അരനിമിഷമനുഗതനാം
നാരായണനെത്തെളി-
ഞ്ഞനുഭജിച്ചാലൂ,മെൻ
രാധികേ, നീ!

Digitized By Kerala Sahitya Akademi

4

അളവററുമാമാശ്ലേഷ-
മാനന്ദം തന്നപോൽ-
പ്പുളകങ്ങൾ പൊടിച്ചൊരി-
പ്പോർമുലകൾ;
മടിവിട്ടെൻമാറോടു
ചേർക്കു നീയോമനേ,
മദനാതപമേവം
പരിഹരിക്കു!
അരനിമിഷമനുഗതനാം
നാരായണനെത്തെളി-
ഞ്ഞനുഭജിച്ചാലു,മെൻ
രാധികേ, നീ!

5

തവ രൂപം ധ്യാനിച്ചു
വിരഹാനലസന്ദഗ്ദ്ധ-
തനുവാ,യവിലാസനായ്,
മൃതസമനായ്;
അമരുമിദ്ദാസനെ,യ്ജീവി-
പ്പിച്ചാലും, ത-
ന്നധരസുധാമധുരരസം
ഭാമിനി, നീ!
അരനിമിഷമനുഗതനാം
നാരായണനെത്തെളി-
ഞ്ഞനുഭജിച്ചാലു,മെൻ
രാധികേ, നീ!

ഫാറ

Digitized By Kerala Sahitya Akademi

6

മദഭരിതമധുമധുരമണിത-
രുതമൊപ്പിച്ചു
മതിമുഖി, നീ മണിമേഖല
മുഖരമാക്കു!
പികനാദപീഡിതമെൻ
ശ്രുതിയാളുമവസാദ-
മകലുവാനിടയാക്കിടു-
കാവിധം നീ.
അരനിമിഷമനുഗതനാം
നാരായണനെത്തെളി-
ഞ്ഞനുഭജിച്ചാലു,മെൻ
രാധികേ, നീ!

7

വിഫലമാം കോപത്താൽ
വികലീകൃതനാമെന്നെ
വിരവിൽ നോക്കീടുവാൻ
ലജ്ജ നീങ്ങി,
കലിതരസം വിടരട്ടേ
തവ ലോചനമുകുളങ്ങൾ
കളയുകയേ, രതികദനം
കളമൊഴി, നീ!
അരനിമിഷമനുഗതനാം
നാരായണനെത്തെളി-
ഞ്ഞനുഭജിച്ചാലു,മെൻ
രാധികേ, നീ!

Digitized By Kerala Sahitya Akademi

8

നിരുപമമായനുപദം
മധുരിപുതന്നാമോദം
നിഗദിതമായുള്ളൊരീ
നിരഘഗീതം;
ജയദേവഭണിതമിദം
രസികരിലനവരതം
സ്വയമുളവാക്കീടട്ടേ
രതിവിനോദം.
ഏതു മഹാദേവൻതൻ
മാനസോല്ലാസമീ-
ഗ്ഗീതത്തിൽത്തിങ്ങി-
ത്തുളുമ്പി നില്പൂ.
അരനിമിഷ,മനുഗതനാം
നാരായണനെത്തെളി-
ഞ്ഞനുഭജിച്ചീടുക
രാധികേ, നീ!

84

രോമാഞ്ചം പൂണ്ടുന്നവേളയി,ലപാം-
ഗാമീലനം തീവ്രമാം
കാമോദ്ദീപകവീക്ഷണത്തി,ലധരം
ചുംബിക്കെ നമ്മോക്തിയും;
ആ മാരാഹവവേളയിൽ പ്രതിപദം
പ്രത്യൂഹമായ്—ഭാവുക-
ശ്രീമത്താമവർതൻ നിസർഗ്ഗലളിത-
ക്രീഡയ്ക്കു കൂടീ രസം!

Digitized By Kerala Sahitya Akademi

85

കാമൽക്കൈയിണബന്ധനം, കുചയുഗം
സമ്മർദ്ദനം, പാണിജ-
സ്തോമം ദാരുണദാരണം, രദനമ-
ത്താമ്രാധരത്തിൽ ക്ഷതം
വ്യാമർദ്ദം ജഘനം, കചഗ്രഹണമാ
ഹസ്തം, സുധാർദ്രാധരം
വ്യാമോഹം, പ്രിയനേകി;—കാമഗതി, ഹാ,
വാമം—സുഖിച്ചു ഹരി!

86

കാമൻതൻ കൊടി പാറിടും രതിരണ-
ത്തിങ്കൽ, സ്വയം കാന്തനെ-
സ്സാമർത്ഥ്യത്തൊടു കീഴിലാക്കി, വിജയം
നേടാൻ പണിപ്പെട്ടഹോ,
കാമൽശ്രോണിയനങ്ങിടാ,തയവില-
കൈയ്യൂന്നു മാർത്തട്ടല-
ഞ്ഞാ മൈക്കൺകളടഞ്ഞുപോയ്!—കമനിമാർ-
ക്കൊക്കുന്നതോ വിക്രമം?

87

മാറിൽച്ചേർന്ന നഖക്ഷതം, കലുഷമാം
നേത്രാന്തരം, ചെന്നിറം
വേറിട്ടോരധരം, വികർഷിതസുമ-
വ്യാകീർണ്ണവേണീഭരം;
വേറാംമട്ടയവാർന്ന കാഞ്ചിയിവയാൽ,-
ക്കാമാസ്ത്രമേറെത്തറ-
ഞ്ഞേറിക്കണ്ണിലുഷസ്സി,ലത്ഭുതമഹോ,
കാമാർത്തനായച്യുതൻ!

Digitized By Kerala Sahitya Akademi

88

അല്പാമീലിതലോചനാകലിതയായ്,
സീൽക്കാരശല്യത്തിനാ-
ലസ്പഷ്ടോദിതകാകുവായ്, രദമയൂ-
ഖാഗ്രാധരസ്മേരയായ്;
ഉല്പന്നോന്മദവേപതാന്തതനുവായ്
മേവീടുമേണാക്ഷിത-
ന്നൽഫുല്ലത്രസിതസ്തനോപരി ശയി-
ച്ചാസ്യം സ്വദിപ്പൂ വരൻ.

89

അലങ്കാരേച്ഛയാൽ, പിന്നീ-
ടേവം, സ്വാധീനഭർത്തൃക
രതിശ്രാന്തൻ കാന്തനോടു
മുഗ്ദ്ധ ചൊന്നിതു രാധിക:—

ഗീതം ഇരുപത്തിനാല്

ചന്ദനശിശിരമാം സുന്ദര-
കരങ്ങളാൽ
നന്ദനന്ദന നീയെൻ
മാറിടത്തിൽ,
അംഗജമണിമയമംഗള-
കലശംപോൽ
ഭംഗി തുളുമ്പിടുമി-
ക്കുളുർമുലകൾ,
ചിത്രമായ്, സുരഭിലകസ്തൂരി-
കർദ്ദമത്താൽ
പത്രകമാരചിച്ചൊ-
ന്നണിഞ്ഞൊരുക്കൂ!

Digitized By Kerala Sahitya Akademi

സുന്ദരി രതിരസതുന്ദിലനാകുംയദു-
നന്ദനൻ നന്ദദനോടോതിയേവം!

2

അംഗജശരശതദാരിത-
രതിരണ-
രംഗത്തിൽ,ത്തവാധര-
ചുംബനങ്ങൾ,
കഞ്ജുളമയമാക്കിത്തീർത്തോരീ-
യളികുല-
ഭഞ്ജനമഞ്ജുളമാ-
മഞ്ജനകം,
ഉദ്രസതരളങ്ങളെൻമിഴി-
കളിൽവീണ്ടു-
മുജ്ജ്വലിപ്പിക്കുകൊന്നെൻ
ജീവനാഥ!

സുന്ദരിരതിരസതുന്ദിലനാകും യദു-
നന്ദനൻ നന്ദദനോടോതിയേവം!

3

മല്ലികാമലർശരപാശ-
നികാശതയാ-
ലുല്ലസൽഭ്രൂതിസാര-
പ്രസരം വീശി;
ലോചനശാബലീലാബന്ധക-
മായ് ലസിക്കും
ലോലമാകുമിശ്രുതി-
മണ്ഡലത്തിൽ,

ഫാൻ

Digitized By Kerala Sahitya Akademi

പ്രാണനായക, ഭവാനൊന്നൊട്ട-
 ത്തണിയിച്ചു
ചേണഞ്ചും മണിമയ-
 കുണ്ഡലങ്ങൾ.
സുന്ദരി രതിരസതുന്ദിലനാകും യദു-
നന്ദനൻനന്ദദനോടോതിയേവം.

4

താമസരേഖയൊരു ലേശവും
 താവിടാത്ത
താമരത്താരെതിരാ-
 മെൻ മുഖത്തിൽ,
നമ്മകരമാംമട്ടിൽഭൃംഗജാ-
 ലോജ്ജ്വലമി-
ക്കുറ്റാളകങ്ങൾമാടി-
 യൊതുക്കിവെച്ചു!
സുന്ദരി രതിരസതുന്ദിലനാകും യദു-
നന്ദനൻനന്ദദനോടോതിയേവം!

5

മാനദ,നവനീലനീരദ
 രുചിരമായ്
മാന്മഥജയധ്വജ-
 ചാമരമായ്;
മായൂരമനോഹരപിഞ്ഛികാ-
 വിസൃതമായ്
മാരമാസ്മരലീലാ-
 വിഭ്രമമായ്;

Digitized By Kerala Sahitya Akademi

ലാലസിക്കുമെൻ കുളുർക്കുന്തൽ
　　നീ ചീകിക്കെട്ടി-
ച്ചേലെഴും പൂക്കൾചൂടി-
　　ച്ചലങ്കരിക്കൂ!

സുന്ദരീ രതിരസതുന്ദിലനാകും യദു-
നന്ദനൻ നന്ദജനോടോതിയേവം!

7

അംഗജഗജവരസുന്ദര-
　　കന്ദരമായ്
സംഗതമെൻഘന-
　　ജഘനരംഗം;
കോമളമണിമയഭൂഷണ-
　　മേഖലകൾ,
പൂമൃദുവസനങ്ങ-
　　ളെന്നിവയാൽ,
ഹാ,രതിരസിക, മജ്ജീവ-
　　നായക, ശുഭ-
സാരദായക, നീയൊ-
　　ന്നലങ്കരിക്കൂ!

സുന്ദരി രതിരസതുന്ദിലനാകും യദു-
നന്ദനൻ നന്ദജനോടോതിയേവം!

8

സജ്ജനമണ്ഡനമായ്,സ്സർവ്വേശ-
　　പാദസ്മൃതി-
സജ്ജമായ്,കലിജ്ജ്വര-
　　ഖണ്ഡനമായ്;

Digitized By Kerala Sahitya Akademi

ആരചിച്ചിയലുമിശ്രീജയ-
ദേവഗീതം
സാരജ്ഞർ നുകർന്നിട-
ട്ടാത്തമോദം!
ഏതു ദേവേശപാദപങ്കജ-
പൂജയായി-
പ്പൂതഗീതകസാരം
പരിലസിപ്പൂ,

സുന്ദരി, രതിരസതുന്ദിലനാ,മാ യദു-
നന്ദനൻ നന്ദനോടോതിയേവം!

90

പത്തിക്കീററെഴുതിട്ടുകെൻ മുലകളിൽ,
ചിത്രം കവിൾത്തട്ടിലും;
പുത്തൻ കാഞ്ചനകാഞ്ചിയെന്നരയിലും,
പൂമാല കേശത്തിലും,
മുത്താളും കടകങ്ങൾ കൈകളിലു,മാ
മഞ്ജീരകം കാലിലും,
മുത്താർന്നൊന്നണിയിച്ചു!—സവ്വവുമുടൻ
സാധിച്ചു പീതാംബരൻ!

91

പാലാഴിക്കരയിൽ, സ്വയംവരരസം
പൂണ്ടന്നു നീ നില്ക്കവേ
ബാല്യേ നിന്നെ ലഭിച്ചിടാഞ്ഞു ഗിരിജാ-
നാഥൻ കുടിച്ചു വിഷം.

Digitized By Kerala Sahitya Akademi

ചേലിൽപ്പൂർവ്വകഥാപ്രസംഗമിതിനാ-
ലന്യാപ്തഹൃത്തായ്, കര-
ത്താലേ രാധികതൻകുചങ്ങൾ തഴുകും
ദേവൻ തുണച്ചീടണം!

92

പാദത്തിൽപ്പരിചയ്തുചെയ്തു വിലസും
പൂമങ്കതൻ സൗഭഗം
മോദത്തോടു നുകർന്നിടാൻ ശതശതം
നേത്രങ്ങളാർജ്ജിച്ചപോൽ,
ഭേദംവിട്ടണിശയ്യയാമഹിവരൻ
തൻശീർഷരത്നങ്ങളാ-
ലാദത്തപ്രതിബിംബകോടിയുതനാം
ദേവൻ തരട്ടേ ശുഭം!

93

യാതൊന്നുത്തമകൗശലം കലകളിൽ,
ശ്രീവൈഷ്ണവം ചിന്തനം
യാതൊ,ന്നേതു രതിപ്രധാനരസത-
ത്വാംശം, സുകാവ്യങ്ങളിൽ
യാതൊന്നാത്മവിലാസ്യമായവ സമ-
സ്താംശങ്ങളും ദിവ്യമി-
ശ്രീതാവും ജയദേവഗീതയിൽ മുദാ
കാണാവു വിദ്വജ്ജനം!

94

നാനാതത്വപ്രകാണ്ഡപ്രകൃതനിപുണരാം
ബ്രഹ്മരുദ്രാദികൾക്കും
നൂനം, തിട്ടപ്പെടുത്താനൊരു കഴിവിയലാ-
തിപ്പൊഴും നില്പതേതോ;

Digitized By Kerala Sahitya Akademi

ആ നിത്യബ്രഹ്മ,മെല്ലാററിനുമൊരു ചരടാ-
മാദിമൂലം, തെളിഞ്ഞി-
ഗ്ഗാനത്തിൽക്കണ്ടിതാവൂ വിബുധ,രതു രസ-
ജ്ഞർക്കു നല്ലാവു മോദം!

95

തേനേ, നിൻചിന്തതെററാണറിക, പടുശിലാ-
ഖണ്ഡമെൻ ശക്കരേ നീ,
ഹാ, നിന്നെത്തിന്നുവാനായ് മുതിരുവതിനിയാ-
രാണയേ, മുന്തിരിങ്ങേ?
നൂനം നിജ്ജീവമായ് നീയറിയുകമൃതമേ,
നീരമെൻക്ഷീരമേ നീ,
മാനം പോയീ മരിയ്ക്കൂ മധുമയഫലമേ,
മോചമേ, സത്വരം നീ!

96

പ്രാണപ്രേയസികൾക്കെഴും ചൊടികളേ,
പോരും മദം, ചെന്നിനി-
ത്താണാലും കുഴരത്തി,ലാരുമിനിമേൽ
മാനിച്ചിടാ നിങ്ങളെ!
ചേണാളും ജയദേവഭാരതി ലസി-
ച്ചീടുന്നിതാകല്പമ-
ക്ഷീണം, ഭക്തജനത്തിനേകി വിജയം,
ചിത്തപ്രസാദം, ശുഭം!!....

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi